# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


പുസ്തകം 72
ലക്കം 4
ഏപ്രിൽ 2004
ശഹാദത്ത് 1382
സഫർ - റ. അവ്വൽ 1425



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**അഡീഷണൽ സെക്രട്ടറി പബ്ലിക്കേഷൻ**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


## ഉള്ളടക്കം


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***ഉയിർത്തെഴുന്നേല്പ് : ധൈഷണികവും ദാർശനികവുമായ സമസ്യകൾ***
എം. ആലിക്കോയ

**8** ***ഹസ്റത്ത് അഹ്മദ് (അ): ബ്രിട്ടീഷ് രാജ്ഞിയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ച ദൈവപ്രേഷിതൻ***
മൗലാനാ അബ്ദുറഹ്മാൻ ദർദ് (റ)

**12** ***ഈസ്റ്റർ: ക്രിസ്തുമതം സ്വാംശീകരിച്ച ഒരു അക്രൈസ്തവാഘോഷം***
ഹുസൈൻ എം. സാജിദ്

**18** ***പാപവും പരിഹാരവും***
മുഹമ്മദ് ഉമർ എച്ച്. എ.

**22** ***പാകിസ്താൻ രാഷ്ട്രീയവും പ്രവാചകന്റെ മാതൃകയും***
ഏ. എം. മുഹമ്മദ് സലീം

**27** ***സുലൈമാൻ നബി (അ) കെട്ടുകഥകളുടെ തടവറയിൽ***
ഏ. പി. കുഞ്ഞാമു

**32** ***ദിവ്യാത്മാക്കളെ ഇനി പ്രതീക്ഷിക്കേണ്ടേ?!!***
അബ്ദുറഹ്മാൻ, കൊടിയത്തൂർ

**35** ***ഹസ്റത്ത് മൗലവി ശേർ അലി സാഹിബ് (റ)***
ദിൽദാർ അഹ്മദ്, കനഡ

**39** ***ഒരു സൃഷ്ടിയുടെ പശ്ചാത്തലവും കർമ്മനിരതനായ പത്രാധിപരും***
കെ. പി. അഹ്മദ്

**40** കുറിപ്പുകൾ,

വാർത്തകൾ, അനുസ്മരണം


മുഖചിത്രം : ഉയിർത്തെഴുന്നേല്പ് - ക്രിസ്തീയ കലാകാരന്റെ ഭാവനയിൽ


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

നാം ഇബ്നുമറിയമിനേയും (യേശു) അദ്ദേഹത്തിന്റെ മാതാവിനേയും ഒരു അടയാളമാക്കിയിരിക്കുന്നു. നാം അവർക്കു രണ്ടുപേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതു മായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി.

**(വി: ഖുർആൻ 23:51)**

## നബിവചനം

നമ്മുടെ റബ്ബ് ഒരിക്കലും മരണമില്ലാത്ത നിത്യജീവനാണെന്നും ഈസാ(അ)ക്കു നാശം സംഭവിച്ചുവെന്നും നിങ്ങൾക്കറി യില്ലേ? ..... നമ്മുടെ റബ്ബ് എല്ലാ വസ്തുക്ക ളെയും സംരക്ഷിച്ചുകൊണ്ടും ആവശ്യമായ വിഭവങ്ങൾ നൽകിക്കൊണ്ടും പരിപാലിച്ചു നിലനിർത്തുന്നവനാണെന്ന് നിങ്ങൾക്കറി യില്ലേ?!.... ഇപ്പറഞ്ഞതെന്തെങ്കിലും ഈസാക്ക് കഴിയുമായിരുന്നോ?... ഇങ്ങനെ യുള്ള ഒരാൾ എങ്ങനെയാണ് നിങ്ങൾ വാദിക്കുന്നത് പോലെ ദൈവമാവുക.?

**മുഹമ്മദ് നബി (സ)**

# യേശുവിന്റെ കല്ലറ



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

ഹസ്റത്ത് മസീഹിന്റെ (യേശു) കാലത്ത് കല്ലറകളിൽ ശിലാ രേഖകൾ എഴുതിവെക്കുന്ന സമ്പ്രദായമുണ്ടായിരുന്നു..... അദ്ദേ ഹത്തിന്റെ ശിലാകുടീരം (കശ്മീരിലെ കബർ) അത്തരം അടയാ ളങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കുമെന്ന് കരുതുന്നത് യുക്തിരഹി തമാണ്. കബർ തുറന്നുനോക്കുകയാണെങ്കിൽ അമ്പരപ്പിക്കുന്ന പല രഹസ്യങ്ങളും പുറത്തു വരുന്നതാണ്.

**(അൽ ഹുദാ)**

മുഖക്കുറിപ്പ്

# 'സത്യം നിങ്ങളെ സ്വതന്ത്രരാക്കട്ടെ'

'ക്രിസ്തുവിനെ സംബന്ധിക്കുന്ന ലക്ഷക്കണക്കിന് പുസ്തകങ്ങളും കോടിക്കണക്കിന് ലേഖനങ്ങളും ഇതിനകം പ്രസിദ്ധീകൃതമായിട്ടുണ്ട്. ക്രിസ്തുസന്ദേശം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ലോകമാകെയുണ്ട്. ചരിത്രം തന്നെ എ.ഡി. (Anno Domini) എന്നും ബി.സി. (Before Christ) എന്നുമായി ക്രിസ്തുവിന്റെ പേരിൽ വിഭജിക്കപ്പെട്ടിരിക്കുന്നു 'അന്നോ ഡൊമിനി' എന്ന ലത്തീൻ പദങ്ങളുടെ അർത്ഥം 'യേശുവിന് ശേഷം' എന്നല്ല, 'കർത്താവിന്റെ വർഷത്തിൽ' എന്നാണ് എന്ന വസ്തുത സാന്ദർഭികമായി പറയട്ടെ. കാരണം യേശു ഇന്നും ആകാശത്ത് ജീവിച്ചിരിക്കുന്നു എന്നാണല്ലോ ക്രിസ്തീയ വിശ്വാസം! അപ്പോൾ പിന്നെ 'യേശുവിനു ശേഷം' എന്ന് പറയുന്നതെങ്ങനെ!?

അത്ഭുതകരമെന്ന് പറയട്ടെ, ഇത്ര വിപുലമായ ക്രിസ്തീയ സാഹിത്യം മുഴുവനും പരതിനോക്കിയാലും ക്രിസ്തു എന്ന ചരിത്ര പുരുഷനെപ്പറ്റി യാതൊരു വിവരണങ്ങളും ഇല്ലെന്നുതന്നെ പറയാം. ക്രിസ്തീയ സാഹിത്യങ്ങളിൽ മുഴുവൻ ക്രിസ്തുവിന്റെ തിരുപ്പിറവി, അദ്ദേഹത്തിന്റെ അത്ഭുത പ്രവൃത്തികളുടെ വിവരണങ്ങൾ, കുരിശ് മരണത്തിന്റെ പവിത്രത, പാപപരിഹാര സിദ്ധാന്തം, ദൈവപുത്രത്വത്തിന്റെ മഹത്വം, ഉയിർത്തെഴുന്നേൽപ്പിന്റെ വർണ്ണനകൾ എന്നീ വിഷയങ്ങളാണ് നിറഞ്ഞുനിൽക്കുന്നത്. യേശു ആരായിരുന്നു? എവിടെ എപ്പോൾ ജനിച്ചു? അദ്ദേഹത്തിന്റെ ശൈശവം, ബാല്യം, യൗവനം തുടങ്ങിയവ എങ്ങനെയായിരുന്നു?, അദ്ദേഹത്തിന്റെ ഉപജീവനം എന്തായിരുന്നു? അദ്ദേഹത്തിന്റെ അന്ത്യം എങ്ങനെ? എപ്പോൾ? എവിടെവച്ച്? എന്നിങ്ങനെ സൂക്ഷ്മവും കുറ്റമറ്റതും സത്യസന്ധവുമായ ജീവിതരേഖ യേശുവിനെപ്പറ്റി ഇന്നേവരെയുണ്ടായിട്ടില്ല.

ക്രിസ്തു എന്ന മനുഷ്യന്റെ ജീവചരിത്രം സന്നിഗ്ദതയുടെയും നിഗൂഢതകളുടെയും പുകമറക്കുള്ളിൽ സൂക്ഷിക്കുക എന്നത് ക്രിസ്തു സഭയുടെ ഒരാവശ്യമാണ്. അതുകൊണ്ട് അവർ ബോധപൂർവ്വം ചരിത്രപരിസരത്തുനിന്നും യേശുവിനെ അകറ്റി നിർത്തുകയാണ്. ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും തീഷ്ണവും പരുഷവും നിശിതവുമായ ഉപകരണങ്ങളിൽ തട്ടി യേശുവിന്റെ ദൈവപുത്ര പദവിയും അത്ഭുതവർണ്ണനകളും തകർന്നുപോകുമോ എന്നവർ ഭയപ്പെടുന്നു. ചരിത്രത്തിന്റെ നാലയലത്ത് പോലും കൊണ്ടുവരാതെ യേശുവിനെ വിഗ്രഹവത്കരിച്ചിരി (Iconised)ക്കുന്നത് അതുകൊണ്ടാണ്. വിശ്വാസികൾക്ക് അദ്ദേഹത്തെ ആരാധിക്കാനേ അനുവാദമുള്ളൂ. അദ്ദേഹത്തെപ്പറ്റി അന്വേഷിക്കാനുള്ള അവകാശമില്ല. മനുഷ്യ സഹജമായ കൗതുകത്തോടെ സത്യമറിയാൻ യേശുവിന്റെ ചരിത്രം അന്വേഷിച്ചവരൊക്കെ ക്രിസ്തുമതത്തിൽ വിഗ്രഹഭഞ്ജകരും അനഭിമതരുമാണ്.

ഇരുട്ടറക്കുള്ളിൽ സൂക്ഷിക്കപ്പെട്ട ക്രിസ്തുവിന്റെ ചരിത്രത്തിലേക്ക് ഇതിനകം ഒരുപാട് ചരിത്ര രേഖകൾ കടന്നുവന്നിട്ടുണ്ട്. 'ക്രിസ്തു വിജ്ഞാനീയം' അഥവാ ക്രിസ്റ്റോളജി എന്ന വൈജ്ഞാനിക ശാഖയിൽ ഔദ്യോഗികമായി ഈ ചരിത്ര രേഖകളൊന്നും കയറിപ്പറ്റിയിട്ടില്ല. ഹസ്റത്ത് അഹ്മദ് (അ) ലോകത്തിന് മുമ്പിൽ സമർപ്പിച്ച ശ്രീനഗറിലെ യേശുവിന്റെ കബറിടം അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. അതുപോലെ ചാവുകടൽ ചുരുളുകൾ, നാഗ്ഹമ്മാദി രേഖകൾ, ടൂറിനിലെ തിരുശ്ശീല, ആദിമ ക്രിസ്ത്യാനികൾ താമസിച്ച റോമിലെ കാറ്റകോംസ് എന്ന ഗുഹാശൃംഖലകൾ, അവിടത്തെ ശിലാചിത്രങ്ങൾ, ജൂദോക്രിസ്ത്യൻ പാരമ്പര്യം, തോമസ് ക്രിസ്ത്യൻ പാരമ്പര്യം, പൗരസ്ത്യ ക്രൈസ്തവ സഭാചരിത്രങ്ങൾ, ക്രൈസ്തവ സഭ തള്ളിക്കളഞ്ഞ ആപോക്രിഫങ്ങൾ, പാഷാണ്ഡത ആരോപിക്കപ്പെട്ട കൈവസ്ത്രവരേഖകൾ. വിശുദ്ധഖുർആനിലെ യേശുവിനെപറ്റിയുള്ള പരാമർശങ്ങൾ തുടങ്ങിയവയെല്ലാം വിലപ്പെട്ട ക്രൈസ്തവ രേഖകളാണ്. ഇത്തരം രേഖകളെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ മഹാത്യാഗങ്ങൾ വരിച്ച യേശുവിന്റെ ഉജ്ജ്വല വ്യക്തിത്വത്തെ സത്യപ്പെടുത്തുകയാണ് ചെയ്യുക. അതിനുപകരം അദ്ദേഹത്തെ വിഗ്രഹവത്കരിച്ച് ആരാധനാ മൂർത്തിയാക്കിവെക്കുന്നത് സത്യത്തിന്നെതിരാണ്. തീർച്ചയായും യേശുവിനെ സംബന്ധിച്ച സത്യങ്ങൾ ലോകം ഒരുനാൾ അറിയാതിരിക്കില്ല. യേശുപറഞ്ഞത്പോലെ: "നിങ്ങൾ സത്യം അറിയും. സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹ.8:32). ■

ലേഖനം

# ഉയിർത്തെഴുന്നേല്പ്: ധൈഷണികവും ദാർശനികവുമായ സമസ്യകൾ

**യേശുവിന്റെ ഉയിർത്തെഴുന്നേല്പും സ്വർഗ്ഗാരോഹണവും ക്രിസ്തുമതത്തിന്റെ ദാർശനികവും യുക്തിപരവുമായ ബലഹീനത വ്യക്തമാക്കുന്നു. ഈ അടിസ്ഥാന ദൗർബല്യങ്ങൾ ഉൾക്കൊള്ളുന്ന ദൈവശാസ്ത്രത്തിന് മനുഷ്യന്റെ ആത്മീയ ജീവിതത്തെ എങ്ങനെ ദൈവോന്മുഖമാക്കിത്തീർക്കാനാവും?**

**എം. ആലിക്കോയ**

ഒരു ചാക്രികാനുഷ്ഠാനം പോലെ, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും സംബന്ധിച്ചുള്ള ദൈവശാസ്ത്ര വിചിന്തനങ്ങൾ ലോകമെങ്ങുമുള്ള ക്രിസ്തീയ വേദികളിൽ ഈ ഏപ്രിൽ മാസം വീണ്ടും ചർച്ചചെയ്യപ്പെടുകയാണ്. യേശു വെള്ളിയാഴ്ച കുരിശിലേറ്റപ്പെടുകയും ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നാണ് ക്രിസ്തീയ വിശ്വാസം. ഈ വർഷത്തെ ദുഃഖവെള്ളിയും ഈസ്റ്ററും യഥാക്രമം 9 വെള്ളിയും 11 ഞായറുമാണ്.

ഉയിർത്തെഴുന്നേല്പിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും ദൈവശാസ്ത്രം ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്: യേശു കുരിശിന്മേൽ ശപ്തമരണം വരിച്ച് മനുഷ്യവംശത്തെ തങ്ങളുടെ പാപങ്ങളിൽ നിന്ന് മുക്തമാക്കുകയും കല്ലറയിൽ അടക്കപ്പെടുകയും ചെയ്തു. മൂന്നാം ദിവസം മരിച്ചവരുടെ ഇടയിൽ നിന്ന് അദ്ദേഹം ഉയിർത്തെഴുന്നേൽക്കുകയും വിശകലനാതീതമായ ഒരു മാർഗ്ഗത്തിൽ സ്വർഗ്ഗത്തിലേക്ക് കരേറിപ്പോവുകയും ചെയ്തു. ഇതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ സാരാംശം! എന്നാൽ യഥാർത്ഥത്തിൽ ഇത് സംഭവിക്കുകയുണ്ടായോ? ചോദ്യം ചെയ്യപ്പെടാതെ ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ഈ സിദ്ധാന്ത പ്രമാണങ്ങൾക്ക് ചരിത്രപരവും വസ്തുതാപരവുമായ യാതൊരു സാധുതയുമില്ല. മനുഷ്യന്റെ അനുഭവ യാഥാർത്ഥ്യങ്ങൾക്കും ഗ്രാഹ്യശേഷിക്കുമതീതമായതും തികച്ചും അസംഭവ്യവും അസാധ്യവുമായ ഒന്നത്രെ സ്വർഗ്ഗാരോഹണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും സിദ്ധാന്തം. വിശ്വാസപരമായ മിഥ്യാഭ്രമത്തിൽ കെട്ടിപ്പടുത്ത ഈ വിശ്വാസവികല്പം മിതമായി പറഞ്ഞാൽ കെട്ടുകഥകളുടെ മണ്ഡലത്തിൽപ്പെട്ട ഒന്നത്രെ.

### ചപല മാനസയുടെ ദൈവശാസ്ത്രം

ഒരു പ്രമുഖ യുക്തിചിന്തകനായ റെനൻ, തന്റെ ഹിസ്റ്ററി ദെസ് ഒറിജിൻസ് ക്രിസ്ത്യൻസ് മെ (History Des Origins Christiansme) എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"ഉയിർത്തെഴുന്നേല്പിന്റെ ബഹുമതി മഗ്ദലന മറിയക്ക് അവകാശപ്പെട്ടതാകുന്നു. അവളുടെ കടുത്ത മനശ്ചാഞ്ചല്യം സൃഷ്ടിച്ച പ്രതിച്ഛായ ഇപ്പോഴും ലോകസമക്ഷം ചൂഴ്ന്നു വിലസുകയാണ്. ദിവാസ്വപ്നക്കാർക്കിടയിലെ പ്രമുഖിയും രാജകുമാരിയുമെന്ന നിലയിൽ അവളാണ് തന്റെ ആവേശം നിറഞ്ഞ ആത്മാവിന്റെ സ്വപ്നദർശനത്തെ മറ്റാരേക്കാളും ലോകമനസ്സിൽ ഒരു യാഥാർത്ഥ്യമായി മാറ്റുന്നതിന്ന് കാരണക്കാരി. അവളുടെ സ്ത്രീഹൃദയത്തിൽ നിന്ന് ഉയർന്ന 'അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു' എന്ന വാവിട്ടുള്ള ഉദ്ഘോഷം മനുഷ്യവംശത്തിന്റെ ഒരു നിർഝരിയായിത്തീർന്നു. അതിന് ഹേതുവായ ദുർബ്ബല യുക്തിയുടെയും ആദർശപരതയുടെയും പ്രേമത്തിന്റെയും ആവിഷ്കരണങ്ങൾ നിശിതമായ വിശകലനത്തിന് എന്തുകൊണ്ട് വിധേയമാക്കുന്നില്ല? വിധി കൈയ്യൊഴിച്ച അസന്തുഷ്ടയും ദിവാസ്വപ്നക്കാരിയുമായ മഗ്ദലനമറിയം ഉരുവിട്ട വാക്കുകൾ മാനവരാശിക്ക് സമാശ്വാസവും അളവറ്റ ആഹ്ലാദവും പകരുകയുണ്ടായി. അപ്പോൾ മഗ്ദലനക്കാരി മറിയയെക്കാൾ വലിയ ധിഷണാശാലി എവിടെയുണ്ട്?"

ഉയിർത്തെഴുന്നേല്പിന്റെ വാങ്മയം അവതരിപ്പിച്ച മഗ്ദലനക്കാരി മറിയം ഏഴു പിശാചുക്കൾ ബാധിച്ചവളായിരുന്നു. (ലൂക്കോ: 8: 2) എന്നാണ് ബൈബിൾ പറയുന്നത്. മറ്റു വാക്കുകളിൽ ഭ്രാന്തിന്റെ വക്കോളമെത്തുന്ന ഹാലിളക്കമുള്ളവളായിരുന്നു അവൾ.

യേശുവിന്റെ കുരിശു സംഭവവും

ഉയിർത്തെഴുന്നേല്പും സ്വർഗ്ഗാരോഹണവും രണ്ടായിരം വർഷങ്ങളുടെ നിഗൂഢതയിൽ ആണ്ടുകിടക്കുന്ന വസ്തുതകളത്രെ. ക്രിസ്തുവിന്റെ യഥാർത്ഥ ചരിത്രത്തെ സംബന്ധിച്ച വസ്തുതകൾ ഇക്കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. തുടർന്ന് കാലം കഴിയുന്തോറും യേശു കുരിശിൽ മരിച്ചിട്ടില്ലെന്ന് സംശയാതീതമായി തെളിയിക്കുന്ന നിരവധി രേഖകൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## ഹസ്റത്ത് അഹ്മദി (അ)ന്റെ വെളിപ്പെടുത്തൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹസ്റത്ത് മിർസാഗുലാം അഹ്മദ് (അ) മസീഹ് ഹിന്ദുസ്ഥാൻ മെ (യേശു മിശിഹാ ഇന്ത്യയിൽ) എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി. മുഴുവൻ ലോക ജനതക്കുമായി ഒരു മഹാസത്യത്തിന്റെ പ്രകാശനം അദ്ദേഹം ഈ പുസ്തകം വഴി നൽകിയിട്ടുണ്ട്. യേശു കുരിശിൽ പീഡിതനായെങ്കിലും കുരിശിൽ വെച്ച് മരിക്കുകയുണ്ടായില്ലെന്നും പ്രസ്തുത സംഭവത്തിന് ശേഷം അദ്ദേഹം കാണാതെ പോയ ഇസ്രയേൽ ഗോത്രത്തെ, ബാബിലോണിയൻ ചക്രവർത്തി നെബുക്കദ് നസറിന്റെ വിശാലമായ സാമ്രാജ്യത്വത്തിനു കീഴിൽ അടിമകളായി ചിതറിതാമസിച്ചിരുന്ന യഹൂദികളുടെ പിന്തുടർച്ചക്കാരെത്തേടി ഭാരതത്തിലേക്ക് വരുകയുണ്ടായെന്നും തെളിവുസഹിതം സ്ഥാപിക്കുന്നു. പുരാതന കാലത്തെ വിശ്വസമ്രാട്ടുകളായ നെബുക്കദ് നസർ, സൈറസ്, അലക്സാണ്ടർ മുതലായവരുടെ അടിമത്തത്തിൻ കീഴിലായിരുന്നു ഇസ്രായേലികൾ ചിതറിത്തെറിച്ചത്. പുരാതനകാലത്ത് അടിമകളായിരുന്ന യഹൂദികളുടെ പിൻതലമുറക്കാരുടെ ജനപഥങ്ങൾ കശ്മീരിലും ഭാരതത്തിന്റെ മറ്റു വടക്കൻ ഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ടായിരുന്നു. യഹൂദികളെ തേടിയുള്ള പര്യടനത്തിന്റെ ഭാഗമായി യേശു കശ്മീരിൽ വരികയും വാർദ്ധക്യം ബാധിച്ച് ശ്രീനഗറിൽ വെച്ച് ദിവംഗതനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ശിലാകുടീരം ഇപ്പോഴും ശ്രീനഗറിൽ കാണപ്പെടുന്നുണ്ട്. ഈ വസ്തുതയെ പ്രബലപ്പെടുത്തിക്കൊണ്ടുള്ള ആധുനിക ചരിത്ര പുരാവസ്തു ശാസ്ത്രഗവേഷണങ്ങൾ ഖുർആന്റെയും ബൈബിളിന്റെയും പ്രസ്താവനകൾക്ക് കരുത്തുറ്റ പിൻബലം നൽകുന്നുണ്ട്. ക്രൂശിക്കപ്പെട്ടിട്ടുള്ള ശപ്തമൃത്യുവിൽ നിന്ന് ദൈവം അദ്ദേഹത്തിന് ആപന്മുക്തിയേകുകയും ഒഴുകുന്ന അരുവികളുള്ള ഉന്മേഷദായകമായ ഒരു ഉന്നതഭൂവിൽ അഭയമരുളുകയും ചെയ്തതായി ഖുർആൻ പറയുന്നു. ശ്രീനഗറിലെ യേശുവിന്റെ ശവകുടീരത്തിന്റെ കണ്ടെത്തൽ യേശു കുരിശിൽ മരിക്കുകയുണ്ടായില്ലെന്ന വസ്തുതയെ സംബന്ധിച്ചുള്ള സർവ്വ സംശയങ്ങളെയും ദൂരീകരിക്കുകയും അനേകശതകങ്ങളായി യേശുവിന്റെ നിഗൂഢ ജീവിതത്തെ ആവരണം ചെയ്തിരിക്കുന്ന എല്ലാ അനിശ്ചിതത്വത്തെയും നീക്കം ചെയ്യുകയും ചെയ്യും. ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തിയും കാരുണ്യവും ചൊരിയട്ടെ.

ഹസ്റത്ത് അഹ്മദ് (അ) വിളംബരപ്പെടുത്തിയ 'യേശു കുരിശിൽ മരിച്ചിട്ടില്ല' എന്ന യാഥാർത്ഥ്യം മുസ്‌ലിം ധൈഷണിക ലോകത്തെ ആവേശഭരിതമാക്കേണ്ടതായിരുന്നു. പക്ഷേ, ഇതേവരെ ആരും തന്നെ സമഗ്രമായി ഈ വിഷയം പഠിക്കാനോ വിശകലനം ചെയ്യാനോ മുന്നോട്ടുവരാൻ ധൈര്യമോ ചങ്കൂറ്റമോ കാണിച്ചിട്ടില്ല. ജൂത ക്രൈസ്തവ വെളിപാടുകളുടെ പാരമ്യമാണ് ഇസ്‌ലാമെന്നും യേശുവിന്റെ ജീവിതവും മരണവും ജൂതർക്കും ക്രിസ്ത്യാനികൾക്കുമെന്നതുപോലെ മുസ്‌ലിംകൾക്കും മർമ്മപ്രധാനമായൊരു വിഷയമാണെന്നും ക്രൈസ്തവ ലോകത്തിനു വേണ്ടത്ര ബോദ്ധ്യപ്പെട്ടിട്ടില്ല.

മോശെയുടെ ന്യായപ്രമാണത്തിന്റെ നിവർത്തിപ്പിനായി ദൈവത്താൽ പ്രേഷിതനായ സത്യപ്രവാചകനാണ് യേശു എന്നതാണ് ഖുർആന്റെ പ്രസ്താവന. യേശു കുരിശിൽ വെച്ച് ശപ്തമരണം വരിച്ചിട്ടില്ല എന്ന് വിശുദ്ധ ഖുർആൻ ശക്തിയുക്തം പ്രഖ്യാപിക്കുന്നു. ആ ദിവ്യ വ്യക്തിത്വത്തിന്മേലുള്ള കളങ്കം കഴുകിക്കളയുന്നതിനുള്ള തീവ്രപരിശ്രമം യേശുവെ ഒരു ദൈവിക പ്രവാചകനായി വിശ്വസിക്കുന്ന സർവ്വരുടെയും കർത്തവ്യമത്രെ. അതുകൊണ്ട് യേശു കുരിശിൽ മരണപ്പെടുകയുണ്ടായില്ല എന്ന കണ്ടെത്തൽ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും മുസ്‌ലിംകൾക്കും ഒരുപോലെ ജിജ്ഞാസയുണർത്തുന്ന ഒരു വിഷയമാണ്.

## ക്രിസ്തീയ ദൈവശാസ്ത്രത്തിലെ യുക്തിഭംഗങ്ങൾ

1. യേശു മരിച്ചവരിൽ നിന്ന് ഉയിർത്തു വന്നു എന്ന സിദ്ധാന്തം യുക്തിചിന്തക്കും സാമാന്യബുദ്ധിക്കും നിരക്കാത്തതാണ്. മരണത്തിന് ശേഷം ഉയിർത്തെഴുന്നേൽക്കുക എന്നത് തികച്ചും അവിശ്വസനീയവും അസംഭവ്യവുമാണ്. സുവിശേഷ വചനങ്ങളിൽ നിന്ന് നിർമ്മിച്ചെടുത്ത ദുർബ്ബലമായ തെളിവ് ഈ സിദ്ധാന്തം സ്ഥാപിക്കാൻ തികച്ചും അപര്യാപ്തവുമാണ്. യേശു മരിച്ചതിന് ശേഷം മൃതരായവർക്കിടയിൽ മൂന്നുനാൾ കിടക്കുകയും പിന്നീട് ജീവിതത്തിലേക്ക് തിരിച്ചുവരികയും ചെയ്തു എന്നതിനേക്കാൾ, പീഡനമേറ്റ ക്രിസ്തു ബോധരഹിതനാവുകയും തുടന്ന് സുഖം പ്രാപിക്കുകയുമാണുണ്ടായത് എന്നതിനാണ് കൂടുതൽ സാധ്യതയുള്ളത്. ഇത് തന്നെയാണ് യാഥാർത്ഥ്യവും. അതുകൊണ്ട് ഖുർആന്റെ ഈ സമീപനം യുക്തിപരവും ബുദ്ധിപരവുമാണ്.

2. യേശു കുരിശിലേറുന്നതിന് മുമ്പോ അതിന് ശേഷമോ ആകാശത്തേക്ക് പോയി എന്ന ആശയം കെട്ടുകഥപോലെ അയുക്തികവും നിരർത്ഥകവുമാണ്. ശ്രവണ മാത്രയിൽ തന്നെ അത് നിരാകരണയോഗ്യമാണ്. ഒരാൾക്ക് സ്ഥൂലദേഹത്തോടെ ആകാ

ശത്തേക്ക് പോകാനും അവിടെ നിന്ന് ഇറങ്ങിവരാനും കഴിയുകയില്ല എന്നുള്ളത് ബൈബിളിലെ ഏലിയാ പ്രവാചകന്റെ സംഭവത്തിൽ പ്രസ്താവിതമായ പ്രകൃതി നിയമമത്രെ. യേശു തന്നെയും അത്മീയാർത്ഥത്തിൽ മാത്രമാണ് ബൈബിളിലെ മലാഖിയുടെ ഉടലോടെയുള്ള അവരോഹണ കഥ മനസ്സിലാക്കിയത്.

എങ്കിൽ പിന്നെ യേശുവിന്റെ ആരോഹണാവരോഹണങ്ങൾ വാച്യാർത്ഥത്തിൽ എടുക്കേണ്ടതുണ്ടെന്ന് കരുതുന്നതെങ്ങനെയാണ്? അത്തരം സങ്കല്പങ്ങൾ ദൈവവചനങ്ങൾക്ക് നിരക്കുന്നതല്ല. മനുഷ്യസൃഷ്ടിതൊട്ട് ഇന്നേവരെയും ശാരീരികാരോഹണാവരോഹണങ്ങളുടേതായ ഏതെങ്കിലും ഒരു സംഭവം പോലും ഉണ്ടായിട്ടില്ലാത്തതുമത്രെ.

3. തന്റെ കർത്തവ്യങ്ങൾ നിർവ്വഹിച്ചു തീർക്കുന്നതിനുമുമ്പായി യേശു സ്വർഗ്ഗം പൂകിയെന്നുള്ള ഗുരുതരമായ കുറ്റം അദ്ദേഹത്തിനുമേൽ ആരോപിക്കുകയെന്ന ആശയം തന്നെ ധർമ്മബോധമുള്ളയാൾക്ക് ഉൾക്കിടിലമുണ്ടാക്കുന്നു. സൽക്കാര്യങ്ങൾ ചെയ്യുവാൻ കഴിവുള്ള,തന്റെ സഹജീവികൾക്ക് വേണ്ടപ്പെട്ട സേവനങ്ങളും മഹത്തായ നേട്ടങ്ങളും നൽകാൻ ജീവിച്ചിരിക്കുന്ന ഒരാളെ, സർവ്വശക്തനായ ദൈവം എടുത്തകറ്റുമെന്നും തന്റെ ദൗത്യം നിർവ്വഹിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ ഒഴിവാക്കി സ്വർഗ്ഗത്തിൽ പ്രതിഷ്ഠിക്കുമെന്നുമുള്ള ബുദ്ധിശൂന്യവും അസംബന്ധജടിലവുമായ ഒരു നടപടി ദൈവത്തിനുമേൽ ആരോപിക്കാനാവില്ല.

4. യേശു സ്വയം തന്നെ കുരിശിൽ ആത്മഹത്യയുടെ മാർഗ്ഗം തിരഞ്ഞെടുത്തുവെന്നുള്ളത് യുക്തിചിന്തക്കെതിരാണ്. സ്വർഗ്ഗത്തിൽ ചടഞ്ഞിരുന്നു തന്റെ ജീവിതത്തിലെ വിലയേറിയ വർഷങ്ങൾ അദ്ദേഹം പാഴാക്കിക്കളഞ്ഞു എന്നതും അത്രതന്നെ യുക്തിഹീനമത്രെ. ഒരാൾ മറ്റുള്ളവർക്കായി ആദ്യം ആത്മഹത്യയനുഷ്ഠിക്കുകയും തുടർന്ന് ജീവിതത്തിലേക്ക് തിരിച്ചെത്തുകയും അൽപസമയത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് പോവുകയും തന്റെ ശിഷ്ടനാളുകൾ അവിടെ നിശ്ചേഷ്ടനായി കഴിഞ്ഞുകൂടുകയും ചെയ്യുക എന്ന ഭാവനയേക്കാൾ അസംബന്ധമായി മറ്റെന്തുണ്ട്?

5. ഇല്ലാത്തതെന്ന് തെളിയിക്കാൻ ഒരു തെളിവുമാവശ്യമില്ലാത്തയത്ര നിർത്ഥകമാണ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ കഥ. മേൽ വിവരിച്ച തെളിവുകളും വസ്തുതകളും പ്രസ്താവിക്കപ്പെട്ടിരുന്നില്ലെങ്കിൽ പോലും യുക്തി ചിന്തയുടെ തീർപ്പ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് എതിരാണ്.

## ആത്മീയതയുടെ ശോഷണം: പ്രതിഭാശാലികളുടെ സാക്ഷ്യങ്ങൾ

സാഹിതീയമായ ഭാവനാവിലാസങ്ങളിലും കെട്ടുകഥയിലും കെട്ടിപ്പടുത്ത ക്രൈസ്തവ സിദ്ധാന്തങ്ങൾ പാശ്ചാത്യലോകത്തെ ധിഷണാശാലികൾ പുനഃപരിശോധനക്ക് വിധേയമാക്കുമ്പോൾ ഹസ്റത്ത് അഹ്മദി (അ)ന്റെ വാദമുഖങ്ങൾക്ക് പൂർവ്വാധികം പ്രസക്തിയേറുകയാണ്.

ധിഷണാശാലിയായ മനുഷ്യന്റെ യുക്തിബോധത്തോട് പ്രതിബദ്ധത പുലർത്താൻ കഴിയാത്ത ക്രിസ്തുമതത്തിന് മനുഷ്യനെ എങ്ങനെ ആത്മീയമായി പ്രചോദിപ്പിക്കാനാവും? ക്രിസ്തീയ വിശ്വാസത്തിലെ ഈ കടങ്കഥകൾ പ്രതിഭാശാലികളായ ക്രിസ്തീയ പണ്ഡിതന്മാരെ നാസ്തിക ചിന്താഗതിയിലേക്ക് തിരിയാൻ പ്രേരിപ്പിക്കുന്നു. ജർമ്മനിയിലെ റൂഡോൾഫ് ബർത് മാൻ, ബൈബിൾ കഥയെ ഒരു കെട്ടുകഥയായിട്ടാണ് പരിഗണിക്കുന്നത്. ബൈബിളിലെ ഉല്പത്തി സിദ്ധാന്തങ്ങൾ ശാസ്ത്രദൃഷ്ട്യാ പ്രാകൃതമായിരിക്കുന്നയത്ര തന്നെ ദാർശനികമായും അത് പ്രാകൃതമാണെന്ന് ബ്രിട്ടണിലെ ക്രൈസ്തവ പണ്ഡിതനായ ജോൺ പ്രസ്താവിക്കുന്നുണ്ട് The New Reformation (നവീന സഭാ പരിഷ്കരണം) എന്ന തന്റെ പുസ്തകത്തിൽ ഫുൾ വിച്ച് ബിഷപ്പ് എഴുതുന്നു: "ദൈവാസ്തിക്യ സങ്കൽപ സിദ്ധാന്തം അപ്രസക്തമാണ്. നമ്മിലേറെപ്പേരും പ്രായോഗിക നാസ്തികരുമത്രെ. ദൈവം പരിമിതനും അപ്രസക്തനും ദൈവിക ഗുണങ്ങൾ ഇല്ലാത്തവനുമാണെന്നാണ് ക്രിസ്തീയ ദൈവശാസ്ത്രം പഠിപ്പിക്കുന്നത്. ചുരുക്കത്തിൽ ധൈഷണികമായി സ്വീകാര്യമല്ലാത്തതിനാൽ ക്രിസ്തീയ വിശ്വാസത്തെ പുരോഗമന ചിന്തകർ വെച്ചു പുലർത്തുക എന്നത് പ്രയാസകരമാണ്."

യേശു കുരിശിൽ മരണപ്പെടുകയും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുകയും ചെയ്തിട്ടില്ലെങ്കിൽ അദ്ദേഹം എങ്ങോട്ടുപോയി എന്ന കാര്യം ബാക്കിനിൽക്കുന്നു. കുരിശ് സംഭാവനന്തരം ഗലീലിയിൽ ഏതാനും ആഴ്ചകൾ കഴിച്ചുകൂട്ടിയ യേശുവിന്റെ തിരോധാനമാണ് ഇതു സംബന്ധിച്ച പ്രഹേളിക. യേശുവിന്റെ സ്വർഗ്ഗാരോഹണ കഥയുടെ സാങ്കല്പിക വിവരങ്ങൾ ചമത്ക്കാര ചാരുതയോടെ ബൈബിളിൽ കാണാമെങ്കിലും അദ്ദേഹത്തിന്റെ ജീവചരിത്രം വളരെ ഹ്രസ്വമായി മാത്രമെ പ്രസ്തുത ഗ്രന്ഥത്തിൽ കാണപ്പെടുന്നുള്ളൂ എന്നത് വിചിത്രം തന്നെ. അമർത്യതയിലേക്ക് ഉടലോടെയുള്ള സ്ഥാനാന്തരത്തിന്റെ ഭാവനാ സങ്കല്പത്തിൽ നിന്നും യേശുവിന്റെ ജീവിതം സംബന്ധിച്ച വസ്തുനിഷ്ഠമായ അന്വേഷണത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയേണ്ടതുണ്ട്.

## യേശുവിന്റെ ചരിത്രപൂരണം

കുരിശ് സംഭവാനന്തരമുള്ള യേശുവിന്റെ ജീവിതം ഒരു പ്രഹേളികയായി തുടരുമ്പോൾ അതിനുള്ള യുക്തിപരവും ചരിത്രപരവുമായ പൂരണം എന്ന നിലയ്ക്ക് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) രചിച്ച 'യേശു മിശിഹ ഇന്ത്യയിൽ' എന്ന പുസ്തകം ലോകത്തിന് മാർഗ്ഗ

ദർശനം നൽകുന്നു. കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെ ത്തേടിയുള്ള യേശുവിന്റെ ഇന്ത്യവരെയുള്ള സഞ്ചാരവും അദ്ദേഹത്തിന്റെ സംതൃപ്തവാസത്തിന്റെ സംക്ഷിപ്ത വിവരണവും ഏറ്റവും വസ്തുനിഷ്ഠമായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. സർവ്വോപരി ഹസ്റത്ത് അഹ്മദ് (അ), മുഴുവൻ ക്രൈസ്തവ ലോകത്തേയും അക്കാദമിക് പണ്ഡിതന്മാരേയും അഭിസംബോധന ചെയ്ത് ചൂണ്ടിക്കാട്ടിയ ശ്രീനഗറിലെ യേശുവിന്റെ കല്ലറ ധൈഷണിക ലോകത്തിനു മുമ്പിൽ സമൂർത്തമായൊരു തെളിവാണ്. യേശുവിന്റെ എല്ലാ സമസ്യകളുടെയും വിധി തീർപ്പിനായി ഹസ്റത്ത് അഹ്മദ് (അ) തൊട്ടുകാട്ടിയ സമൂർത്തമായ ഈ സ്മാരകത്തോളം ഉജ്ജ്വലമായ മറ്റെന്ത് തെളിവാണ് പണ്ഡിത ലോകത്തിന് വേണ്ടത്?

### യേശു പുകമറക്കുള്ളിൽ

ക്രിസ്തുവിനെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ അന്വേഷണങ്ങളിൽ നിന്ന് ക്രിസ്തു സഭ സ്വയം മാറിനിൽക്കുകയും മറ്റുള്ളവർ നടത്തുന്ന എല്ലാ രൂപത്തിലുമുള്ള അന്വേഷണങ്ങളെയും മധ്യകാല ശൈലിയിൽ അടിച്ചമർത്തുകയും തമസ്കരിക്കുകയും ചെയ്യുകയാണ്. ക്രിസ്തുവെ സംബന്ധിക്കുന്ന എല്ലാ ദുരൂഹതകളും അവ്യക്തതയിൽത്തന്നെ നിലനിർത്താനും ക്രിസ്തുവുമായി ബന്ധമുള്ള എല്ലാ പ്രതിഭാസങ്ങളെയും അന്വേഷിച്ചറിയാനുള്ള എല്ലാ ശ്രമങ്ങളും പരാജയമടയുമെന്നുള്ളത് ഉറപ്പാക്കാനും സഭ എല്ലായിപ്പോഴും ജാഗരൂകമായി കാവൽനിൽക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് ഹോൾഗർ ക്രൈസ്റ്റർ, 'യേശു ഇന്ത്യയിൽ ജീവിച്ചു' എന്ന പുസ്തകത്തിൽ എഴുതിയത് ശ്രദ്ധേയമത്രേ.

### ആദരം ചൊരിയപ്പെട്ട യുഗപുരുഷൻ

യേശു കുരിശിന്മേൽ മരണപ്പെട്ടില്ലെന്നും പ്രവാസി ജീവിതത്തിനു ശേഷം വൃദ്ധനാവുകയും ജീവിച്ച് മരിക്കുകയുമാണുണ്ടായതെന്നും ഖുർആൻ മനസ്സിലാക്കിത്തരുന്നു. അദ്ദേഹം ആകാശാരോഹണം ചെയ്തിട്ടില്ലെന്നുള്ളത് ഖുർആന്റെ തീർപ്പത്രെ. ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആദ്യമായി ലോകത്ത് അവതരിപ്പിച്ച ഈ സത്യം പാശ്ചാത്യ പണ്ഡിതന്മാർക്ക് ബോദ്ധ്യപ്പെടാനും സ്വീകാര്യമാവാനും ഇടയായിട്ടുണ്ടെന്നുള്ളത് ഇസ്‌ലാമിക ലോകത്തിനു ലഭിച്ച ദൈവിക വരമത്രെ. ഉദാഹരണത്തിന് ബ്രിട്ടനിലെ റെജിനാൾഡ് ചാൾസ് എവറാഡ് സ്കോൾഫീൽഡ്, 'യേശുവിന്റെ ജീവിത നിരീക്ഷണം' (Observation of the life of Jesus) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു.

"യേശു കുരിശുമരണത്തിൽ നിന്ന് രക്ഷിക്കപ്പെടുകയുണ്ടായി എന്നു പറയാനുള്ള പ്രചോദനം ലഭിച്ചയാൾ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ആയിരുന്നു. വ്യത്യസ്തമായ ഒരു വെളിച്ചത്തിൽ ക്രിസ്തുമതത്തെ നോക്കിക്കാണാൻ നാം അവസാനം പ്രാപ്തരായിരിക്കുന്നു. ആ വിശ്വാസത്തിന്റെയും സിദ്ധാന്തശാഠ്യത്തിന്റെയും നെടുംതൂണുകളിൽ ഒന്നായ സ്വർഗ്ഗാരോഹണത്തെപ്പോലുള്ള സംഗതികൾ ഒന്നുംതന്നെ ഉള്ളതായിരുന്നില്ല എന്ന് എനിക്കിപ്പോൾ ബോധ്യം വന്നിരിക്കുന്നു. എന്നിട്ടും ക്രിസ്തീയ വേദഗ്രന്ഥങ്ങളിൽ ഈ ദുർവ്യാഖ്യാനത്തിന് സ്ഥലം പിടിക്കാൻ എങ്ങനെ കഴിഞ്ഞു?

"മിർസാ ഗുലാം അഹ്മദ്(അ) തന്റെ ഉൾക്കാഴ്ച കൊണ്ട് ഈ എല്ലാ മുൻവിധികളെയും മുറിച്ചുകടന്ന് ഏറ്റവും ഉയർന്ന ധീരതയുടെ ആൾരൂപമായി. അദ്ദേഹം ഏറ്റവും മികച്ച പ്രകീർത്തനത്തിന് അർഹനായേ പറ്റൂ. 1899-ൽ ബ്രിട്ടീഷ് രാജാവിന്റെ മുഖത്തു വെച്ചും വിക്ടോറിയാ ക്രിസ്തീയ പ്രമാണ ശാഠ്യത്തിന്റെ സർവ്വ കരുത്തിനു മുമ്പാകെയും ഇത്തരം ആശയങ്ങൾ പ്രകടിപ്പിക്കുക എളുപ്പമായിരുന്നില്ല". റജിനാൾഡ് ചാൾസ് ഇപ്രകാരം സംഗ്രഹിക്കുന്നു. "മുഹമ്മദിന്റെ നാമത്തെ പ്രകീർത്തിതമാക്കുകയും പാശ്ചാത്യലോകത്തിന്റെ ശ്രദ്ധയിലേക്ക് സർവ്വതും എത്തിക്കുകയും ചെയ്ത മിർസാ ഗുലാം അഹ്മദിനെ സ്നേഹപൂർവ്വം ആശ്ലേഷിക്കാനും അദ്ദേഹത്തെ മുഹമ്മദിന്റെ യഥാർത്ഥ പുത്രനായി അംഗീകരിക്കാനും മുസ്‌ലിംകൾക്ക് ദൈവം തോന്നിപ്പിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കേണ്ടത് എന്റെ കർത്തവ്യമായി അവശേഷിക്കുന്നു. ക്രിസ്ത്യാനികൾക്കാകട്ടെ അദ്ദേഹത്തിനു ആശിസ്സ് നേരുക എന്നതും."

ക്രിസ്തീയ സ്രോതസ്സുകളിൽ നിന്ന് ചരിത്രപരമായുള്ള യേശുവിനെക്കുറിച്ച് യാതൊന്നും അറിയാനാവില്ലെന്ന് പറഞ്ഞുകൊണ്ട് പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതൻ റുഡോൾഫ് ബർട്ട്മാൻ ഇപ്രകാരം ഉപസംഹരിക്കുന്നു: "ഇസ് ലാമിലെ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകനും സഹപ്രവർത്തകരും യേശുവിന്റെ കശ്മീരിലേക്കുള്ള പര്യടനത്തെക്കുറിച്ചുള്ള വസ്തുതകൾ ശേഖരിക്കുകയുണ്ടായിട്ടുണ്ട്. പുരാവസ്തു ഗവേഷകനായ പ്രൊഫ. ഹസ്നെയ്നും അവയെ സംബന്ധിച്ച് വിശദീകരിച്ചെഴുതിയിട്ടുണ്ട്. യേശു ഏതാണ്ട് 60ാമത്തെ വയസ്സിൽ ഇന്ത്യയിൽ എത്തിയിട്ടുണ്ടാവണമെന്ന് ഇവ നമ്മോട് പറയുന്നു. ഞാനതു സ്വീകരിക്കുകയും ചെയ്യുന്നു."

'ക്രിസ്തുവിനെ സംബന്ധിച്ച ഒരു മരണ പരിശോധന' (An inquest on Christ) എന്ന ഗ്രന്ഥത്തിന്റെ കർത്താവും കത്തോലിക്കാ പണ്ഡിതനുമായ ജോൺ റെബാൻ ജൂത ക്രിസ്ത്യൻ മുസ്‌ലിം ശ്രോതാക്കളെ അഭിസംബോധന ചെയ്തുകൊണ്ടു പറയുകയുണ്ടായി:

"അല്ലയോ മഹതീ മഹാന്മാരേ, ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഞാൻ നിങ്ങളോട് ചിലത് പറയേണ്ടതുണ്ട്. 1835-ൽ ജനിക്കുകയും 1908-ൽ ചരമം പ്രാപിക്കുകയും ചെയ്ത

*(ശേഷം 17 -ാം പേജിൽ)*

ലേഖനം

# ഹസ്റത്ത് അഹ്മദ് (അ) : ബ്രിട്ടീഷ് രാജ്ഞിയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ച ദൈവപ്രേഷിതൻ

മൗലാനാ അബ്ദുറഹ്മാൻ ദർദ് (റ)

**ഇസ്രയേലീ പ്രവാചകന്മാർ പോലും പതറിപ്പോയ പ്രബോധന ദൗത്യമായിരുന്നു ഹസ്റത്ത് അഹ്മദ് (അ) 'ആയിനയെ കമാലാത്തെ ഇസ്‌ലാം' എന്ന കൃതിയിൽ നിർവ്വഹിച്ചത്. ബ്രിട്ടീഷ് രാജ്ഞിയെ അഭിസംബോധന ചെയ്ത് ഇസ്‌ലാം മതം സ്വീകരിക്കാൻ ധീരമായി ആവശ്യപ്പെടുന്ന കത്ത് ഈ പുസ്തകത്തിലുണ്ട്.**

ഖാദിയാനിൽ ഒരു അച്ചുക്കൂടം വേണമെന്നതിന്റെ ആവശ്യകത വാഗ്ദത്ത മസീഹിന് തീക്ഷ്ണമായി അനുഭവപ്പെട്ടു. ദിനേനയെന്നോണം അച്ചടിജോലികൾ ഗണ്യമായി വർദ്ധിച്ചുവരികയായിരുന്നു. ദൂരദിക്കിൽ നിന്ന് അച്ചടി ജോലികൾ നിർവ്വഹിക്കുക എന്നത് ഭാരിച്ച ചിലവുള്ള ജോലിയായിത്തീർന്നു. ഹസ്റത്ത് അഹ്മദ് (അ) അമൃത്സറിലെ ശൈഖ് നൂർ അഹ്മദ് സാഹിബിനോടു ഖാദിയാനിൽ ഒരു പ്രസ്സ് തുടങ്ങാൻ അഭ്യർത്ഥിച്ചു. 1892 ആഗസ്തിൽ ഖാദിയാനിൽ വൃത്താകൃതിയിലുള്ള ഒരു മുറിയിൽ (ഗോലാകമ്റാ) ഒരു പ്രസ്സ് സംവിധാനം ചെയ്തു. ഖാദിയാന്റെ ചരിത്രത്തിൽ ഇത് വമ്പിച്ച പ്രാധാന്യമുള്ള ഒരു സംഭവമായിരുന്നു. റിയാസെ ഹിന്ദ് പ്രസ്സ് എന്നായിരുന്നു ഈ സ്ഥാപനത്തിന്റെ പേര്.

1892-ൽ എഴുതിത്തുടങ്ങിയ 'ആയിനയെ കമാലാത്തെ ഇസ്‌ലാം' എന്ന പുസ്തകം 1893 ഫെബ്രുവരിയിലാണ് പൂർത്തിയായത്. ഖാദിയാനിൽ അച്ചടിച്ച ആദ്യത്തെ പുസ്തകമായിരുന്നു അത്. ആയിരത്തി നാനൂറ് കോപ്പി അച്ചടിച്ച 700 പേജുകളുള്ള ആ പുസ്തകത്തിന്റെ 250 പേജുകളോളം അറബി, പേർസ്യ, തുർക്കി, ഈജിപ്ത്, തുർക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിലെ പണ്ഡിതന്മാരെ അഭിസംബോധന ചെയ്തുകൊണ്ടുള്ള സന്ദേശങ്ങളായിരുന്നു. 1893-ൽ ജനുവരി 11-ന് മൗലവി അബ്ദുൽ കരിമീന്റെ അപേക്ഷ പ്രകാരം ഹസ്രത്ത് അഹ്മദ് (അ) ആയിനയെ കമാലാത്തെ ഇസ്‌ലാമിൽ കൂട്ടിച്ചേർത്തതായിരുന്ന 250 പേജുകളുള്ള പ്രസ്തുത ഭാഗം. 1893- ൽ ആഗസ്ത് 10-ന് അതിന്റെ വില പോസ്റ്റേജില്ലാതെ ഒരു രൂപയായിരുന്നു. പിന്നീട് അത് 2 രൂപയാക്കി.

ഈ പുസ്തകം അതുല്യപ്രാധാന്യമുള്ളതാണ്. ആ പുസ്തകത്തിന്റെ പേര് സൂചിപ്പിക്കുന്നത്പോലെ ഇസ്‌ലാമിന്റെ സൗന്ദര്യവും ശക്തിയും കാണിക്കുന്ന ദർപ്പണമായിരുന്നു അത്. മുഹമ്മദ് ഹുസൈൻ ബട്ടാലവി, ഹസ്രത്ത് അഹ്മദി(അ)നെ ബഹിഷ്കരിക്കാൻ രാജ്യത്തുടനീളം സഞ്ചരിച്ച് ഉലമാക്കന്മാരുടെ ഒപ്പുകൾ ശേഖരിക്കുന്നുണ്ടായിരുന്നു. എന്നാൽ ഈ പുസ്തകം സൂക്ഷ്മമായി വായിക്കുമ്പോൾ ഇസ്‌ലാമിന്റെ എത്ര ഉജ്ജ്വലനായ പോരാളിയും വക്താവുമാണ് ഹസ് റത്ത് അഹ്മദ് (അ) എന്ന് നമുക്ക് മനസ്സിലാവും..

ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിലേക്ക് അദ്ദേഹം വെളിച്ചം വിതറുകയും മനുഷ്യന് ആർജ്ജിക്കാൻ കഴിയുന്ന ആദ്ധ്യാത്മിക പ്രഭാവം അദ്ദേഹം ഈ പ്രസംഗത്തിൽ വിവരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ പുത്രൻ, പരിശുദ്ധത്മാവ്, മനുഷ്യനിലെ ദൈവികത എന്നീ വിശേഷണങ്ങളിലെ ആത്മീയാർത്ഥങ്ങളെ അദ്ദേഹം ഈ പുസ്തകത്തിൽ വിശദമാക്കുന്നു. തിന്മ എന്താണ് എന്നതിനെപ്പറ്റിയും ഈ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. മലക്കുകളുടെ പ്രവർത്തനങ്ങളെപ്പറ്റിയും ഖുർആനിക വചനത്തിന്റെ പൊരുളിനെ സംബന്ധിച്ചും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഖുർആന്റെ പല വചനങ്ങളു

ടെയും അർത്ഥങ്ങൾ ഇതിൽ അതിമനോഹരമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള വെളിപാടുകളെപ്പറ്റി വളരെ വ്യക്തമായി ഇതിൽ പ്രതിപാദിക്കുകയും അതിനെ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

പുസ്തകത്തിന്റെ അറബി വിഭാഗത്തിൽ മുസ്‌ലിം രാജ്യങ്ങളിലെ ഉലമാക്കന്മാർക്ക് തന്റെ ദൗത്യം ഹസറത്ത് അഹ്മദ് (അ) വിളംബരം ചെയ്യുകയുണ്ടായി. ഒരു പരിചയപ്പെടുത്തൽ എന്ന നിലക്ക് തന്റെ കുടുംബത്തിന്റെ ചരിത്രപരമായ പശ്ചാത്തലവിവരണവും നൽകിയിരിക്കുന്നു. ഇന്ത്യയിലെ ബ്രിട്ടീഷുകാരുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചതിനുശേഷം വിക്ടോറിയാ രാജ്ഞിക്ക് ഇസ്‌ലാം മതം സ്വീകരിക്കാനുള്ള ഒരു ക്ഷണം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ സ്വന്തം ജീവിതത്തെ പറ്റിയും ഹസ്റത്ത് അഹ്മദ് (അ) അതിൽ ഒരു വിശദീകരണം നൽകിയിട്ടുണ്ട്. തന്റെ വിശിഷ്ടരായ സ്നേഹിതന്മാരെപ്പറ്റിയും അനുയായികളെപ്പറ്റിയും വിവരിച്ചുകൊണ്ടാണ് ആ പുസ്തകം ഉപസംഹരിച്ചിട്ടുള്ളത്.

വിക്ടോറിയാ രാജ്ഞിയെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു:

"ദയാപരയും, സംപൂജ്യയുമായ മഹാറാണീ! മഹിതമായ പ്രതിഭയുടെയും ജ്ഞാനത്തിന്റെയും ഉൾക്കാഴ്ചയുടെയും ഉടയവളായ ഭവതിക്ക് ഇസ്‌ലാം മതത്തെക്കുറിച്ച് അറിവില്ലെന്നും രാജ്യവ്യവഹാരങ്ങൾ അങ്ങ് ഏതൊരു ദൃഷ്ടി കൊണ്ട് ഗ്രഹിക്കുന്നുവോ ആ ദൃഷ്ടിക്കൊണ്ട് ഇസ്‌ലാമിനെക്കുറിച്ച് ഭവതി പഠിച്ചറിയുന്നില്ല എന്നും അറിഞ്ഞ് ഞാൻ വിസ്മയഭരിതനാവുന്നു. ഇരുൾ മുറ്റിയ ഈ രാവിൽ കാഴ്ച അസാധ്യമാണ്. എന്നാൽ ഇപ്പോൾ സൂര്യൻ ജ്വലിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ പകലിന്റെ ഈ ഉജ്ജ്വല പ്രഭയിൽ പോലും ഭവതിക്ക് കാഴ്ചയില്ലാതാവാൻ കാരണമെന്ത്? ഭവതി അറിയുക, അല്ലയോ പ്രതാപശാലിനീ, (ദൈവം ഭവതിയെ തുണക്കട്ടെ) ഇസ്‌ലാം മതം എല്ലാ പ്രകാശങ്ങളുടേയും കേന്ദ്ര സ്രോതസ്സാകുന്നു. എല്ലാ സരണികളുടേയും പ്രഭവകേന്ദ്രമാണ്. എല്ലാ ആദ്ധ്യാത്മിക ഫലങ്ങളുടെയും ആരാമമാണ്. എന്റെ രക്ഷിതാവ് അവന്റെ സൃഷ്ടികളിൽ പ്രേഷിത പ്രവർത്തം നടത്താൻ എന്നെ അയച്ചിരിക്കുന്നു. അവരെ അവന്റെ മതത്തിലേക്ക് ഞാൻ ക്ഷണിക്കുകയാണ്. അവൻ എനിക്ക് ദൃഢമായ തെളിവുകൾ തന്നനുഗ്രഹിച്ചിരിക്കുന്നു. എന്നെ സ്വീകരിക്കുന്നവർക്ക് സുവിശേഷം. അല്ലയോ സൽഗുണസമ്പന്നയായ മഹാറാണീ! ദൈവം ലോകാനുഗ്രഹങ്ങൾ താങ്കളിൽ ചൊരിഞ്ഞിരിക്കുന്നു. ഇനി പരലോകത്തിലെ അനുഗ്രഹങ്ങൾ കൂടി ഭവതി കാംക്ഷിക്കുക.

"പശ്ചാത്തപിക്കുവീൻ! ഒരു പുത്രനെയും സ്വന്തമാക്കിയിട്ടില്ലാത്തവനും ഒരു പങ്കാളിയെയും സ്വീകരിച്ചിട്ടില്ലാത്തവനുമായ ആ ഏകദൈവത്തിനു മാത്രം കീഴ്‌വണങ്ങുകയും അവനെ മാത്രം ഏറ്റമേറ്റം സ്തുതിച്ചുകൊണ്ടിരിക്കുകയും ചെയ്‌വിൻ. ആ സത്യ ദൈവത്തിനുപകരം ഒന്നിനെയും സൃഷ്ടിക്കാൻ കഴിവില്ലാത്ത കൃത്രിമ ദൈവങ്ങളെ ഭവതി സ്വീകരിക്കുന്നുവോ? ഇസ്‌ലാമിനെ സംബന്ധിച്ചു ഭവതിയ്ക്കു വല്ല സംശയങ്ങളുമുണ്ടെങ്കിൽ അതിന്റെ സത്യത്തിലേക്കുള്ള അത്ഭുതാടയാളങ്ങൾ കാണിക്കാൻ ഞാനിതാ സന്നദ്ധനാണ്! എന്റെ എല്ലാ അവസ്ഥകളിലും ദൈവം എന്നോടൊപ്പമാകുന്നു. ഞാൻ പ്രാ ർത്ഥിക്കുമ്പോൾ ദൈവം എന്റെ പ്രാർ ത്ഥനകൾ സ്വീകരിക്കുന്നു. ഞാൻ വിളിക്കുമ്പോൾ അവൻ എന്റെ വിളിക്കുത്തരം നൽകുന്നു. ഞാൻ സഹായത്തിനർത്ഥിക്കുമ്പോൾ അവൻ എനിക്ക് സഹായമെത്തിക്കുന്നു. ഞാൻ എവിടെയായിരുന്നാലും ദൈ വമെന്നെ സഹായിക്കുമെന്നും എന്നെ അവൻ ഒരിക്കലും കൈവെടിയുകയില്ലയെന്നും ഞാൻ വിശ്വസിക്കുന്നു. എന്റെ ദിവ്യദൃഷ്ടാന്തങ്ങളും എന്റെ സത്യത്തിലേക്കുള്ള അടയാളങ്ങളും കാണുവാൻ, പുനരുത്ഥാനത്തെക്കുറിച്ചുള്ള ഭയത്തെ മുൻനിർത്തി അങ്ങ് ഒന്നൽപം ശ്രമിച്ചുനോക്കൂ! അല്ലയോ ചക്രവർത്തിനീ!, പശ്ചാത്തപിക്കുക, പശ്ചാത്തപിക്കുക. എന്നെ ചെവിക്കൊൾക! എന്നെ ചെവിക്കൊൾക!! ദൈവം ഭവതിയെ അനുഗ്രഹിക്കും. ദൈവത്തിന്റെ കാരുണ്യത്തിനു പാത്രീഭൂതരായവരുടെ പ്രത്യേകഗണത്തിൽ ഭവതിയും ഉൾപ്പെടുമാറാകും...... ആ പരീക്ഷണത്തിൽ ഈയുള്ളവൻ കള്ളവാദിയാണെന്ന് തെളിയുന്നപക്ഷം വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ എന്റെ കൈകാലുകൾ ഛേദിക്കപ്പെടുകയോ ചെയ്യുന്നതു എനിക്ക് സമ്മതമായിരിക്കുമെന്നും അപ്പോൾ എന്നെ കൊത്തിയരിഞ്ഞാലും അവർ ചെയ്തതു ശരിയായിരിക്കുമെന്നും, ആ സകലേശ്വരനെ സാക്ഷിനിർത്തിക്കൊണ്ടു ഞാനിതാ പ്രഖ്യാപിച്ചുകൊള്ളുന്നു! എന്നാൽ ഞാൻ സത്യവാദിയാണെന്നു തെളിയുകയാണെങ്കിലോ, താങ്കൾ സ്രഷ്ടാവായ സത്യദൈവത്തിലേക്കു തിരിയുമാറാകണമെന്നല്ലാതെ യാതൊരു പാരിതോഷികവും ഞാൻ ആവശ്യപ്പെടുന്നതല്ല.... ഓ ഭൂമിയിലെ ചക്രവർത്തിനീ, താങ്കൾ ഇസ്‌ലാം മതം സ്വീകരിച്ചാലും. താങ്കളെ ദൈവം രക്ഷിക്കും. ശത്രുക്കളിൽ നിന്നും താങ്കളെ ദൈവം കാക്കും."

എന്തൊരു ധീരവും ആധികാരികവുമായ ശബ്ദമായിരുന്നു അത്. മൂസാ നബി (അ) വളരെ മഹാനായ ഒരു പ്രവാചകനായിരുന്നു. 'വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിരുന്നു' (അപ്പോ: പ്രവൃത്തി 7:22). പക്ഷേ, നമുക്കറിയാം ഫിർഔന്റെ അടുക്കലേക്ക് അദ്ദേഹത്തെ നിയമിച്ചപ്പോൾ ആ ദൗത്യം സന്തോഷത്തോടെയും നന്ദിപൂർവ്വവും ഏറ്റെടുക്കേണ്ടതിനുപകരം അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്:

"ഫിർഔന്റെ അരികിലേക്ക് പോയി ഇസ്രയേൽ മക്കളെ ഈജിപ്തിൽ നിന്നും പുറത്തേക്ക് കൊണ്ടുവരാൻ ഞാനാരാണ്?" ദൈവികമായ എല്ലാ

*(ശേഷം 17 -ാം പേജിൽ)*

ലേഖനം

# ഈസ്റ്റർ : ക്രിസ്തുമതം സ്വാംശീകരിച്ച ഒരു അക്രൈസ്തവാഘോഷം

ഹുസൈൻ എം. സാജിദ്

**പ്രാദേശികമായി ആചരിക്കപ്പെട്ടുവന്ന വസന്തകാലത്തെ ഉത്സവങ്ങളാണ് ക്രിസ്തുമതത്തിൽ ഈസ്റ്ററായി രൂപപ്പെട്ടത്. ക്രിസ്തുവിന്റെ ജീവിതവുമായി അതിന് ബന്ധമൊന്നുമില്ല.**

ക്രിസ്ത്യാനികളുടെ പുണ്യദിനങ്ങളിൽ ഈസ്റ്ററിന് വമ്പിച്ച പ്രാധാന്യമുണ്ട്. ക്രിസ്തീയ വിശ്വാസമനുസരിച്ച് അന്നാളിലാണല്ലോ മാനവരാശിയുടെ പാപപരിഹാരാർത്ഥം യേശു ക്രൂശിക്കപ്പെട്ടത്. മരിച്ചു മൂന്നു പകലും മൂന്നു രാവും കഴിഞ്ഞശേഷം യേശു ഉയിർത്തെഴുന്നേറ്റു എന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. എല്ലാ വസന്തത്തിലേയും ഒരു ഞായറാഴ്ചയാണ് ഈസ്റ്റർ. ക്രൈസ്തവ വിശ്വാസികൾ അന്ന് രാവിലെ എഴുന്നേറ്റ് സൂര്യോദയം ദർശിക്കുന്നു. നാൽപത് ദിവസത്തെ നോമ്പ് (Lent) അന്നാണ് അവസാനിക്കുക. പിന്നീട് മതപരമായ ചടങ്ങുകളിൽ പങ്കെടുത്ത് ഈസ്റ്റർ ആഘോഷിക്കുന്നു. ഈസ്റ്റർ ദിനത്തിൽ മതപരം എന്ന ധാരണയോടെ ആചരിക്കുന്ന മറ്റു ചടങ്ങുകൾ വിചിത്രങ്ങളാണ്. അതിൽപ്പെട്ടതാണ് ചോക്കളേറ്റ് മുയൽ, വർണ്ണ മുട്ടകൾ, മുട്ടവേട്ട, മുട്ടവിനോദങ്ങൾ മുതലായവ. ചിന്താശീലരായ ക്രിസ്തീയ പണ്ഡിതന്മാർ ഇത്തരം ആചാരങ്ങളെ നിശിതമായി ചോദ്യം ചെയ്യുന്നു. എന്താണ് ഈ മുയൽ? എന്തുകൊണ്ട് ഒരു നായ്ക്കുട്ടിയോ പൂച്ചക്കുട്ടിയോ ആയില്ല? മുയൽ മുട്ടയിടാറില്ലല്ലോ! പിന്നെയെന്തു കൊണ്ട് മുയലും മുട്ടയും? എന്തുകൊണ്ട് ഓറഞ്ചോ വലിയ ഉള്ളിയോ ആയില്ല? അവയും ഉരുണ്ടതാണല്ലോ. ഈസ്റ്ററിലെ ഈ ആചാരങ്ങളെല്ലാം ഒരു വിശദീകരണവും വിശകലനങ്ങളും ആവശ്യപ്പെടുന്നു. ഈ ചോദ്യങ്ങൾക്ക് നൽകപ്പെടുന്ന ഉത്തരങ്ങൾ ലളിതങ്ങളും പലവിധത്തിലുള്ളതുമാണ്. എന്താണ് ഈസ്റ്റർ? ചരിത്രത്തിൽ എപ്പോഴാണ് ഈസ്റ്റർ ആഘോഷങ്ങളുണ്ടായത്? ഈസ്റ്റർ ആഘോഷത്തിന് ക്രിസ്തുമത വേദഗ്രന്ഥത്തിൽ എന്തെങ്കിലും പ്രാമാണികമായ തെളിവുകളുണ്ടോ? എന്തുകൊണ്ട് ഈസ്റ്റർ, വർഷത്തിൽ ഞായറാഴ്ച ആഘോഷിക്കപ്പെടുന്നു? എന്തുകൊണ്ട് ഈസ്റ്റർ ദിവസ തിയ്യതിയെ അടിസ്ഥാനമാക്കി മറ്റു ദിവസങ്ങളിൽ ആചരിക്കുന്നില്ല? എന്തുകൊണ്ട് അരുമയായ ഒരു മുയലിനെ ഈസ്റ്ററുമായി ബന്ധിപ്പിച്ചു? ഞായറാഴ്ചയാണ് ഉയിർത്തെഴുന്നേൽപ്പ് സംഭവിച്ചതെന്ന വിശ്വാസത്തിലാണ് ഈസ്റ്റർ എല്ലാവർഷവും സംതൃപ്തിയോടെ ആചരിക്കപ്പെടുന്നത്. പക്ഷേ തിരുവെഴുത്തുകൾ ക്രിസ്തു ഉയിർത്തെഴുന്നേറ്റത് ഞായറാഴ്ചയാണെന്നതിനെ പിന്തുണക്കുന്നില്ല.

ഈസ്റ്റർ ആഘോഷങ്ങൾ വ്രതത്തോടുകൂടിയാണ് ആരംഭിക്കുക. നോമ്പ് ആചരണത്തിന്റെ ഉത്ഭവവും അവ്യക്തതയിലും നിഗൂഢതയിലും മുങ്ങിനിൽക്കുന്നു. കത്തോലിക്കാ എൻസൈക്ലോപീഡിയയിൽ നോമ്പ് (Lent)ന്റെ വിവരണം ഇപ്രകാരമാണ്:

"ആത്മപവിത്രീകരണത്തിന്റെ നോമ്പുകാല(Penitential Season of Lent)ത്തിന്റെ ഉത്ഭവം അവ്യക്തമാണ്. അതിന്റെ ദൈർഘ്യം കാലാകാലങ്ങളിൽ വ്യത്യസ്തമായിരുന്നു. പക്ഷേ നാൽപത് ദിവസമാണെന്ന തത്ത്വം (ലാറ്റിൻ ഭാഷയിൽ ക്വാഡ്രേജിസിമ - Quadragesima ഇറ്റാലിയൻ – Quaresima, , ഫ്രഞ്ച് – Caremc) നാലാം നൂറ്റാണ്ടു മുതൽ പ്രാബല്യത്തിൽ വന്നതാണ്."

Plain Truth എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"യേശു ജനിക്കുന്നതിന് 2000 വർഷം മുമ്പുതന്നെ നോമ്പ് (Lent) ആരംഭിച്ചിട്ടുണ്ട്. Lent എന്ന വാക്കിന്റെ ഉദ്ഭവം വസന്തം എന്ന് അർത്ഥമുള്ള Lencten എന്ന പഴയ ഇംഗ്ലീഷ് വാക്കിൽ നിന്നാണ്. Lent തനത് രൂപത്തിൽ ആഘോഷിക്കപ്പെടുന്നത് വസന്തകാലത്തിന്റെ ആരംഭം എന്ന നിലക്കാണ്. നോമ്പുകാലത്തെ

Lent നെ പറ്റി ബൈബിൾ മൗനം പാലിക്കുകയാണ്. അത് യേശുവിനോടൊപ്പം ആരംഭിച്ചതല്ല. പോൾ അടക്കം അപ്പോസ്തലന്മാർ ആരും തന്നെ അത് ആചരിച്ചിട്ടില്ല."

പന്ത്രണ്ട് അപ്പോസ്തലന്മാരുടേയും മരണത്തിനുശേഷം 100 വർഷം കഴിഞ്ഞ് ഫ്രാൻസിലെ ബിഷപ്പായിരുന്ന ഇരണേവൂസ് (Irenaeus) റോ മിലെ ബിഷപ്പിനെഴുതിയ ഒരു കത്തിൽ നോമ്പുകാലത്തെപ്പറ്റിയും ഈസ്റ്ററിനെപ്പറ്റിയും ചില വിവാദങ്ങൾ ഉള്ളതായി പരാമർശിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"ഈസ്റ്റർ ദിവസത്തെപ്പറ്റി മാത്രമല്ല തർക്കങ്ങളുള്ളത്. നോമ്പാചരണത്തിന്റെ രീതിയെ സംബന്ധിച്ചും തർക്കമുണ്ട്. ചിലർ അത് ഒരു ദിവസം ആചരിച്ചാൽ മതിയെന്ന് കരുതുന്നു. ചിലർ രണ്ടു ദിവസമെന്നും മറ്റു ചിലർ നാല്പത് ദിവസമെന്നും പറയുന്നു.

"ആ കാലത്തുതന്നെ ഈസ്റ്ററിനെ സംബന്ധിച്ച് നിശ്ചിതമായ ഒരഭിപ്രായമില്ലായിരുന്നു. യേശുവും അനുചരന്മാരും ഈസ്റ്റർ നോമ്പിന്റെ അഥവാ പെസഹാ നോമ്പിന്റെ ഈ പ്രശ്നം അഭിമുഖീകരിച്ചിരുന്നില്ല. കാരണം അവരാരും തന്നെ ഇത് ആചരിച്ചിരുന്നില്ല. അവരിൽ നിന്നും ഇക്കാര്യത്തിൽ യാതൊരു മാർഗ്ഗദർശനവും ലഭിക്കുക സാദ്ധ്യമല്ല. ഈ ആചാരം യേശുവിന്റെ മരണത്തിനുശേഷം വളരെ കഴിഞ്ഞാണ് ആരംഭിച്ചത്. പണ്ടു മുതൽക്കേ ഉണ്ടായിരുന്ന ഈ ആചാരം ഇരണേവൂസാണ് കൊണ്ടുവന്നത്. നോമ്പ് ആചരണത്തിലെ ഈ വ്യത്യസ്തതകൾ നമ്മുടെ കാലത്ത് ആവിർഭവിച്ചതല്ല. പണ്ട് മുതൽക്കേയുള്ളതാണ്. ഇക്കാര്യത്തിൽ അവർ ശക്തമായ കണിശതയൊന്നും പുലർത്തിയില്ല. അവർക്ക് അതൊരു സ്വകാര്യ ഇടപാടായിരുന്നു".

('Esuebius': Church History. Chapter 24 Book 5). ഇത് വ്യക്തമായും സൂചിപ്പിക്കുന്നത് നോമ്പാചരണം ദൈവത്താൽ ആജ്ഞാപിക്കപ്പെട്ടതല്ല എന്നാണ്. സഭയിലേക്ക് അത് കടന്നുവന്നത് വ്യക്തികളുടെ സ്വകാര്യ ആചരണങ്ങളിലൂടെയാണ്. ക്രിസ്ത്യാനികളിലേക്ക് അക്രൈസ്തവരായ ജനസമൂഹങ്ങളിൽ നിന്നാണ് ഈ ആചാരം പകർന്നത്. എപ്പോഴാണ് ക്രിസ്ത്യാനികൾ നോമ്പിന്റെയും ഈസ്റ്ററിന്റെയും ആഘോഷങ്ങൾ ആരംഭിച്ചത് എന്ന ചോദ്യം ഉയർന്നു വരുന്നു. ഇതിന് 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കത്തോലിക്കാ മെത്രാനായിരുന്ന കസിയൻ(Cassion) മറുപടി പറയുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

"പുരാതന സഭകളുടെ അവികലത അലംഘനീയമായി നിലനിന്നപ്പോൾ നോമ്പാചരണം ഇല്ലായിരുന്നു. ആളുകൾ അപ്പോസ്തലികമായ ദിവ്യാഭിലാഷങ്ങൾ നിറവേറ്റാതിരുന്നപ്പോൾ പുരോഹിതന്മാർ ഇഹലോകപരമായ സൂക്ഷ്മതക്ക് വേണ്ടി ഒരു കാനോനിക പ്രഖ്യാപനത്തിലൂടെ നോമ്പ് നടപ്പാക്കാമെന്ന് തീരുമാനിച്ചു" (Antiquities of the Christian Church. Book-21, Chapter - I).

കസിയന്റെ കാലം നമ്മുടെ കാലത്തെ സഭാ അധികാരികളുടെ കാലത്തേക്കാൾ ക്രൈസ്തവതയുമായി കൂടുതൽ അടുത്തതാണ്. അപ്പോസ്തലന്മാരുടേയും പൗരാണിക സഭകളുടേയും കാലത്തിന് ശേഷം പുരോഹിതന്മാരാണ് നോമ്പാചരണം നടപ്പാക്കിയതെന്ന് യാതൊരു സംശയത്തിനും വക നൽകാത്തവിധം അദ്ദേഹം തുറന്നെഴുതുന്നു. ഈ ആചരണത്തിന് തിരുവെഴുത്തുകളോ യേശുവിന്റെയോ അപ്പോസ്തലന്മാരുടെയോ നടപടികൾ പ്രമാണമായി വരുന്നില്ല. ഇത് പുറംജാതികളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തെത്തിയ വിശ്വാസികളെ പിടിച്ചുനിർത്തുവാൻ ഉണ്ടാക്കിയ ഒരു കൃതിപ്പ് മാത്രമാണ്. കത്തോലിക്കാ എൻസൈക്ലോപീഡിയ പറയുന്നു:

"എന്തു തന്നെയായാലും സെന്റ് അതനാസിയസിന്റെ (എ.ഡി. 351) കത്തുകളിൽ നിന്നും വ്യക്തമായും മനസ്സിലാവുന്നത്, വിശുദ്ധ പെസഹാ വാരത്തിന്റെ മുന്നോടിയായിക്കൊണ്ട് തന്റെ നാട്ടുകാർ നാല്പത് ദിവസത്തെ നോമ്പ് ആചരിച്ചിരുന്നു എന്നാണ്. രണ്ടാമതായി എ.ഡി. 339ൽ അദ്ദേഹം റോമിലും യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലുമെത്തിയപ്പോൾ അദ്ദേഹത്തിന്റെ അധികാരപരിധിയിലുള്ള ക്രൈസ്തവർ ഈ നോമ്പ് നിർബന്ധപൂർവ്വം ആചരിക്കണമെന്ന് എഴുതി ആവശ്യപ്പെടുകയാണുണ്ടായത്"

ഈസ്റ്റർ എന്ന പദം ട്യൂട്ടോണിക് (ജർമ്മൻ) വസന്തദേവതയായ ഇയോസ്റ്ററെയു (Eostre) ടെ പേരിൽ നിന്നും നിഷ്പന്നമായതാവാം. അല്ലെങ്കിൽ ട്യൂട്ടോണിക് വസന്തോത്സവമായ ഈസ്റ്റ്യുറി (Eastur)ൽ നിന്നും വന്നതാവാം. (The World Book Encyclopaedia. Vo. VI. P. 25).

'Two Babylons' എന്ന പുസ്തകത്തിൽ റവ. അലക്സാണ്ടർ ഹിസ്ലോപ് ദേവമാതാവിന്റെയും അവരുടെ പുത്രന്റെയും ഉല്പത്തിയെപ്പറ്റി ചർച്ച ചെയ്യുന്നുണ്ട്. (പേജ്. 20) അദ്ദേഹം എഴുതുന്നു.'

"ദേവമാതാവിനെ വ്യാപകമായി ആരാധിക്കാൻ കാരണമായി വിശ്വസിക്കപ്പെടുന്നത് ബാബിലോണിയക്കാർ ആരാധിക്കുന്ന സെമിറാമിസ് (Semiramis) എന്ന ആരാധനാമൂർത്തി മൂലമാണ്. റിയ (Rhea) എന്നുകൂടി നാമമുള്ള ഈ ദേവമാതാവിനെ മറ്റു കിഴക്കൻ ദേശക്കാരും ആരാധിക്കുന്നു. ഈ കന്യകാദേവതക്ക് പിറന്ന പുത്രനുമായി ബന്ധപ്പെട്ട് ചില ആഘോഷങ്ങളും ഉണ്ട്. ആകാശദേവതയായ അഥവാ വസന്തത്തിന്റേയും ഫലസമൃദ്ധിയുടേയും ദേവകന്യകയായ അസ്റ്ററേറ്റിന്റെ അല്ലെങ്കിൽ ഇസ്താറിന്റെ ഉത്സവം സൂര്യൻ അതിന്റെ പരിക്രമണത്തിൽ വസന്തവിഷുഭരാശിയിലെത്തിയതിന്ന് ശേഷമുള്ള പൂർണ്ണചന്ദ്രന് പിറകെ വരുന്ന ഞായറാഴ്ചയാണ് ആചരിക്കുക. സൂര്യന്റെ വാർഷിക പരിക്രമണവേള

യിൽ ആകാശത്ത് മേടരാശിയിൽ കുരിശിന്റെ ആകൃതിയിൽ മധ്യരേഖ കടക്കുന്നു. ഇത് സൂര്യദേവന്റെ വിജയമായി കണക്കാക്കപ്പെടുന്നു. മനുഷ്യകുലത്തെ ഇരുട്ടിന്റെ ശക്തികളിൽ നിന്നും മോചിപ്പിക്കുന്ന തന്റെ ഏകമകനാൽ രചിക്കുന്ന സൂര്യദേവന്റെ കന്യകയായ രാജ്ഞി തുടർന്ന് വരുന്നു. അതിനുശേഷം തന്റെ പുത്രനെ വിശ്വാസികളെ നോക്കിപ്പാർക്കാൻ ആകാശത്തിലേക്കയക്കുന്നു. അതിനുശേഷം ആകാശത്തിലെ 'മേഷം' അഥവാ 'മേടം' (ആട്) ആയി അവൻ മാറുന്നു. ഈ ആഘോഷമാണ് ചൂടുള്ള കുരിശ് ബൺ (Hot Corss Buns) ആയി ആഘോഷിക്കപ്പെടുന്നത്. വട്ടത്തിലുള്ള ബൺ സൂര്യനെ കുറിക്കുന്നു. അതിലുള്ള കുരിശടയാളം സൂര്യൻ ആകാശത്ത് ഉണ്ടാക്കുന്ന മാന്ത്രിക ചിഹ്നമാണ്. ഇരുട്ടിന്റെ ശക്തികളിൽ നിന്നും രക്ഷകനെ രക്ഷിക്കുന്നത് ഈ കുരിശാണ്.

ഈസ്റ്റർ എന്ന ചില ഭാഷകളിലെ പദങ്ങൾ ഹിബ്രുവിലെ 'പെസഹ' എന്ന പേരിൽ നിന്നും വന്നതാണ്. സ്പാനിഷ് സംസാരിക്കുന്ന ജനങ്ങൾ ഈസ്റ്ററിനെ പെസ്ക്വ (Pascua) എന്നാണ് വിളിക്കാറ്, ഇറ്റാലിയൻ ഭാഷക്കാർ ഈസ്റ്ററിനെ Pasquar എന്നും ഫ്രഞ്ചുകാർ Pasques എന്നും വിളിക്കുന്നു. ഈസ്റ്റർ പൗരാണിക കാലത്തെ പ്രാകൃതജനങ്ങളുടെ വസന്തോത്സവകാലത്തെ നിരവധി ആഘോഷങ്ങളുമായി ബന്ധമുള്ളതാണ്. ചിലത് പെസഹാ ആഘോഷങ്ങളിൽ നിന്ന് വന്നതുമാണ് (World Book of Encyclopaedia Vo. VI P. 26). അതുകൊണ്ട് സൂര്യദേവന്റെ വിജയം ആകാശത്തിലെ ആടിന്റെ സ്വാധീനം കൊണ്ടാണെന്ന് കണക്കാക്കപ്പെടുന്നത് സ്വാഭാവികമാണ്. അങ്ങനെ ഉയർന്നുപോകുന്ന ര ക്ഷകന്റെ പ്രതീകമായി ആട് ചിത്രീകരിക്കപ്പെട്ടു. അതിന്റെ വഴി ഭൂലോകത്ത് നിന്ന് ആകാശത്തേക്കുമായി. ('Pagan and Christian Creed' P. 39).

'Golden Bough' എന്ന പുസ്തകത്തിൽ പ്രേസർ ഫ്രിജിയൻ, കന്യകയുടെ പുത്രനായ ദൈവമകനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. അദ്ദേഹം ഒരു പൈൻ മരത്തിൽ കുരിശിക്കപ്പെടുകയും രക്തം വാർന്നു മരിക്കുകയുമാണ് ചെയ്തത്. അവന്റെ രക്തം ഭൂമിയെ ഫലഭൂയിഷ്ടമാക്കി നവീകരിക്കുകയും മനുഷ്യവംശത്തിന് പുതിയ ജീവിതം പ്രദാനം ചെയ്യുകയും ചെയ്തു. ദൈവപുത്രൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ഫ്രേസർ എഴുതുന്നു:

"അദ്ദേഹത്തിന്റെ മരണവും പുനരുത്ഥാനവും മാർച്ച് 24-ന് ആചരിക്കുമ്പോൾ കുരിശാകൃതിയിൽ ഉണ്ടാക്കിയ ഒരു പൈൻ മരത്തോട് അദ്ദേഹത്തിന്റെ പ്രതിമ കൂട്ടികെട്ടുന്നു. ആ ദിനത്തെ അവർ 'രക്തത്തിന്റെ ദിനം' എന്നാണ് വിളിക്കാറ്. ആ ദിവസം മുതൽ ആരാധനാമൂർത്തി രക്തം വാർന്നൊഴുകി മരിക്കാൻ തുടങ്ങുന്നു. ക്രൂശിതനായ ആ രൂപം പിന്നീട് കല്ലറയിൽ വെക്കപ്പെടുന്നു. അപ്പോൾ പ്രതീകാത്മകമായ വിലാപങ്ങളും ഉയരുന്നു. തുടർന്ന് ദുഃഖമെല്ലാം പോയി സന്തോഷത്തിന്റെ സുദിനമായ പിറ്റേന്ന് കല്ലറ ശൂന്യമായി കാണപ്പെടുന്നു. മാർച്ച് 25-ന് ഉയിർത്തെഴുന്നേൽപ്പിന്റെ ദിനം ആഘോഷിക്കപ്പെടുന്നു. ഈ ചടങ്ങുകളിൽ രക്തം കൊണ്ടുള്ള ജ്ഞാന സ്നാനവും തിരുവത്താഴവും കൂടി ഉൾപ്പെടുന്നു.

ഈസ്റ്റർ കാലത്ത് പ്രകൃതിയിലേക്ക് തിരിച്ചുവരുന്ന നവചേതനയെ മുട്ട പ്രതിനിധീകരിക്കുന്നു. മുട്ട കൈമാറുന്ന സമ്പ്രദായം പണ്ട് കാലം മുതൽക്ക് തന്നെ ഉണ്ടായിരുന്നു. പുരാതന കാലത്ത് ഈജിപ്തുകാരും പേർഷ്യക്കാരും വസന്തകാലത്ത് മുട്ടക്ക് വർണ്ണങ്ങൾ ചാർത്തി സ്നേഹിതന്മാർക്ക് ഉപഹാരങ്ങളായി നൽകിയിരുന്നു. പേർഷ്യക്കാർ വിശ്വസിച്ചിരുന്നത് ഭൂമി തന്നെ വലിയൊരു അണ്ഡത്തിൽ നിന്നും പിറന്ന് വീണതാണെന്നായിരുന്നു. ത്രിത്വസിദ്ധാന്തത്തിലും പുനരുത്ഥാന വാദത്തിലും ഇത്തരത്തിലുള്ള ആചാരങ്ങൾ കാണുക സ്വാഭാവികം മാത്രമാണ്. മെസപ്പൊട്ടേമിയയിലെ ക്രിസ്ത്യാനികളാണ് വർണ്ണമടിച്ച മുട്ടകൾ ആദ്യമായി ഈസ്റ്ററിന് ഉപയോഗിക്കാൻ തുടങ്ങിയത്.

ഈസ്റ്റർ മുയലിന്റെ (Easter Bunny) പിന്നിലുള്ള കഥ അവിശ്വസനീയമെന്നു മാത്രമല്ല ഭാവനയെപ്പോലും അമ്പരപ്പിക്കുന്നതാണ്. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉറവിടമായ ദൈവത്താൽ സ്ഥാപിതമായത് എന്നവകാശപ്പെടുന്ന ഒരു മതം ഇത്തരം വിശ്വാസങ്ങൾ കൈക്കൊള്ളുന്നത് അത്ഭുതകരം തന്നെ! ചെറിയ കുഞ്ഞുങ്ങൾ ഈസ്റ്റർ മുയൽ ഈസ്റ്റർ മുട്ടകൾ ഇടുന്നു എന്ന് വിശ്വസിക്കുന്നു. വാർത്താമാധ്യമങ്ങളുടെ മുമ്പിൽ വെച്ച് വൈറ്റ്ഹൗസിന്റെ പുൽതകിടിയിൽ ഇത്തരം മനുഷ്യകൃതമായ ആചാരങ്ങൾ ആഹ്ലാദകരമായ അന്തരീക്ഷത്തിൽ മുതിർന്ന ക്രിസ്ത്യാനികൾ കാഴ്ചവെക്കുന്നു.

World Book of Encyclopaedia എഴുതുന്നു: "ഈ വിശ്വാസം മിക്കവാറും ജർമ്മനിയിൽ നിന്ന് വന്നതാകാനാണ് സാധ്യത. ഒരു ഇതിഹാസ വിവരണപ്രകാരം ഒരു പാവപ്പെട്ട സ്ത്രീ ക്ഷാമ കാലത്ത് മുട്ടകൾക്ക് വർണ്ണമിട്ടുകൊണ്ട് ഈസ്റ്ററിന് തന്റെ കുഞ്ഞുങ്ങൾക്ക് സമ്മാനം നൽകാൻ ഒരു പക്ഷിക്കൂടിൽ ഒളിപ്പിച്ചുവെച്ചു. കുട്ടികൾ പക്ഷിക്കൂട് കണ്ടെത്തിയപ്പോൾ ഒരു മുയൽ അതിൽ നിന്നും ചാടിപ്പോയി. പിന്നീട് മുയൽ മുട്ടയിട്ടു എന്ന കഥയാണ് പ്രചരിച്ചത്."

പുനരുത്ഥാനം എന്ന് പറയപ്പെടുന്ന സംഭവം നടന്ന ജെറുസലേമിൽ വെച്ചായിരുന്നോ ആദ്യമായി ഈസ്റ്റർ ആഘോഷിച്ചത് തീർച്ചയായും അല്ലായിരിക്കും. റോമൻ ആചാരങ്ങളാൽ സ്വാധീനിക്കപ്പെട്ട ഈജിപ്തിലെ അലക്സാണ്ട്രിയൻ ബിഷപ്പായിരുന്ന അതനാസിയസ് മുഖേന റോമിൽ വെച്ചായിരിക്കാം ഈസ്റ്റർ ആഘോഷം ആദ്യമായി നടന്നത്. ഈസ്റ്റർ

മാത്രമല്ല, ഈസ്റ്റർ നോമ്പു (Lent) സഭയിലേക്ക് കടന്നുവന്നത് റോമിൽ വെച്ചാണ്. സുവിശേഷങ്ങളോ അപ്പോസ്തലന്മാരോ ഈ ആഘോഷം നടപ്പാക്കിയിട്ടില്ല.

സോക്രട്ടീസ് സ്കോളാസ്റ്റിക്കസ് (4-ാം നൂറ്റാണ്ട് എ.ഡി.) അദ്ദേഹത്തിന്റെ Ecclesiastical History (സഭാചരിത്രം) എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

"അപ്പോസ്തലന്മാരോ സുവിശേഷങ്ങളോ ഈസ്റ്റർ ആഘോഷിക്കാൻ പറഞ്ഞിട്ടില്ല. എവിടേയുമുള്ള മനുഷ്യൻ ആഘോഷങ്ങൾ ഇഷ്ടപ്പെടുന്നു. എല്ലായിടത്തുമുള്ള വ്യക്തികളും അവരവരുടെ ആഹ്ലാദത്തിനായി അവിടങ്ങളിലെല്ലാം ഈസ്റ്റർ ആഘോഷിക്കുന്നു. രക്ഷകനാകട്ടെ, അപ്പോസ്തലന്മാരാകട്ടെ ഈ ആഘോഷത്തിന് യാതൊരു നിയമവും നിർദ്ദേശിച്ചിട്ടില്ല. നാട്ടുനടപ്പനുസരിച്ച് അതാത്പ്രദേശത്തെ ഉത്സവാഘോഷങ്ങൾ ആചരിക്കുന്നത് പോലെയാണ് അതുകൊണ്ട് ഈ സ്റ്ററും ആഘോഷിക്കുന്നത്. അതാത് പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് അത് ആഘോഷിക്കപ്പെടുന്നു. അപ്പോസ്തലന്മാർ ആരും തന്നെ അത് നിയമവിധേയമാക്കിയിട്ടില്ല. അതായത് ഈ ആചാരം നിയമപ്രകാരം ആവിർഭവിച്ചതല്ല. നാട്ടുനടപ്പിലൂടെ വന്നുചേർന്നതാണ്. വസ്തുതകൾ അതാണ് തെളിയിക്കുന്നത്. (Ecclesiastical History Chapt.22)

ഇറണേവൂസ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ എഴുത്തിലൂടെ നമ്മെ അറിയിക്കുന്നത്, നോമ്പും ഈസ്റ്ററും ക്രിസ്തുസഭയിൽ കടന്നുവന്നത് റോമിൽവെച്ച് ബിഷപ്പ് സിസ്റ്റസിന്റെ കാലത്താണ് എന്നാണ്. ഈസ്റ്റർ എന്നത് വസന്തകാലത്തെ ഉത്സവമാണ്. അതാണ് ഉയിർപ്പ് പെരുന്നാൾ ആയി ആചരിക്കപ്പെടുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ തമ്മിൽ ഈസ്റ്റർ തിയ്യതിയെ സംബന്ധിച്ച് വളരെയേറെ തർക്കങ്ങളുണ്ടായി. ഈ വിഷയത്തെ സംബന്ധിച്ച് ബെദെ (Bede) എന്നയാൾ രണ്ടു വാല്യങ്ങളുള്ള ഗ്രന്ഥം രചിച്ചിട്ടുണ്ട്. കിഴക്കൻ സഭകൾ നോമ്പ് അവസാനിപ്പിച്ച് ഈസ്റ്റർ ആഘോഷിക്കുന്നത് ജൂത കലണ്ടറിലെ നിസ്സാൻ മാസത്തിലെ 14-ാം രാവിലാണ്. യഹൂദികളുടെ ഈജിപ്തിൽ നിന്നുള്ള പുറപ്പാട് ഈ ദിവസത്തിലായതുകൊണ്ട് ആ സംഭവവുമായി ഇതിനെ ബന്ധിപ്പിക്കുന്നു. പടിഞ്ഞാറൻ സഭകൾ അതിനെ ക്വാർട്ടോ ഡെസിമൻസ് (Quarto decimans) അതായത് 14 എന്ന് വിളിച്ചിരുന്നു. വസന്തവിഷുഭത്തിലെ പതിനാലാം രാവ് കഴിഞ്ഞ് ഞായറാഴ്ച ദിവസമാണ് പാശ്ചാത്യസഭകൾ ഈസ്റ്റർ ആചരിക്കുന്നത്. അന്ത്യോഗ്യൻ സഭ ഈസ്റ്റർ വ്യത്യസ്ത തിയ്യതികളിലാണ് ആചരിക്കുന്നത്. നിസ്സാൻ മാസത്തിലെ 14-ാം തിയ്യതിക്ക് ശേഷം വരുന്ന ഞായറാഴ്ച യാണ് അവർ ഈസ്റ്റർ ആഘോഷിക്കുന്നത്.

ഈ അവസരത്തിൽ (കമ്മോഡസിന്റെ ഭരണത്തിൽ ഏ.ഡി. 189ൽ) വമ്പിച്ച ഒരു വിവാദം പൊട്ടിപുറപ്പെടുകയുണ്ടായി. പുരാതന ആചാരപ്രകാരം അവർ ചന്ദ്രമാസത്തിലെ പതിനാലാം ദിവസം (നിസ്സാൻ മാസത്തിലെ പതിനാലാം പൗർണമി ദിനം) ആണ് പെസഹാ ആഘോഷങ്ങൾ ആരംഭിക്കുന്നത്. പക്ഷേ ലോകത്തിൽ മറ്റൊരിടത്തും ഇങ്ങനെ ആഘോഷങ്ങളുണ്ടായിരുന്നില്ല. ആയതിനാൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ബിഷപ്പുമാരുടെ സുന്നഹദോസ് വിളിച്ചുകൂട്ടി. സസേറിയയിലെ ബിഷപ്പു തിയോഫിലസ്, ജെറുസലേം ബിഷപ്പു നാർസിസസ്, റോമിലെ ബിഷപ്പ് വിക്ടർ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. (History of the Church by Easebius. Book 5, 23. P 229-230)

ചൂടുപിടിച്ച ചർച്ചകൾക്ക് ശേഷം റോമൻ ബിഷപ്പ് പോപ്പ് വിക്ടർ (189 ഏ.ഡി.) ക്വാർട്ടോഡെസിമെൻ വിവാദം ഭീഷണിപ്പെടുത്തി അവസാനിപ്പിച്ചു. റോമൻ ആചാരവുമായി സഹകരിക്കാത്തവരെ സഭയിൽ നിന്നും പുറത്താക്കുമെന്നായിരുന്നു ഭീഷണി. ഏ.ഡി. 325ലെ നിഖ്യാ കൗൺസിലിൽ ഇത് സംബന്ധിച്ച് അന്തിമവിധിയുണ്ടായി. നിഖ്യായിലെ ആദ്യത്തെ കൗൺസിൽ നടന്നത് റോമൻ പോപ്പിന്റെ കാർമ്മികത്വത്തിലായിരുന്നില്ല. മറിച്ച് കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ആധിപത്യത്തിലായിരുന്നു. പോണ്ടിഫ് മിക്സിമസ് എന്ന അദ്ദേഹത്തിന്റെ പരമോന്നത പദവി ഉപയോഗിച്ച് പാലിക്കേണ്ട ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഈ ക്രമീകരണങ്ങളിൽ ക്രിസ്റ്റോസിന്റെ അഥവാ ക്രിസ്തുവിന്റെ ജന്മദിനം നിമ്രോദ് മിത്രയുടെ ജന്മദിനം അന്നാണ് കോൺസ്റ്റന്റയിൻ അതിനെ എക്സ്-മാസ് എന്നു പേരുവിളിച്ചു.

സൂര്യഭഗവാന്റെ ഏത് ദിവസത്തിലാണ് ഈസ്റ്റർ ആചരിക്കപ്പെടേണ്ടതെന്നും അദ്ദേഹം നിശ്ചയിച്ചു. യേശുവിന്റെ അദ്ധ്യാപനപ്രകാരമുള്ള ഏകദൈവത്തിനു പകരം ത്രിത്വത്തിൽ ഏകത്വം എന്ന നിമ്രോദിന്റെ മിത്രായിസത്തിലെ അദ്ധ്യാപനങ്ങളാണ് അദ്ദേഹം നടപ്പാക്കിയത്. ബഹിഷ്കരണം നടപ്പാക്കിയത് മൂലം ഈസ്റ്റർ ദിനാചരണത്തിൽ ഏകോപനമില്ലായിരുന്നു.

ഇസൂബിയസ് വീണ്ടും എഴുതുന്നു:

"പണ്ട് പോളിക്രാറ്റസിന്റെ കാലം മുതൽ തങ്ങൾ ആചരിച്ചുവരുന്ന ഒരു ആഘോഷത്തെപ്പറ്റി ഏഷ്യൻ ബിഷപ്പ് ഒരു കത്തിലൂടെ റോമൻ ബിഷപ്പ് വിക്ടറിനെ അറിയിക്കുകയുണ്ടായി. വിക്ടർ റോമൻ ചർച്ചിൽ ആ ആഘോഷം ആരംഭിക്കാൻ പോവുകയാണ്. സന്മാർഗ്ഗനിഷ്ഠയോടുകൂടി ഞങ്ങളുടെ ഭാഗത്ത് നിന്ന് ഈ ദിനം ആചരിക്കുന്നു. യാതൊരു കൂട്ടിച്ചേർക്കലും കുറക്കലും കൂടാതെ". പോളിക്രാറ്റസ് പെസഹാദിനം പതിനാലാം ദിനമായി ആചരിച്ചതിന് നിരവധി രക്തസാക്ഷികളുടെയും സഭാപിതാക്കന്മാരുടേയും പേരുകൾ ഉദ്ധരിക്കുന്നുണ്ട്. സുവിശേഷപ്രകാരം (യോഹന്നാൻ 12:1-12

വരെയുള്ള വചനങ്ങൾ കാണിക്കുന്നത്, ക്രൂശീകരണം പെസഹാദിനത്തിലാണ് നടന്നതെന്നാണ്. അത് നിസാൻ മാസം 14-ന് ആണ് എപ്പോഴും ആചരിക്കപ്പെടുന്നത്. അണു മാത്രപോലും വ്യതിചലിക്കാതെ വിശ്വാസനിയമങ്ങൾ പാലിക്കുകയാണ് ചെയ്യുന്നത്. അവസാനമായി പോളിക്രാറ്റസ് എന്നു വിളിക്കപ്പെടുന്ന ഞാനും ഏറ്റവും കുറഞ്ഞത് നിങ്ങളെല്ലാവരും എന്റെ കുടുംബത്തിന്റെ പാരമ്പര്യപ്രകാരം പ്രവർത്തിക്കുന്നു. ഞങ്ങളുടെ കുടുംബത്തിലെ ബിഷപ്പുമാരായ 7 പേരും ഞാനടക്കം 8 പേർ ഈ ദിനം ആചരിക്കുന്നു. കർത്താവിന്റെ ശുശ്രൂഷയിൽ കഴിഞ്ഞ 65 വർഷം കഴിയുകയും ലോകത്തുള്ള നിരവധി ജനങ്ങളെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുകയും തിരുവചനങ്ങൾ ശ്രദ്ധാപൂർവ്വം അനുധാവനം ചെയ്യുന്നവരുമാണ് ഞങ്ങളുടെ കുടുംബം. (The History of Churches - Book 5. 14:1)

അദ്ദേഹത്തോടൊപ്പമുള്ള ബിഷപ്പുമാരെക്കുറിച്ചും തന്റെ അഭിപ്രായം പങ്കിടുന്നവരെക്കുറിച്ചും പരാമർശിച്ച് അദ്ദേഹം എഴുതുന്നു:

'എന്റെ കൂടെ നിൽക്കുന്നവരും താങ്കളുടെ അപേക്ഷപ്രകാരം എന്റെ വിളിക്കുത്തരം ചെയ്തവരുമായ ബിഷപ്പുമാരുടെ പേര് എനിക്ക് എഴുതുവാൻ കഴിയും. ഞാൻ അവരുടെ പേരെഴുതുകയാണെങ്കിൽ ആ ലിസ്റ്റ് വളരെ നീണ്ടതായിരിക്കും. അവർ എന്റെ കത്ത് അംഗീകരിച്ചിരിക്കുന്നു.'

'അതിന്റെ ഫലമായി ഈ ജനകീയ റോമൻ സഭയുടെ തലവനായ വിക്ടർ ഏഷ്യൻ രൂപതകളെയും അയൽപക്ക രൂപതകളെയും മുഴുവൻ ഒറ്റയടിക്ക് വിശ്വാസ വിപരീതത്തിന്റെ പേരിൽ ഒറ്റപ്പെടുത്തുകയുണ്ടായി. അവിടെയുള്ള എല്ലാ ക്രിസ്തീയരെയും അദ്ദേഹം അപലപിച്ചുകൊണ്ടു കത്തെഴുതി. പക്ഷേ മറ്റ് ബിഷപ്പുമാരുടെ നിലപാട് ഇതായിരുന്നില്ല. വിക്ടറിനെ ഇതിന്റെ പേരിൽ താക്കീത് ചെയ്ത മറ്റു ബിഷപ്പുമാരെക്കുറിച്ചും നമുക്കിന്നറിയാം. അവരിൽപ്പെട്ടയാളാണ് ഇറനാവൂസ്. ഗാവൂളിലെ അദ്ദേഹത്തിന്റെ ക്രിസ്തീയ സമൂഹത്തിനുവേണ്ടി ഇറനാവൂസ് എഴുതി:

"തർക്കം ദിവസത്തെക്കുറിച്ചു മാത്രമല്ല ആഘോഷത്തിന്റെ സ്വഭാവത്തെക്കുറിച്ചുമുണ്ട്. അത്തരത്തിലുള്ള വ്യത്യാസങ്ങൾ നമ്മുടെ കാലത്ത് ആരംഭിച്ചതല്ല. നമ്മുടെ പൂർവ്വികരുടെ കാലത്ത് ആരംഭിച്ചതാണ്. അവർ ഇത്തരം കാര്യങ്ങളിൽ വലിയ കണിശതയൊന്നും പാലിച്ചിരുന്നില്ല. അവർ ഒരു സമയം നിശ്ചയിക്കുക മാത്രമാണ് ചെയ്തത്.

ആയതിനാൽ നോമ്പ് ചില ദിവസങ്ങളിൽ നീണ്ടുനിൽക്കുന്നു. ഒന്നോ രണ്ടോ ദിവസം അല്ലെങ്കിൽ ചില ആഴ്ചകൾ നീണ്ടുനിൽക്കാം. പാരമ്പര്യമായി അതിനെ നാൽപ്പത് ദിവസത്തെ ആഘോഷങ്ങൾ എന്നാണ് വിളിക്കപ്പെടുന്നത്. ബാബിലോണിയയിൽ 4000 വർഷങ്ങൾക്ക് മുമ്പേ ഇത് ആഘോഷിച്ചുവരുന്നു. (Ninevah and Babylon Ch 4. P. 93).

ക്രിസ്തുവിന് ശേഷം എട്ടാം നൂറ്റാണ്ട് വരെ അയർലണ്ട് മുതൽ ഏഷ്യാമൈനർ വരെയുള്ള സഭകളിൽ 40 ദിവസമായി അത് നിജപ്പെടുത്തിയിരുന്നില്ല.

ഈ തർക്കങ്ങളെ സംബന്ധിച്ചും അവ എങ്ങനെ പരിഷ്കൃതമായി എന്നതിനെക്കുറിച്ചും സജീവമായ ഒരു ചിത്രം പണ്ഡിതനായ ബീഡ് നൽകുന്നുണ്ട്. നോർത്തുംബ്രിയ യിലുള്ള (Northumbria) രാജകുടുംബം ഇതുസംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസം മൂലം പിളരുകയുണ്ടായി. രാജ്ഞി റോമൻ ആചാരത്തിന്റേ പക്ഷം പിടിച്ചപ്പോൾ രാജാവ് കെൽറ്റിക് (Celtic) വെൽഷ്, ഗേയ്ലിക്, ഐറിഷ്, സ്കോട്ടു എന്നീവിഭാഗങ്ങൾ വിവ:) രീതിയാണ് തിരഞ്ഞെടുത്തത്. അദ്ദേഹം അത് വിവരിക്കുന്നു:

'രാജാവ് നോമ്പ് അവസാനിപ്പിച്ച് ഈസ്റ്റർ കൊണ്ടാടുമ്പോൾ രാജ്ഞിയും പരിവാരങ്ങളും നോമ്പിലായിരിക്കും'.

ഒരു കുടുംബത്തെ നശിപ്പിക്കാൻ ഇത് ധാരാളം മതിയല്ലോ. പ്രശ്നം പരിഹരിക്കാൻ വിന്ബയിൽ രാജാവ് ഏ.ഡി. 664ൽ ഒരു യോഗം വിളിച്ചുകൂട്ടി. അവസാനം ഇരുകൂട്ടരും റോമൻ ആചാരം അംഗീകരിക്കാൻ തീരുമാനമായി. (Bede - A History of English Church and People) പന്ത്രണ്ടാം നൂറ്റാണ്ടുവരെ കിഴക്കൻ സഭയിലെ ഒക്ടേയ്വ് (എട്ടുനാൾ കൂടിവരുന്ന നാൾ) ഒരു ഈസ്റ്റർ വിശുദ്ധദിനമായിരുന്നു. ഇക്കാലത്ത് ഈസ്റ്റർ തിങ്കളാഴ്ചയും ഈസ്റ്റർ വെള്ളിയാഴ്ചയും വിശുദ്ധ ദിനമായി പരിഗണിക്കപ്പെടുന്നില്ല.

ഇറാസർ (Erazer) തന്റെ Golden Bough എന്ന പുസ്തകത്തിൽ എഡോയിൻ (Adoin) ദേവതയുടെ ഉത്സവങ്ങളും പ്രാകൃത ഗോത്രാചാരമായ ഈസ്റ്റർ ആഘോഷങ്ങളും തമ്മിൽ താരതമ്യം ചെയ്യുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

'എല്ലാ ആചാരങ്ങളും... കല്ലറ, ധാന്യം കുതിർക്കുന്ന പാത്രം എല്ലാം തന്നെ പേരിനു മാത്രമാണ് മാറ്റം. ഇവയെല്ലാം എഡോയിൻ ആരാധനയുടെ അനുകരണം മാത്രമാണ്., ഇത് സിസിലയൻ ആചാരമോ കലാബ്റിയൻ ആചാരമോ അല്ല. എഡോയിൻ ദേവതയുടെ ഉത്സവാഘോ ഷം മാത്രമാണ്'.

റുഗ്ദ പ്രാകൃത ഗോത്രവിശ്വാസങ്ങൾ വളരെ വിദഗ്ധമായി എങ്ങനെ സഭാവിശ്വാസങ്ങളുമായി കൂട്ടിക്കലർത്തി എന്ന് നാം ചിന്തിക്കുമ്പോൾ അത്ഭുതപ്പെട്ടുപോകും. മരിച്ച യേശു ഉയിർത്തെഴുന്നേറ്റു എന്ന തെറ്റായ വിശ്വാസം പോലെ ഒരു വിശ്വാസം എഡോയിനുകളുടെ പ്രാകൃത വിശ്വാസത്തിലുമുണ്ട് (Golden Bough - 400).

ഈജിപ്തിലെയും പടിഞ്ഞാറൻ ഏഷ്യയിലെയും ഒസിറിസ് (Osiris) തമ്മി (Tammy) എഡോയിൻ (Adoin), അറ്റിസ് (Attis) മുതലായ

പേരുകൾ വർഷാവർഷങ്ങളിലുള്ള സസ്യ നാശത്തേയും ചേതന നാമ്പിടുന്നതിനേയും സൂചിപ്പിക്കുന്നു. പ്രത്യേകിച്ച് സസ്യലതാദികളുടെ നാശവും വളർച്ചയും. കാരണം അവർ അതിനെ വർഷത്തിൽ മരിക്കുകയും ജീവിക്കുകയും ചെയ്യുന്ന ദേവതകളായി കാണുന്നു. എഡോയിൻ ആരാധന ബാബിലോണിയ, സിറിയ എന്നിവിടങ്ങളിലെ സെമിറ്റിക്ക് ജനതയുടെ ആരാധകളാണ്. അത് ഗ്രീക്കുകാർ ബി.സി. 7ാം നൂറ്റാണ്ടിൽ കടം വാങ്ങുകയാണുണ്ടായത്. അവർ വസിച്ചിരുന്ന നഗരത്തിന്റെ യഥാർത്ഥ പേര് താമൂസ് എന്നായിരുന്നു. എഡോയിൻ എന്ന സെമിറ്റിക് ജനത ദൈവത്തെ ബഹുമാനപുരസ്സരം വിളിക്കുന്നതാണ് എഡോൻ എന്ന നാമം. ഈ ബഹുമാനനാമം ഗ്രീക്കുകാർ ഒരു സർവ്വനാമമായി തെറ്റിദ്ധരിക്കുകയാണ് ചെയ്തത്.' (P.378) വീണ്ടും അദ്ദേഹം തുടരുന്നു:

'എഡോയിനുകളുടെ ദുരന്തകഥകളും വിലാപങ്ങളും ഗ്രീക്ക് എഴുത്തുകാരിൽ നിന്നും എസക്കിയേൽ പ്രവാചകന്റെ വിവരണങ്ങളിൽ നിന്നും നമുക്ക് നല്ലതുപോലെ മനസ്സിലാക്കാൻ സാധിക്കും. ജെറുസലേമിലെ ആരാധനാലയത്തിലെ പടിഞ്ഞാറേ ഗോപുരവാതിലിൽ ഒരു താതമ്മൂസ് വനിത വിലപിക്കുന്നത് കാണുന്നതായി പറയുന്നുണ്ട്'

ക്രിസ്തുമതം അതിന്റെ പ്രചാരണപ്രവർത്തനത്തിനിടയിൽ നിരവധി ജനതയെ പരിവർത്തനം ചെയ്യുകയുണ്ടായി. ഈ പ്രക്രിയയിൽ അതാത് ഗോത്രങ്ങളുടെ പ്രാകൃതവിശ്വാസങ്ങളുമായി സന്ധിചെയ്യുകയും ആ വിശ്വാസങ്ങളെല്ലാം സ്വന്തമായി സ്വാംശീകരിക്കുകയും ചെയ്തു. അങ്ങനെ പുതുവിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസം കൂടുതൽ സ്വാദിഷ്ടവും ആസ്വാദ്യവുമാക്കി. പാശ്ചാത്യസഭ അവരുടെ ആരാധനാക്രമങ്ങളിൽ ഇത്തരം കടംവാങ്ങലുകൾ നടത്തിയിട്ടുണ്ട്. ■

---

*(11 -ാം പേജിൽ നിന്ന് തുടർച്ച)*

സഹായവും ദൈവത്തിന്റെ ഭാഗത്തുനിന്ന് വാഗ്ദാനം ചെയ്യപ്പെട്ടപ്പോഴും മൂസാനബി ചില തടസ്സവാദങ്ങൾ ഉന്നയിച്ചു. "അല്ലയോ എന്റെ രക്ഷിതാവേ, ഞാൻ വാഗ്മിത്വമുള്ളവനല്ല. എനിക്ക് സംസാരവൈകല്യമുണ്ട്". മൂസാ (അ)യും ഹാറൂനും (അ) ഫിർഔനെ ഭയപ്പെട്ടിരുന്നുവെന്ന് ഖുർആൻ പറയുന്നു. (20:46).

യേശു തന്റെ കാലഘട്ടത്തിന്റെ റോമൻ ഭരണാധികാരിയെ ഒരിക്കലും അഭിസംബോധന ചെയ്തിരുന്നില്ല. യേശു (അ) ജീവിച്ച പ്രദേശത്തെ ഭരണാധികാരമുണ്ടായിരുന്ന ഹെറോദിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ ഭരണാധികാരിയോടു സത്യപ്രബോധനം നടത്തിയില്ല. എത്രത്തോളമെന്നാൽ, ഹെറോദ് യേശുവിനോടു സത്യമറിയാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടും അദ്ദേഹം ഒന്നും ഉരിയാടിയില്ല എന്ന് ബൈബിൾ പറയുന്നു. 'ഹെറോദോവ് യേശുവിനെ കണ്ടിട്ടു അത്യധികം സന്തോഷിച്ചു. അവനെക്കുറിച്ചു കേട്ടിരുന്നത് കൊണ്ട് അവനെ കാണാൻ വളരെക്കാലമായി ഇച്ഛിച്ചു. അവൻ വല്ല അടയാളവും ചെയ്യുന്നതുകാണാം എന്ന് ആശിച്ചിരുന്നു. വളരെയേറെ ചോദിച്ചിട്ടും അവൻ അവനോടു ഉത്തരമൊന്നും പറ ഞ്ഞില്ല' (23:8). ബൈബിൾ വ്യാഖ്യാതാക്കളായ ക്രിസ്ത്യൻ പണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം യേശു ഒന്നും പറയാതിരുന്നതിന്റെ കാരണം 'ഹെറോദ് സത്യം മനസ്സിലാക്കുകയോ അനുസരിക്കുകയോ ചെയ്യില്ലെന്ന് യേശുവിന്നറിയാമായിരുന്നു' എന്നാണ്.

ഹസ്റത്ത് അഹ്മദിന്റെ (അ) ഈ ഉജ്ജ്വലമായ ദൈവിക ദൗത്യത്തിന്റെ മാതൃക മഹാനായ ഹസ്റത്ത് റസൂൽ കരീ (സ) മിൽ മാത്രമേ നമുക്കു കാണാൻ സാധിക്കൂ. റോമൻ പേർഷ്യൻ സമ്രാട്ടുകളോട് ദൈവത്തിന് കീഴടങ്ങുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു.

എന്നിട്ടും ചില ശത്രുക്കൾ ഹസ്റത്ത് അഹ്മദ് (അ) ബ്രിട്ടീഷുകാരോട് സംസാരിക്കേണ്ടി വന്ന സന്ദർഭങ്ങളിൽ മനോബലമില്ലാതെ അവരോടു വിധേയത്വം കാണിച്ചു എന്ന് ഹീനസ്വരത്തിൽ ആരോപണമുന്നയിക്കുകയാണ്. ■

*(മൗലാനാ എ.ആർ. ദർദിന്റെ Life of Ahmad എന്ന പുസ്തകത്തിൽ നിന്ന്)*

---

*(9 -ാം പേജിൽ നിന്ന് തുടർച്ച)*

ഖാദിയാനിലെ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ദൈവത്തിന്റെ യഥാർത്ഥത്തിലുള്ള സത്യവാനായ ഒരു സന്ദേശവാഹകൻ മാത്രമല്ല, എല്ലാ മുസ്ലിംകൾക്കും മുഴുവൻ ലോകത്തിനുമുള്ള യഥാർത്ഥ സന്ദേശവാഹകനായിരുന്നു.''

**ഉപസംഹാരം**

യേശു കുരിശിൽ മരിച്ചിട്ടില്ലെന്നും സുദീർഘമായ പ്രവാസ ജീവിതത്തിനു ശേഷം സ്വാഭാവിക മരണം പ്രാപിച്ചുവെന്നും അദ്ദേഹത്തിന്റെ ഭൗതിക ശരീരം കശ്മീരിലെ ശ്രീനഗറിൽ അടക്കം ചെയ്തിട്ടുണ്ടെന്നും പ്രമാണയുക്തം വസ്തുനിഷ്ഠമായി ഹസ്റത്ത് അഹ്മദ് (അ) തെളിയിക്കുകയുണ്ടായി. ആധുനിക വൈഷണിക ലോകത്തിന്റെ ക്രിസ്തുവിനെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ എത്തി നിൽക്കുന്നത് ഹസ്റത്ത് അഹ്മദി (അ)ന്റെ ഗവേഷണ വീഥിയിലാണ്. അങ്ങനെ ഒരു മഹാസത്യം മനുഷ്യമനസ്സുകളിൽ പുലരൊളി വീശിത്തുടങ്ങുകയാണ്.

ഹസ്റത്ത് അഹ്മദ് (അ) എഴുതി:

"സത്യത്തിലേക്ക് മനുഷ്യമനസ്സുകളെ ആനയിക്കാനുള്ള ഔന്നത്യം സ്വർഗ്ഗത്തിനുണ്ട്. പരിശുദ്ധങ്ങളായ ആത്മാക്കൾക്കുമേൽ മാലാഖന്മാർ ഇറങ്ങിയെത്തുന്നു. യൂറോപ്പിലെ വിദ്വൽ പ്രധാനികളുടെ മനസ്സുകൾ ഈ വഴിക്കത്രെ തിരിഞ്ഞുകൊണ്ടിരിക്കുന്നത്. ത്രിത്വത്തോട് വിടയോതിക്കഴിഞ്ഞിരിക്കണം ബുദ്ധിമാന്മാർ. ദൈവത്തിന്റെ ഏകത്വത്തിന്റെ ഇച്ഛക്ക് തങ്ങളുടെ ജീവൻ ബലിദാനം നൽകുകയാണവർ" (ബറാഹീനെ അഹ്മദിയ്യാ).

■

ലേഖനം

# പാപവും പരിഹാരവും

മുഹമ്മദ് ഉമർ എച്ച്. എ

## വിശുദ്ധഖുർആന്റെയും ബൈബിളിന്റെയും അദ്ധ്യാപനങ്ങളെപ്പറ്റി ഒരു താരതമ്യപഠനം

ക്രിസ്തുമതത്തിന്റെ അടിസ്ഥാനപരമായ വിശ്വാസങ്ങളിലൊന്ന് അവരുടെ പാപ പരിഹാര സിദ്ധാന്തമാണ്. ആദിമനുഷ്യനായ ആദാം പാപം ചെയ്തുവെന്നും ആ പാപം ജനിതക പാരമ്പര്യം പോലെ തലമുറകളിലേക്ക് സംക്രമിച്ച് മനുഷ്യവംശം മുഴുവനും പാപിയായിത്തീർന്നുവെന്നും ജനിക്കുന്ന ഓരോ ശിശുവും ജന്മനാ പാപിയാണെന്നുമാണ് ക്രിസ്തുമതത്തിലെ പാപ സങ്കല്പം. അതിനുശേഷം മനുഷ്യകുലത്തെ ഈ ജന്മപാപത്തിൽ നിന്നും രക്ഷപ്പെടുത്തുവാനായി ദൈവം അയ്യായിരം വർഷക്കാലം കാത്തിരുന്നു. പിന്നീട് അവൻ തന്റെ ഏകജാത പുത്രനായ യേശുവിനെ ഭൂമിയിൽ മനുഷ്യരൂപം കൊടുത്തയച്ചുവെന്നും മുഴുവൻ മനുഷ്യകുലത്തിന്റെയും പാപഭാരം അദ്ദേഹത്തിന്റെ തലയിലേറ്റി നിരപരാധിയും നിർദ്ദോഷിയുമായ അദ്ദേഹത്തെ കുരിശിലേറ്റി വധിച്ചുവെന്നും അങ്ങനെ അദ്ദേഹത്തിന്റെ കുരിശുമരണത്തിൽ വിശ്വസിക്കുന്നവർക്ക് പാപമോചനവും മോക്ഷവും ലഭിക്കുമെന്നുമാണ് പാപ പരിഹാര സിദ്ധാന്തം.

ബുദ്ധിക്കും യുക്തിക്കും സനാതന നീതിക്കും യോജിക്കാത്ത ഈ വിശ്വാസം ബൈബിളിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ അവ പൂർവ്വാപര വൈരുദ്ധ്യങ്ങൾ കൊള്ളുന്നതായി ബോദ്ധ്യപ്പെടും. ഒരാൾ പാപം ചെയ്യുകയും അതിനുള്ള ശിക്ഷ മറ്റൊരാളെക്കൊണ്ട് അനുഭവിപ്പിക്കുകയും ചെയ്യുക എന്നത് ധാർമ്മിക യുക്തിക്ക് നിരക്കാത്തതാണെന്ന് മാത്രമല്ല അസംഗതവും അർത്ഥ ശൂന്യവുമാണെന്ന് ബൈബിൾ തന്നെ വിളിച്ചോതുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കാം.[1] "യെഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ അപ്പന്മാർ പച്ചമുന്തിരിങ്ങാ തിന്നു മക്കളുടെ പല്ലുപുളിച്ചു എന്നു നിങ്ങൾ യിസ്രായേൽ ദേശത്ത് ഒരു പഴഞ്ചൊല്ലു പറയുന്നതെന്ത്? .......... പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹെസ്കേൽ 18:1–4)

2. "പാപം ചെയ്യുന്ന ദേഹി മരിക്കും. മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട. അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും". (യെഹെസ്കേൽ 18:20)

3. "ഓരോരുത്തന്നും അവനവന്റെ പ്രവൃത്തികൾക്കുള്ള വിധി ഉണ്ടാകും." (വെളിപ്പാട് 20:13)

4. "ആകയാൽ നമ്മിൽ ഓരോരുത്തരും ദൈവത്തോടു കണക്ക് ബോധിപ്പിക്കേണ്ടിവരും." (റോമർ 14:12)

5. "വെറിക്കൂത്തുകളിലും മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്നു ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതി.... ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കന്നവന്ന് അവർ കണക്കു ബോധിപ്പിക്കേണ്ടിവരും." (1 പത്രൊസ് 4:3–5). അതായത് വിധി നാളിൽ ഓരോ ആത്മാവിനും അതിന്റെ കർമ്മത്തിനുള്ള വിധി നടപ്പിലാക്കപ്പെടുന്നതാണ്.

ബൈബിൾ പഴയ നിയമത്തിൽ നിന്നും പുതിയ നിയമത്തിൽ നിന്നുമുള്ള പ്രസ്തുത ഉദ്ധരണികളിൽ നിന്നെല്ലാം വ്യക്തമാകുന്നത് ഓരോ മനുഷ്യന്നും അവന്റെ കർമ്മത്തിന്നനുസൃതമായ പ്രതിഫലം ലഭിക്കുന്നതാണെന്നാണ്. എന്നല്ലാതെ പാപം ഒരാൾ ചെയ്യുകയും അതിന്റെ ശിക്ഷ മറ്റൊരാൾ അനുഭവിക്കുകയും ചെയ്യുക എന്നല്ല. ജോസഫിന്റെ വയറുവേദനക്ക് ജോൺ മരുന്നു സേവിച്ചാൽ ജോസഫിന്റെ വയറുവേദന സുഖപ്പെടുന്നതല്ലല്ലോ.

എന്നാൽ ക്രിസ്ത്യാനികളുടെ പാപ പരിഹാര സിദ്ധാന്തം, ജോസഫ് കൊലക്കുറ്റം ചെയ്താൽ ജോണിനു മരണ ശിക്ഷ നൽകുന്നതിനു തുല്യമാണ്.

ഇന്നത്തെ ക്രിസ്തീയ വിശ്വാസത്തിന്നെതിരായ ബൈബിളിന്റെ മേൽ വിവരിക്കപ്പെട്ട സിദ്ധാന്തങ്ങളെ വിശുദ്ധ

ഖുർആനും അനുകൂലിക്കുന്നു.

അതായത്, 1. "ഓരോ ആത്മാവും സമ്പാദിക്കുന്നതിന്റെ ഉത്തരവാദിത്വം ആ ആത്മാവിനു തന്നെയാണ്. ഭാരം വഹിക്കുന്ന ആരും തന്നെ മറ്റൊരാളുടെ (പാപ) ഭാരം വഹിക്കുന്നില്ല. പിന്നീടു നിങ്ങളുടെ മടക്കം നിങ്ങളുടെ നാഥന്റെ അടുക്കലേക്ക് തന്നെയായിരിക്കും". (6:165)

2. "നിങ്ങൾ നന്മ ചെയ്യുന്ന പക്ഷം നിങ്ങളുടെ ആത്മാക്കൾക്കു തന്നെയാണ് നിങ്ങൾ നന്മ ചെയ്യുന്നത്. ഇനി നിങ്ങൾ തിന്മയാണ് പ്രവർത്തിക്കുന്നതെങ്കിൽ അതിന്റെ ദോഷഫലവും അതിനു തന്നെയായിരിക്കും." (17:8)

3. "ഭാരം ചുമക്കുന്ന ഒരാളും മറ്റൊരാളുടെ ഭാരം ചുമക്കുകയില്ല." (39:8, 53:39)

4. ''അവരുടെയൊക്കെ മടക്കം നമ്മുടെ അടുക്കലേക്കു തന്നെയാണ്. അവരുടെ (സൽക്കർമ്മ ദുഷ്ക്കർമ്മങ്ങളുടെ) കണക്ക് വിചാരണയും നമ്മുടെ ബാധ്യത തന്നെ." (88:26,27)

"തന്റെ കുരിശെടുത്തു എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല." (മത്തായി 10:38) എന്ന യേശുവിന്റെ അദ്ധ്യാപനവും ഓരോ ആളും താൻ ചെയ്യുന്ന കർമ്മത്തിനുത്തരവാദിയായിരിക്കും എന്ന് വിളിച്ചോതുന്നു.

മനുഷ്യന്റെ പാപമോചനത്തിന്നായി ബൈബിളും വിശുദ്ധഖുർആനും നാലു കാര്യങ്ങളാണുപദേശിക്കുന്നത്. അതായത്, വിശ്വാസം, സൽക്കർമ്മം, പാപങ്ങളിൽ നിന്നും അകന്നു നിൽക്കുക ദൈവാനുഗ്രഹമുണ്ടായിരിക്കുക. പാപ പരിഹാര സിദ്ധാന്തമായി ബൈബിളും ഖുർആനും ഈ നാലു അടിസ്ഥാനതത്വങ്ങളാണ് നിർദ്ദേശിക്കുന്നത്.

പ്രസ്തുത രണ്ടു വേദഗ്രന്ഥങ്ങളിലെയും ഈ അദ്ധ്യാപനങ്ങളെക്കുറിച്ച് നമുക്കിവിടെ ഒരു താരതമ്യ പഠനം നടത്താം.

### 1. വിശ്വാസം

മനുഷ്യന് പാപത്തിൽ നിന്നും മുക്തി നേടുന്നതിന് വിശ്വാസം വളരെ ആവശ്യമാണെന്ന് ഇഞ്ചീൽ പറയുന്നു.

അപ്പോസ്തലനായ പൗലോസ് എബ്രായർക്കെഴുതിയ ലേഖനത്തിൽ പൂർവ്വകാല പ്രവാചകന്മാർക്കും മതനേതാക്കൾക്കും ലഭിച്ച മഹത്തായ നേട്ടങ്ങളെയും വിജയങ്ങളെയും കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അതിനുള്ള കാരണം അവരുടെ ദൃഢവിശ്വാസമാണെന്നു കാണിക്കുന്നു. ഇഞ്ചീലിലെ ഏബ്രായർ പതിനൊന്നാം അദ്ധ്യായത്തിൽ ഒന്നു മുതൽ നാല്പത് വരെയുള്ള വചനങ്ങളിൽ ഹാബിൽ, ഹനോക്ക്, നൂഹ്, ഇബ്രാഹീം, മൂസാ, ദാവൂദ്, സുലൈമാൻ എന്നീ മഹാത്മാക്കളെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് ഇപ്രകാരം വിവരിക്കുന്നു:

"വിശ്വാസത്താൽ അവർ രാജ്യങ്ങളെ ജയിച്ചടക്കി. നീതി നടത്തി. വാഗ്ദാനം പാലിച്ചു. സിംഹങ്ങളുടെ വായ അടച്ചു. തീയുടെ ബലം കെടുത്തി. വാളിന്റെ വായ്ക്കു തെറ്റി. ബലഹീനതയിൽ ശക്തിപ്രാപിച്ചു. യുദ്ധത്തിൽ വീരന്മാരായിത്തീർന്നു. അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു" (എബ്രാ.11:33-35) തുടർന്നു വിശ്വാസമില്ലാത്തവർക്ക് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെക്കുറിച്ചു പറയുന്നു:

"വേറെ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറു ഏറ്റു. ഈർച്ച വാളാൽ അറുക്കപ്പെട്ടു. പരീക്ഷിക്കപ്പെട്ടു. വാളാൽ കൊല്ലപ്പെട്ടു."

(എബ്രായർ, അദ്ധ്യായം 11)

പ്രസ്തുത ഉദ്ധരണിയിൽ നിന്നും പൂർവ്വകാല പ്രവാചകന്മാരും അവരുടെ അനുയായികളും മോക്ഷം പ്രാപിച്ചിരുന്നത് അവരുടെ വിശ്വാസം നിമിത്തമായിരുന്നു എന്നു കാണാം. ആ കാലത്ത് യേശുവിന്റെ കുരിശു സംഭവം നടന്നിരുന്നില്ല. യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിച്ചതതുകൊണ്ടായിരുന്നില്ല അവർക്ക് മോക്ഷം പ്രാപിക്കാൻ സാധിച്ചിരുന്നത്.

യോഹന്നാൻ 6:48 ൽ യേശുക്രിസ്തു അരുൾ ചെയ്യുനന്നു: "ഞാൻ നിങ്ങളോടു പറയുന്നു. "വിശ്വസിക്കുന്നവന് നിത്യ ജീവൻ ഉണ്ട്"

"നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു"വെന്ന് യേശു ഒരു കുരുടനോടു പറഞ്ഞതായി ലൂക്കോസ് 18:42 ൽ പറയുന്നു.

ഈ വിശ്വാസം ഏക ദൈവത്തിൽ അധിഷ്ഠിതമാണെന്ന് ബൈബിളിലെ പഴയ നിയമവും പുതിയ നിയമവും വിളിച്ചോതുന്നു. നോക്കുക, ആവർത്തനം 6:4-5, പുറപ്പാട് 20:2-5, യെശയ്യാവ് 45:5-6, 46:9, മാർക്കോസ് 12:29,30, യോഹന്നാൻ 17:3

ചുരുക്കത്തിൽ മോക്ഷപ്രാപ്തിക്ക് ഏറ്റവുമധികം നിദാനമായിട്ടുള്ളത് വിശ്വാസമാണെന്ന് ബൈബിൾ വിളിച്ചോതുന്നു.

വിശുദ്ധ ഖുർആൻ അരുൾ ചെയ്യുകയാണ്:

وَالَّذِينَ يُؤْمِنُونَ بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ
قَبْلِكَ وَبِالْآخِرَةِ هُمْ يُوقِنُونَ ۝٥

"ദൈവഭക്തരായ വിശ്വാസികൾ നിനക്കിറങ്ങിയതിലും നിനക്ക് മുമ്പ് ഇറങ്ങിയതിലും പില്ക്കാലത്തിലുണ്ടാകുന്നതിലും ദൃഢവിശ്വാസമുള്ളവരാണ്. അവർ തന്നെയാണ് തങ്ങളുടെ നാഥനിൽ നിന്നും രക്ഷാമാർഗ്ഗം ലഭിച്ചവർ; അവർ തന്നെയാണ് മോക്ഷം പ്രാപിച്ചവർ" (സൂറ: അൽബഖ്റ 5)

### 2. സൽക്കർമ്മങ്ങൾ

മോക്ഷപ്രാപ്തിക്കും പാപമോചനത്തിനുമായി ബൈബിളും വിശുദ്ധഖുർആനും നിർദ്ദേശിക്കുന്ന രണ്ടാമത്തെ മാർഗ്ഗം സൽക്കർമ്മങ്ങളാണ്.

ഇഞ്ചീൽ പറയുന്നത് കാണുക,

"സഹോദരന്മാരേ, ഒരുത്തൻ തനിക്ക് വിശ്വാസമുണ്ടെന്ന് പറയുകയും പ്രവൃത്തികൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഉപകാരമെന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?" (യോഹന്നാൻ 2:14)

അപ്പോസ്തലനായ പൗലോസ് തെസ്സലൊനിക്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ പറയുന്നു.

"സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്. ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ, ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടത്തുവിൻ.

ബലഹീനരെ താങ്ങുവിൻ. എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ. ആരും തിന്മക്ക് പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ. തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തു കൊണ്ടിരിപ്പിൻ. എപ്പോഴും സന്തോഷിപ്പിൻ. ഇടവിടാതെ പ്രാർത്ഥിപ്പിൻ." (1. തെസ്സലൊനീക്യർ 5:14-16)

മോക്ഷപ്രാപ്തിക്കായി സത്യവിശ്വാസത്തിന് ശേഷം സൽക്കർമ്മത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇഞ്ചിലീൽ ധാരാളം വചനങ്ങൾ കാണപ്പെടുന്നു.

വിശുദ്ധഖുർആനും ഇതേ അദ്ധ്യാപനം തന്നെയാണ് നൽകുന്നത്.

വിശുദ്ധഖുർആൻ അരുൾ ചെയ്യുന്നു:

"തീർച്ചയായും വിശ്വസിക്കുകയും സല്ക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗത്തിലെ ഉദ്യാനങ്ങൾ താമസ സ്ഥലമായി ലഭിക്കുന്നതാണ്." (18:108)

ഒരിടത്ത് അല്ലാഹു അരുൾ ചെയ്യുന്നു:

"വിശ്വസിച്ചവരേ, വേദനാജകനമായ ശിക്ഷയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു വ്യാപാരത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവു നൽകട്ടെയോ?"

"നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ ധനം കൊണ്ടും നിങ്ങളുടെ ജീവൻ കൊണ്ടും തീവ്രയത്നം ചെയ്യുന്നതാണത്. നിങ്ങൾ അറിയുന്നെങ്കിൽ അത് നിങ്ങൾക്കു ഗുണകരമാണ്.

"(അപ്രകാരം ചെയ്താൽ) നിങ്ങളുടെ പാപങ്ങൾ അവൻ നിങ്ങൾ പൊറുത്തു തരികും താഴോരത്തുകൂടെ അരുവികൾ ഒഴുകുന്ന ഉദ്യാനങ്ങളിലും ശാശ്വത വാസത്തിനുള്ള ഉദ്യാനങ്ങളിൽ സ്ഥിതി ചെയ്യുന്ന പരിശുദ്ധമായ ഭവനങ്ങളിലും നിങ്ങളെ അവൻ പ്രവേശിപ്പിക്കുന്നതുമാണ്. അതത്രെ മഹത്തായ വിജയം." (61:11, 12, 13) വീണ്ടും അരുൾ ചെയ്യുന്നു:

"വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്തവരോടു അവർക്ക് പാപപ്പൊറുതിയും മഹത്തായ പ്രതിഫലവും ഉണ്ടെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു." (5:10)

### 3. ദുഷ്ക്കർമ്മങ്ങളിൽ നിന്നും വിട്ടു നിൽക്കുക

മോക്ഷപ്രാപ്തിക്കായി ബൈബിളും വിശുദ്ധ ഖുർആനും നൽകുന്ന മറ്റൊരദ്ധ്യാപനം വിശ്വാസവും സൽക്കർമ്മങ്ങളും കൂടാതെ എല്ലാ ദുഷ്ക്കർമ്മങ്ങളിൽ നിന്നും അകന്നുനിൽക്കുക എന്നതാണ്.

യേശുവിന്റെ വരിഷ്ട ദാസനായ പത്രൊസ് എഴുതിയ ഒന്നാം ലേഖനത്തിൽ പറയുന്നു.

"സകല ദുഷ്ടതയും എല്ല ചതിവും വ്യാജ ഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പീൻ.'' (1 പത്രൊസ് 2:1-4)

അതായത് രക്ഷ പ്രാപിക്കുവാൻ എല്ലാ ദുഷ്ക്കർമ്മങ്ങളെയും ഉപേക്ഷിച്ച നവജാത ശിശുക്കളെപ്പോലെ ആകേണമെന്ന് ഇഞ്ചീൽ നിർദ്ദേശിച്ചിരിക്കുന്നു.

വീണ്ടും ഇഞ്ചീൽ പറയുന്നു:

"നാളെ ചാകുമല്ലോ..... വഞ്ചിക്കപ്പെടരുത്. "ദുർഭാഷണത്താൽ സദാചാരം കെട്ടു പോകുന്നു". നീതിക്ക് നിർമ്മദരായി ഉണരുവിൻ. പാപം ചെയ്യാതിരിപ്പിൻ.' (1 കൊരിന്ത്യർ 15:32-34)

ഇഞ്ചീൽ മറ്റൊരിടത്ത് പറയുന്നു.

"മനുഷ്യൻ വിതക്കുന്നത് തന്നെ കൊയ്യും. ജഡത്തിൽ വിതക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും. ആത്മാവിൽ വിതക്കുന്നവൻ ആത്മാവിൽ നിന്ന് നിത്യജീവനെ കൊയ്യും. നന്മ ചെയ്കയിൽ നാം മടുത്തുപോകരുത്." (ഗലാത്യർ 6:8,9)

വിശുദ്ധഖുർആന്റെ അദ്ധ്യാപനവും ഇഞ്ചീലിന്റെ അദ്ധ്യാപനത്തോടു താദാത്മ്യം വഹിക്കുന്നതാണ്. വിശുദ്ധഖുർആൻ അരുൾ ചെയ്യുന്നു:

"നല്ലതും ചീത്തയും സമമാവുകയില്ല. അതിനാൽ ഏറ്റവും നല്ലതേതോ അത് കൊണ്ടു (ചീത്തയെ) തടയയുക" (41:35)

അതായത് വല്ല ദുഷ്ക്കർമ്മവും ചെയ്തു പോയിട്ടുണ്ടെങ്കിൽ അതിന്റെ ദോഷഫലത്തെ അതിനുപകരമായി സൽക്കർമ്മം ചെയ്തു തടുത്തു നിറുത്തുക.

വിശുദ്ധഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ ദുഷ്ക്കർമ്മികൾക്ക്, അവർ പശ്ചാത്തപിച്ചു മടങ്ങുന്നില്ലെങ്കിൽ ലഭിക്കുന്ന ശിക്ഷയെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു:

"അധർമ്മകാരികൾക്ക് അവരുടെ ക്ഷമയാചന പ്രയോജനപ്പെടാത്ത നാൾ. അവർക്കാണ് ശാപം. (പരലോകത്ത്) അവർക്ക് ചീത്തയായ ഭവനം ലഭിക്കുന്നതാണ്." (40:53)

''പരലോകത്തിൽ വിശ്വസിക്കാത്തവർക്ക് അവരുടെ ദുഷ്ക്കർമ്മങ്ങളെ നാം അലംകൃതമായി കാണിച്ചു കൊടുത്തിരിക്കുന്നു. അവർക്ക് കഠിന ശിക്ഷയുണ്ട്. പരലോകത്ത് ഏറ്റവുമധികം നഷ്ടമനുഭവിക്കുന്നവർ അവർ തന്നെയായിരിക്കും." (27:5,6)

"ദൈവവുമായി ചെയ്ത കരാറിനെ ഉറപ്പിച്ചതിനുശേഷം അത് ലംഘിക്കുകയും അല്ലാഹു നിലനിറുത്താൻ കല്പിച്ച ബന്ധത്തെ വിച്ഛേദിക്കുകയും നാട്ടിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവർക്ക് ശാപമുണ്ട്. ചീത്തയായ ഭവനവും അവർക്കുണ്ട്." (13:26)

"ആർ ദുഷ്കർമ്മം ചെയ്യുകയും അവരുടെ പാപം (അവരെ) വലയം ചെയ്യുകയും ചെയ്യുന്നുവോ അവർ നരകാവകാശികളാണ്. അവരതിൽ ഒരു സുദീർഘകാലം വസിക്കുന്നവരായിരിക്കും." (2:82)

"തിന്മ പ്രവർത്തിക്കുന്നവർ നരകത്തിൽ മുഖം കുത്തി വീഴ്ത്തപ്പെടും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തിന്നല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നുണ്ടോ? (എന്ന് അവരോടു ചോദിക്കും)" (27:91)

ഇതിനു പുറമെ വിശുദ്ധഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ ദുഷ്ച്ചെയ്തി

കളും പാപകർമ്മങ്ങളും ചെയ്യുന്നവർക്ക് പരലോകത്തുണ്ടാകുന്ന ശിക്ഷയെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ യേശു ക്രിസ്തുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കുന്നതു കൊണ്ടു മാത്രം ഒരു പാപിക്ക് ദൈവ ശിക്ഷയിൽ നിന്നു രക്ഷപ്പെടുവാൻ സാധിക്കുന്നതല്ല.

**4. ദൈവാനുഗ്രഹം**

ദൈവാനുഗ്രഹമില്ലാതെ മോക്ഷം പ്രാപിക്കുന്നതല്ല എന്ന് ഖുർആനിൽ നിന്നും ഇഞ്ചിലീൽ നിന്നും മനസ്സിലാകുന്നു. അതായത് ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചാൽ മാത്രമേ മോക്ഷ പ്രാപ്തിയുണ്ടവുകയുള്ളൂ. ദൈവത്തിന്റെ അനുഗ്രഹ ലഭ്യതക്കായി മേൽ പറഞ്ഞ മൂന്നു കാര്യങ്ങളും ആവശ്യമാണ്.

ഇതു സംബന്ധമായി ഇഞ്ചീൽ അരുൾ ചെയ്യുന്നു.

"യേശു തന്റെ ശിഷ്യന്മാരോട് "ധനവാൻ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത് പ്രയാസം തന്നെ എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു...." അതു കേട്ട ശിഷ്യന്മാർ ഏറ്റവും വിസ്മയിച്ചു. എന്നാൽ രക്ഷിക്കപ്പെടുവാൻ (മോക്ഷ പ്രാപ്തി) ആർക്കു കഴിയും എന്നു പറഞ്ഞു. യേശു അവരെ നോക്കി അതു മനുഷ്യർക്ക് അസാദ്ധ്യം. എങ്കിലും ദൈവത്തിന് സകലവും സാദ്ധ്യം എന്നു പറഞ്ഞു."

(മത്തായി 20:24-27)

"അങ്ങനെ തനിക്ക് മനസ്സുള്ളവനോട് അവന് (ദൈവത്തിന്) കരുണ തോന്നുന്നു. തനിക്ക് മനസ്സുള്ളവരെ അവൻ കഠിനനാക്കുന്നു." (റോമർ 9:19)

എഫെസ്യർ 2:4,5, 1 പത്രോസ് 2:2. ഫിലിപ്പയർ 2:12,13 എന്നീ വചനങ്ങളും മനുഷ്യന്റെ സുരക്ഷക്കു ദൈവാനുഗ്രഹവും അവന്റെ കരുണയും ഉണ്ടാകേണമെന്ന് വ്യക്തമാക്കുന്നു.

അല്ലാഹു വിശുദ്ധഖുർആനിൽ അരുൾ ചെയ്യുന്നു: "അവൻ ഇച്ഛിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും അവൻ ഇച്ഛിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ കാര്യങ്ങളിലും സർവ്വശക്തനാണ്." (2:285)

"നിങ്ങളുടെ പാപങ്ങളെ അവൻ അകറ്റുകയും നിങ്ങൾക്കു പൊറുത്തു തരികയും ചെയ്യുന്നു. അവൻ ഏറ്റവും മഹാനായ അനുഗ്രഹദാതാവാണ്."(8:30)

ചുരുക്കത്തിൽ മനുഷ്യന്റെ മോക്ഷപ്രാപ്തിക്കു വിശ്വാസം, സൽക്കർമ്മങ്ങൾ, ദുഷ്ക്കർമ്മങ്ങളിൽ നിന്നും വിട്ടു നിൽക്കൽ എന്നിവ കൂടാതെ ദൈവാനുഗ്രഹവും അവന്റെ കാരുണ്യവും ആവശ്യമാണെന്ന് ഖുർആനും ഇഞ്ചീലും അരുൾ ചെയ്യുന്നു.

## തൗബാ, ഇസ്തിഗ്ഫാർ

പശ്ചാത്തപിക്കുകയും മാനസാന്തരപ്പെടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതും മോക്ഷ പ്രാപ്തിക്കുള്ള നിമിത്തമാണെന്ന് ഇഞ്ചീലിലുള്ള മത്തായി, ലൂക്കോസ്, അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ എന്നീ സുവിശേഷങ്ങളിൽ ധാരാളം സ്ഥലങ്ങളിൽ പ്രസ്താവിക്കുന്നു.

വിശുദ്ധഖുർആനും തദ്വിഷയകമായി അരുൾ ചെയ്യുന്നു:

"എന്നാൽ പശ്ചാത്തപിച്ചു മടങ്ങുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർ (ദൈവ ശിക്ഷ പ്രാപിച്ച) അവരിൽ ഉൾപ്പടുകയില്ല. കാരണം, അല്ലാഹു അവരുടെ തിന്മകളെ നന്മകളാക്കി മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു വളരെയധികം പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമാകുന്നു. പശ്ചാത്തപിച്ചു മടങ്ങുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവൻ വാസ്തവത്തിൽ അല്ലാഹുവിങ്കലേക്കു പരിപൂർണ്ണമായി മടങ്ങുകയാണു ചെയ്യുന്നത്. '' (25:71, 72)

ചുരുക്കത്തിൽ പരിശുദ്ധഖുർആന്റെയും ബൈബിളിന്റെയും ഏകകണ്ഠമായ അദ്ധ്യാപനം പാപമോചനത്തിനും മോക്ഷപ്രാപ്തിക്കും വിശ്വാസം, സൽക്കർമ്മങ്ങൾ, ദുഷ്ക്കർമ്മങ്ങളിൽ നിന്ന് വിട്ടുനിൽക്കൽ, പശ്ചാത്താപം, മാനസന്തരം, പ്രാർത്ഥന സർവ്വോപരി ദൈവാനുഗ്രഹം എന്നിവ ആവശ്യമാണെന്നതാണ്. അല്ലാതെ മറ്റാരോ ചെയ്ത പാപത്തിനു നിരപരാധിയായ ഒരാൾ ക്രൂശിക്കപ്പെടുകയും ആ കുരിശുമരണത്തിലുള്ള വിശ്വാസം മനുഷ്യന്റെ 'ആജന്മ' പാപത്തിനുള്ള പരിഹാരവും മോക്ഷപ്രാപ്തിക്കുള്ള നിമിത്തവും ആയിത്തീരുന്നതാണെന്ന വിശ്വാസം ബാലിശവും അടിസ്ഥാന രഹിതവും സാമാന്യ ബുദ്ധിക്കും യുക്തിക്കും ഇതര പ്രമാണങ്ങൾക്കും വിരുദ്ധവുമാണ്. ■

## ശാരീരികാവസ്ഥയും ധാർമ്മികാവസ്ഥയും

വിവേകബുദ്ധിയുടേയും ജ്ഞാനത്തിന്റെയും പ്രകാശത്തിൽ നടക്കാതെ കേവലം ജന്തുക്കളെപ്പോലെ അശനപാനങ്ങൾ നിദ്രാജാഗരങ്ങൾ കോപതാപങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ വികാരാധീനനായി വർത്തിക്കുന്നിടത്തോളം അവനിൽ ഈ ശാരീരികാവസ്ഥ പ്രകടമായിരിക്കുന്നതാണ്. എന്നാൽ മനുഷ്യൻ വിവേചനബുദ്ധിയുടേയും ജ്ഞാനത്തിന്റെയും ഉപദർശനമനുസരിച്ച് മിതവർത്തിത്വം ശീലിക്കുകയും ചെയ്യുമ്പോൾ അവന്റെ വിഷയ വ്യാപാരങ്ങൾ ശാരീരികാവസ്ഥ വിട്ട് ധാർമ്മികാവസ്ഥയിൽ പ്രവേശിക്കുമാറാകുന്നു. അതായത് മൃഗസമാനമായ പ്രകൃതിയിൽ നിന്നും പരിണമിച്ച് ധാർമ്മികാവസ്ഥയിലേക്ക് നീതനായ് ഭവിക്കുന്നു.

**ഹസ്റത്ത് അഹ്മദ് (അ), ഇസ്‌ലാം മത തത്ത്വജ്ഞാനം**

ലേഖനം

ഇന്ത്യയും പാകിസ്താനും ഭരണഘടനാപരമായി ആരാണ് ഇസ്‌ലാമിനോടടുത്ത് നിൽക്കുന്നത്? – 3

# പാകിസ്ത‌ാൻ രാഷ്ട്രീയവും പ്രവാചകന്റെ മാതൃകയും

എ. എം. മുഹമ്മദ് സലിം

മൗലാനാ അബുൽ കലാം ആസാദ് തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതി: 'ജിന്നയും അദ്ദേഹത്തിന്റെ അനുയായികളും ഭൂമിശാസ്ത്രം അവർക്കെതിരാണെന്ന് മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. ഈ രണ്ടു ദേശങ്ങൾ തമ്മിൽ (പശ്ചിമ പാകിസ്താനും ബാംഗ്ലാദേശും) ബാഹ്യമായ യാതൊരു ബന്ധവുമില്ല. മതത്തിന്റെ കാര്യത്തിലൊഴിച്ചാൽ രണ്ടു ഭൂവിഭാഗങ്ങളിലെയും ജനങ്ങൾക്ക് തമ്മിൽ യാതൊരു സാമ്യവുമില്ല. ഭൂമിശാസ്ത്രപരമായും സാമ്പത്തികമായും ഭാഷാപരമായും സാംസ്കാരികമായും വിഭിന്നങ്ങളായ ഭൂവിഭാഗങ്ങളെ മതാനുഭാവം ഒന്നുകൊണ്ടു മാത്രം ഇണക്കി നിർത്താൻ കഴിയുമെന്ന് കരുതുന്നത് ജനങ്ങളെ അങ്ങേയറ്റം കബളിപ്പിക്കലായിരിക്കും...... പശ്ചിമ പാകിസ്താനും പൂർവ്വ പാകിസ്താനും എല്ലാവിധ ഭിന്നതകളും മറന്ന് മുന്നോട്ടു പോകുമെന്ന് ആർക്കും തന്നെ കരുതാനാവില്ല. (Moulana Abul kalam Azad - India Wins Freedom P. 227)

ഭൂമിശാസ്ത്രപരമായി വേറിട്ടു നിന്ന കിഴക്കൻ പാകിസ്താനും (ബംഗ്ലാദേശ്) പടിഞ്ഞാറൻ പാകിസ്താനും, മതം ഒഴികെ ഭക്ഷണം, ജീവിതശൈലി, വസ്ത്രം മുതലായ സാംസ്കാരിക ഭാവങ്ങൾ കൊണ്ട് വിഭിന്നങ്ങളായിരുന്നു. ദുരന്തപര്യവസായിയായ ഒരു വിഭജനം പാകിസ്താനുമേൽ തൂങ്ങിനിൽക്കുന്നു എന്ന അബുൽ കലാം ആസാദിന്റെ താക്കീതിനെതിരെ ഈ രണ്ടു വിഭിന്ന ജനതകളെ ഇസ്‌ലാമിക സാഹോദര്യത്തിന്റെ പേരിൽ ഒന്നിച്ചു നിർത്താം എന്നായിരുന്നു പാകിസ്താൻ ലോകത്തിനു മുമ്പിൽ തെളിയിച്ചു കാട്ടേണ്ടത്. പക്ഷേ കൊള്ളക്കാരെ വെല്ലുന്ന രാഷ്ട്രീയ നേതൃത്വം, മുരടിച്ച മത മൗലിക വാദത്തിന്റെ രംഗപ്രവേശം, സാർവ്വത്രികമായ അഴിമതി, അസന്തുലിതമായ വികസനം, സ്വജനപക്ഷപാതം മുതലായ സാമൂഹിക തിന്മകൾ പാകിസ്താനെ ആഭ്യന്തര കലാപത്തിലേക്ക് വലിച്ചിഴച്ചു. 1971 ൽ ശൈഖ് മുജീബുറഹ്മാന്റെ നേതൃത്വത്തിൽ ബംഗാൾ വിമോചനസമരം അവസാനം ഇന്ത്യയുമായുള്ള യുദ്ധത്തിൽ കലാശിച്ചു. പാകിസ്താന്റെ കിഴക്കൻ പക്ഷം വെട്ടിമാറ്റപ്പെട്ടു. പാകിസ്താന്റെ ആത്മാഭിമാനത്തെ ഉലച്ചുകളഞ്ഞ ഒരു ആഘാതമായിരുന്നു ഇത്. വിജ്രംഭിതമായ മുസ്‌ലിം മനസ്സാക്ഷിയുടെ സത്വബോധം വീണ്ടെടുക്കാനുള്ള ശ്രമം ഒരു ദേശീയ പ്രതിസന്ധിയായി പാകിസ്താനിൽ നീറിപ്പുകഞ്ഞു. ഇസ്‌ലാമിക വീര്യത്തിന്റെ കുറവാണ് ഈ വിഭജനത്തിനും പരാജയങ്ങൾക്കും അപചയങ്ങൾക്കും കാരണമെന്ന മുല്ലമാരുടെ വ്യാപകമായ പ്രചാരണം നിരാശ ബാധിച്ച പാകിസ്താൻ ജനതയിൽ സ്വാധീനം ചെലുത്തി. ഈ പ്രചാരണം ഒരാവേശം പോലെ കത്തിക്കയറിയ പശ്ചാത്തലത്തിൽ മതകീയ ജീവിതവുമായി യാതൊരു ബന്ധവുമില്ലാത്ത ഭൂട്ടോ ഇസ്‌ലാമികവത്കരണത്തിന്റെ ശക്തനായ വക്താവായി രംഗത്തുവരികയും 1974 ൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയും ചെയ്ത കാര്യം പരാമർശിച്ചുവല്ലോ. ഏത് കുടിലതന്ത്രങ്ങളും നടപ്പാക്കി രാഷ്ട്രീയ നേട്ടമുണ്ടാക്കുന്ന, നീതിയും നെറിയും എന്താണെന്നറിയാത്ത ഭാഗ്യാന്വേഷകൻ മാത്രമായിരുന്നു ഭൂട്ടോ. ഇസ്‌ലാമികവത്കരണത്തിന്റെ ഭാഗമായി മദ്യനിരോധനം, ചൂതാട്ട നിരോധനം, കുതിരപ്പന്തയ നിരോധനം, ഒഴിവു ദിവസം ഞായറാഴ്ചയിൽ നിന്ന് വെള്ളിയാഴ്ചയാക്കൽ തുടങ്ങി നിരവധി ഇസ്‌ലാമിക നിയമങ്ങൾ നിർമ്മിച്ചുകൊണ്ട് 1977 ലെ പൊതു തിരഞ്ഞെടുപ്പിനെ ഭൂട്ടോ അഭിമുഖീകരിച്ചു. ഭൂട്ടോയുടെ പാകിസ്താൻ പീപ്പിൾസ് പാർട്ടി (PPP) യെ ഒമ്പത് രാഷ്ട്രീയ കക്ഷികൾ ചേർന്നുള്ള പാകിസ്താൻ നേഷനൽ അലയൻസ് (PNA)

നേരിട്ടു. പി. എൻ. എ. ഉയർത്തിയ മുദ്രാവാക്യം 'നിസാമെ മുസ്തഫ' ആയിരുന്നു. അതായത് 'പ്രവാചകന്റെ വ്യവസ്ഥ' തിരിച്ചു കൊണ്ടുവരിക എന്നതായിരുന്നു. വ്യാപകമായി കൃത്രിമം നടത്തിയ ഭൂട്ടോ തിരഞ്ഞെടുപ്പിൽ വിജയിച്ചുവെങ്കിലും ശക്തമായ പ്രക്ഷോഭണം പാകിസ്താനിൽ ഉയർന്നുവന്നു.

## നിസാമെ മുസ്തഫ

രാഷ്ട്രീയ ഭാഗ്യാന്വേഷിയും അവസരവാദിയുമായിരുന്ന ദുൽഫൂക്കാർ അലി ഭൂട്ടോ ഇസ്ലാമിന്റെ രക്ഷകനായി അവതരിക്കുകയായിരുന്നു. ഭൂട്ടോക്കെതിരെ മതകീയ രാഷ്ട്രീയ കക്ഷികളുടെ 1977 ലെ തിരഞ്ഞെടുപ്പ് സഖ്യം ഉയർത്തിയ 'നിസാമെ മുസ്തഫ' അഥവാ 'റസൂൽ തിരുമേനിയുടെ വ്യവസ്ഥ' എന്ന മുദ്രാവാക്യം ഒരു കപട മുദ്രാവാക്യം മാത്രമായിരുന്നു. നിസാമെ മുസ്തഫയും പാകിസ്താനിലെ പ്രസ്തുത കക്ഷികൾ സജീവമായി പങ്കെടുക്കുന്ന ജനാധിപത്യ വ്യവസ്ഥയും തമ്മിലുള്ള അന്തരം ഹ്രസ്വമായി ഒന്നു വിശകലനം ചെയ്യാം. റസൂൽ തിരുമേനിയുടെ വ്യവസ്ഥയിൽ രാഷ്ട്രീയ കക്ഷികൾക്കോ മത കക്ഷികൾക്കോ സ്ഥാനമില്ല. ഉണ്ടായിരുന്നത് ഒരേയൊരു മുസ്ലിം ഉമ്മത്ത് മാത്രമായിരുന്നു. ഇങ്ങനെയൊരവസ്ഥ സംജാതമാവാൻ 'നിസാമെ മുസ്തഫ' എന്ന മുദ്രാവാക്യം മുഴക്കിയ ഒമ്പത് രാഷ്ട്രീയ പാർട്ടികൾ അവരുടെ അസ്തിത്വം സ്വയം നശിപ്പിച്ച് ഒരു ഉമ്മത്തായി തീരേണ്ടതുണ്ട്. അവർ അത് ചെയ്യുമായിരുന്നോ? മുഖ്യപ്രതിയോഗിയായിരുന്ന പി. പി. പി. ക്കെതിരെ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലുണ്ടാക്കിയ താൽക്കാലിക തിരഞ്ഞെടുപ്പ് സഖ്യമായിരുന്നു പി. എൻ. എ. തിരഞ്ഞെടുപ്പല്ലാത്ത വേളകളിൽ ശത്രുക്കളെപ്പോലെ പെരുമാറുന്ന ഈ കക്ഷികൾക്ക് റസൂൽ തിരുമേനി (സ) യുടെ വ്യവസ്ഥയിൽ എന്താണ് സ്ഥാനം?. 'നിസാമെ മുസ്തഫ' ക്ക് വേണ്ടി നിലകൊള്ളുന്ന രാഷ്ട്രീയ പാർട്ടികൾക്ക് ഓരോന്നിനും അവരുടെ സ്വന്തം പരിപാടികളും അജണ്ടയുമുണ്ട്. മാത്രമല്ല മതകീയ രാഷ്ട്രീയകക്ഷികൾക്ക് അവരൊഴികെ മറ്റുള്ളവരെല്ലാം കാഫിറുകളുമാണ്.

ഹസ്റത്ത് അബൂബക്കറിനെ(റ) ഖലീഫയായി തിരഞ്ഞെടുത്തപ്പോൾ അദ്ദേഹം പറഞ്ഞു: 'അധികാരത്തിനു വേണ്ടി ഒരിക്കലും ഞാനർത്ഥിച്ചിട്ടില്ല. അതിനുള്ള ആഗ്രഹം ഒരിക്കൽ പോലും എന്റെ അകതാരിലുണ്ടായിട്ടില്ല. മുസ്ലിംകളിൽ ശൈഥില്യത്തിന്റെയും അറബികളിൽ മത പരിത്യാഗത്തിന്റെയും ആപത്ത് ഉയർന്നു കണ്ടപ്പോൾ മനമില്ലാമനസ്സോടെ ഈ പദവി ഏറ്റെടുക്കാൻ ഞാൻ നിർബന്ധിതനായതാണ്.' എന്നാൽ പാകിസ്താനിൽ തിരഞ്ഞെടുപ്പ് ഗോദയിൽ കഴുത്തറപ്പൻ മത്സരവുമായി അരങ്ങുതകർക്കുന്ന നിസാമെ മുസ്തഫാ വക്താക്കൾ വോട്ടർമാരെ അഭിമുഖീകരിച്ച് വോട്ടു യാചിക്കുകയും തങ്ങളെ അധികാരത്തിലേറ്റണമെന്ന് അഭ്യർത്ഥിക്കുകയുമല്ലേ ചെയ്യുന്നത്? ഖലീഫാ സ്ഥാനത്ത് ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ടാൽ മരണം വരെ ആ സ്ഥാനത്ത് തുടരുകയാണ് റസൂൽ തിരുമേനി നിർദ്ദേശിച്ച മാതൃക. പാകിസ്താനിൽ 5 കൊല്ലം കൂടുമ്പോൾ നടക്കുന്ന തിരഞ്ഞെടുപ്പ് നിസാമെ മുസ്തഫയുമായി ഒത്തുപോകുന്നതെ ങ്ങനെ? മാത്രമല്ല, പാകിസ്താനിലെ മതകീയ സഖ്യത്തിൽപ്പെട്ട ഒരോ കക്ഷി യും മറ്റൊരു കക്ഷിയുടെ നേതാവ് മരണം വരെ വാഴുന്നത് നോക്കിനിൽക്കുമോ?

സാർവ്വത്രിക വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല ഖലീഫമാരെ തിരഞ്ഞെടുത്തിരുന്നത്. ആ വ്യവസ്ഥയിൽ സ്ത്രീകൾക്ക് വോട്ടവകാശമുണ്ടായിരുന്നില്ല. പാകിസ്താൻ ഭരണാധികാരിയെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ സ്ത്രീജനങ്ങൾക്ക് വോട്ടുണ്ടാകില്ല എന്ന് ഈ രാഷ്ട്രീയ കക്ഷികൾക്ക് പറയാനുള്ള ധൈര്യമുണ്ടോ? രാഷ്ട്രീയ തന്ത്രത്തിന്റെ ഭാഗമായി ജമാഅത്തെ ഇസ്ലാമി നേതാവായിരുന്ന അബുൽ അഅ്ലാ മൗദൂദി തന്നെ ഫാത്തിമാ ജിന്നയെ പിന്തുണച്ചയാളാണ്. പാകിസ്താൻ രാഷ്ട്രീയത്തിൽ സ്ത്രീ സാന്നിദ്ധ്യം എന്നും സജീവമായിരുന്നു. പിൽക്കാലത്ത് പ്രധാനമന്ത്രിയായിരുന്ന ബേനസീർ ഭൂട്ടോ തന്നെ ഉദാഹരണം. ഇതിനെയെല്ലാം അംഗീകരിച്ചു കൊണ്ടുള്ള എന്ത് നിസാമെ മുസ്തഫയെപ്പറ്റിയാണ് ഇവർ പറയുന്നത്?

തിരഞ്ഞെടുക്കപ്പെട്ട ഖലീഫക്ക് ജനങ്ങൾ ബൈഅത്ത് ചെയ്യുന്ന രീതിയാണ് സച്ചരിതരായ ഇസ്ലാമിക ഖിലാഫത്തിന്റെ മാതൃക. ഇത് പാകിസ്താൻ ജനാധിപത്യത്തിൽ പ്രായോഗികമാണോ? മക്കാ വിജയത്തിനു ശേഷം ഒരു സംഘം സത്യവിശ്വാസിനികൾ റസൂൽ തിരുമേനിയിൽ ബൈഅത്ത് ചെയ്തതിനെപ്പറ്റി വിശുദ്ധ ഖുർആനിൽ പരാമർശമുണ്ട്. " ഓ നബിയേ, തങ്ങൾ അല്ലാഹുവിനോട് മറ്റൊന്നിനേയും പങ്കുചേർക്കുകയില്ലെന്നും വ്യഭിചരിക്കുകയില്ലെന്നും തങ്ങളുടെ സന്താനങ്ങളെ കൊല്ലുകയില്ലെന്നും മന:പൂർവ്വം നുണകെട്ടിച്ചമച്ച് പ്രചരിപ്പിക്കുകയില്ലെന്നും, നല്ല ഒരുകാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുയില്ലെന്നുമുള്ള നിബന്ധനയോടെ സത്യവിശ്വാസിനികൾ നീയുമായി ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യാൻ നിന്റെ അടുക്കൽ വന്നാൽ നീ അവരുടെ അനുസരണ പ്രതിജ്ഞ സ്വീകരിച്ചുകൊള്ളുക. അവർക്കായി പാപമോചനത്തിന് പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമാകുന്നു." (60:13). ഇങ്ങനെ സത്യവിശ്വാസികളുടെ സാത്വിക ജീവിതത്തെ മുൻനിർത്തി പ്രതിജ്ഞ വാങ്ങാൻ പറ്റിയ ആത്മീയ നിലവാരമുള്ള നേതാവ് പാകിസ്താൻ രാഷ്ട്രീയത്തിലുണ്ടോ? ഏതെങ്കിലും ഒരു കക്ഷിയുടെ നേതാവിനെ ഖലീഫയായി തിരഞ്ഞെടുത്താൽ തന്നെ 'സ്വയം വിൽക്കുക' എന്നർത്ഥം വരുന്ന 'ബൈഅത്ത്' അഥവാ സമ്പൂർണ്ണ സമർപ്പണം നടത്താൻ മറ്റു കക്ഷികളിൽപ്പെട്ടവർ തയ്യാറാകുമോ? ഇങ്ങനെ നൂറുകൂട്ടം പ്രശ്നങ്ങൾ ബഹുകക്ഷി സമ്പ്രദായമുള്ള ജനാധിപത്യത്തെ പ്രവാചകന്റെ മാതൃകയായി അവതരിപ്പിക്കുമ്പോൾ സംജാതമാവും. ആധുനിക കാലത്ത് റസൂൽ തിരുമേനി (സ) യുടെ മാതൃക അഥവാ 'ഖിലാഫത്ത് വ്യവസ്ഥ,' കൂടുതൽ

അനുയോജ്യമാകുക ആത്മീയ പ്രധാനമായ ഒരു മതസംഘടനാ വ്യവസ്ഥിതിക്കാണ്. അഹ്മദിയ്യാ ജമാഅത്ത് പ്രതിനിധാനം ചെയ്യുന്നതാണ്. വാസ്തവത്തിൽ നിസാമെ മുസ്തഫ. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഇതു സംബന്ധിച്ച് പറയുന്നു:

"ഇസ്‌ലാമിക ഭരണക്രമത്തെക്കുറിച്ച് പഠിക്കാനൊരുങ്ങുന്ന ആരും തന്നെ അതിനേക്കാൾ ഉത്തമമായ ഭരണക്രമമില്ലെന്ന് സമ്മതിച്ചു പറയാൻ നിർബന്ധിതരാവും.... വാഗ്ദത്ത മസീഹ് (അ) ഒരു ആത്മീയ ഖലീഫ മാത്രമായിരിക്കയാൽ രാജാക്കന്മാരും രാഷ്ട്രങ്ങളും ഞങ്ങളുടെ പ്രസ്ഥാനത്തിൽ തള്ളിക്കയറുന്ന ആ കാലത്തും ആ പുണ്യാത്മാവിന്റെ പിൻഗാമികൾ കഴിയുന്നേടത്തോളം രാഷ്ട്രീയ കാര്യങ്ങൾക്കതീതരായിരിക്കുന്നതാണ്. ഐക്യരാഷ്ട്രസഭയുടെ പ്രവർത്തനങ്ങൾ പോലെയുള്ള കാര്യങ്ങൾക്ക് അവർ മേൽനോട്ടം ചെയ്യുകയും വിവിധ രാഷ്ട്രീയ പ്രതിനിധികളുടെ സഹായ സഹകരണങ്ങൾ മുഖേന അന്താരാഷ്ട്ര ബന്ധങ്ങളെ നിയന്ത്രിക്കുകയും മുൻകാലങ്ങളിൽ സംഭവിച്ചത് പോലെ ജനങ്ങളുടെ ശ്രദ്ധ രാഷ്ട്രീയ കാര്യങ്ങളിൽ മാത്രം ലയിച്ചു പോകുകയോ മതപരവും ധാർമ്മികവുമായ അതി പ്രധാന കാര്യങ്ങൾ അലക്ഷ്യമാക്കപ്പെടുകയോ ചെയ്യാതെ സൂക്ഷിക്കുകയും ചെയ്യുന്നതായിരിക്കാം. അവർ കഴിയുന്നത്ര രാഷ്ട്രീയ കാര്യങ്ങളിൽ നിന്നും അകന്നിരിക്കുമെന്നാണ് ഞാൻ പറഞ്ഞത്. ഒരു രാജ്യത്തിലെ ജനങ്ങൾ പ്രത്യേക സംഭവവികാസങ്ങളെയും സാഹചര്യങ്ങളെയും മുൻനിർത്തി ആത്മീയ ഖിലാഫത്തിന്റെ സഹായം തേടുന്ന ഒരു സന്നിഗ്ദ്ധ ഘട്ടം സംജാതമാകുകയാണെങ്കിൽ ആ പ്രദേശത്തെ ഭരണം താൽക്കാലികമായി ഏറ്റെടുക്കാൻ ഖലീഫ നിർബന്ധിതനാകും. എന്നാൽ അത്തരം നടപടികൾ കഴിയുന്നതും പ്രത്യേകകാലത്തേക്കായിരിക്കും. ("അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം" - ഹസ്റത്ത് മിർസാ ബശിറുദ്ദീൻ മഹ്മൂദ് അഹ്മദ് പേജ് 264 വിവ. എൻ. അബ്ദുറഹീം)

### പ്രത്യേക നിയോജക മണ്ഡലം

1977 ലെ തിരഞ്ഞെടുപ്പിൽ വ്യാപകമായ കൃത്രിമം കാട്ടി ഒമ്പത് പാർട്ടികളുടെ സംഖ്യമായ പി. എൻ. എ. ക്കെതിരെ ഭൂട്ടോയുടെ പി. പി. പി. വമ്പിച്ച ഭൂരിപക്ഷം നേടിയെങ്കിലും പാകിസ്താനിൽ മുഴുവനും ഭൂട്ടോവിനെതിരെ വമ്പിച്ച പ്രക്ഷോഭങ്ങൾ അലയടിച്ചുയുർന്നു. ഭൂട്ടോയെ നിഷ്കാസിതനാക്കിക്കൊണ്ട് ജനറൽ സിയാവുൽ ഹഖ് പട്ടാള അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുത്തു. അഞ്ചരക്കൊല്ലം പാകിസ്താൻ പ്രധാനമന്ത്രിയായിരുന്ന മർദ്ദകനായ ഭൂട്ടോയെ സിയാഉൽഹഖ് 1979 ഏപ്രിൽ 4-ാം തീയതി അതി ദാരുണമായി തൂക്കിലേറ്റിക്കൊന്നു.

1978 ആഗസ്റ്റിൽ ജനറൽ സിയാവുൽ ഹഖ് ഒമ്പത് കക്ഷികളുടെ സഖ്യമായ പി. എൻ. എ യിൽ നിന്നും ജമാഅത്തെ ഇസ്‌ലാമി, ജംഇയ്യത്തെ ഉലമായെ ഇസ്‌ലാം, പാകിസ്താൻ ഡമോക്രാറ്റിക്ക് പാർട്ടി, മുസ്‌ലിം ലീഗ് എന്നീ നാലു പാർട്ടികളെ നിസാമെ മുസ്തഫ നടപ്പാക്കാൻ വേണ്ടി തന്റെ സഹയാത്രികരായി പ്രഖ്യാപിക്കുകയുണ്ടായി. അമുസ്‌ലിംകൾക്ക് രാഷ്ട്ര ഭരണത്തിൽ പങ്കെടുക്കാൻ പാടില്ല. ഇസ്‌ലാം മതത്തിൽ നിന്നും മതം മാറുന്നവനെ വധിക്കണം എന്നു തുടങ്ങി ഭീകരമായ അനേകം സിദ്ധാന്തങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന മതരാഷ്ട്ര മൗലിക വാദികളായ ജമാഅത്തെ ഇസ്‌ലാമിയും, സമാന ചിന്താഗതിക്കാരനായ സിയയും കൂടി ഇസ്‌ലാമിന്റെ മഹത്തായ മാനവീയ മൂല്യങ്ങളുടെ നിഷേധാത്മക ശക്തിയായി പാകിസ്താനെ മാറ്റി. അതിന്റെ ഫലമായിരുന്നു മതന്യൂനപക്ഷങ്ങൾക്കായുള്ള പ്രത്യേക നിയോജകമണ്ഡലം.

1978 ലാണ് സിയാഉൽ ഹഖ് അമുസ്ലിം ന്യൂനപക്ഷങ്ങൾക്ക് പ്രത്യേ നിയോജകമണ്ഡലം നടപ്പാക്കിയത്. ഇത് ജിന്നാസാഹിബിന്റെ സങ്കല്പങ്ങൾക്ക് കടകവിരുദ്ധമായിരുന്നു. പാകിസ്താനിൽ മതപരമായ പക്ഷപാതിത്വത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു പ്രത്യേക പൗരാവകാശങ്ങളോ രാഷ്ട്രീയാവകാശങ്ങളോ ഉണ്ടായിരിക്കുന്നതല്ല എന്നും പാകിസ്താന്റെ മുഖ്യധാരയിൽ എല്ലാ മതന്യൂനപക്ഷങ്ങളും ലയിച്ചു ചേരണമെന്നും ജിന്നാസാഹിബ് ആഗ്രഹിച്ചു. മതന്യൂനപക്ഷങ്ങളെ നിയമ നിർമ്മാണങ്ങളിൽ പങ്കെടുപ്പിക്കാതിരിക്കുക എന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ നിഗൂഢ പദ്ധതിയായിരുന്നു. മതന്യൂനപക്ഷങ്ങളുടെ ഈ സംവരണം ഇന്ത്യയിലെ അധ:സ്ഥിതരായ അവശ ജനവിഭാഗങ്ങളുടെ സംവരണ നിയോജകമണണ്ഡല വുമായി താരതമ്യപ്പെടുത്താൻ സാദ്ധ്യമല്ല. പാകിസ്താനിലെ ന്യൂനപക്ഷങ്ങൾ ഇങ്ങനെ പ്രത്യേക സംവരണ നിയോജകമണ്ഡലങ്ങൾ വേണമെന്ന് ഒരിക്കലും സ്വയം ആവശ്യപ്പെട്ടിട്ടില്ല. ഈ സംവരണം അവരിൽ അടിച്ചേൽപ്പിക്കപ്പെട്ടതായിരുന്നു. അമുസ് ലിംകളെ രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങളിലോ നിയമ നിർമ്മാണങ്ങളിലോ പങ്കെടുപ്പിക്കാൻ പാടില്ല എന്ന ആശയത്തിൽ നിന്നും ഉടലെടുത്ത ഈ സംവരണം നാം പ്രത്യേകം വേർതിരിച്ചറിയണം. മതാതിപ്രസരമുള്ള പാകിസ്താനിലെ 8% വരുന്ന ന്യൂനപക്ഷങ്ങൾ ദേശീയ മുഖ്യധാരയിൽ നിന്നും വേർപ്പെട്ടു നിൽക്കുന്നത് ആത്മഹത്യാപരമാണെന്ന് അവർക്ക് തന്നെ നന്നായറിയാം.

ബ്രിട്ടീഷ് ഇന്ത്യയിൽ ജനങ്ങളെ ഭിന്നിപ്പിച്ചു ഭരിക്കാൻ മതപരമായ അടിസ്ഥാനത്തിലായിരുന്നു സമ്മതിദായകരെ നിശ്ചയിച്ചിരുന്നത്. സ്വാതന്ത്ര്യത്തിന് ശേഷം നമ്മുടെ ജനാധിപത്യ സങ്കല്പത്തിലുണ്ടായ നവീനമായ മൂല്യബോധം ഇങ്ങനെ മതാടിസ്ഥാനത്തിലുള്ള സംവരണം സാമൂഹ്യക്ഷേമത്തിന് വിഘാതമാണെന്ന് കണ്ട് റദ്ദാക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിന് ശേഷം സംവരണത്തെപ്പറ്റി പഠിക്കാൻ നിയമിച്ച പട്ടേൽ കമ്മീഷൻ അധ:കൃതർക്ക് മാത്രം സംവരണം ഏർപ്പെടുത്തി മറ്റെല്ലാ തിരഞ്ഞെടുപ്പ് സംവരണങ്ങളും നിർത്തലാക്കണമെന്ന് ശുപാർശ ചെയ്യുകയാണുണ്ടായത്. ചരിത്രപരവും മതപരവുമായ കാരണങ്ങളാൽ അങ്ങേയറ്റം

ദുർബലരും അവശതരുമായ ജനവിഭാഗങ്ങൾക് നിയമ സഭാ നിയോജകമണ്ഡലങ്ങളിൽ സംവരണം തുടരണമെന്ന ജനാധിപത്യത്തിലുള്ള മനുഷ്യത്വപരമായ ഒരു സമീപനമാണ് ഇന്ത്യയിൽ നടപ്പാക്കിയത്. 1967 മുതൽ 545 പാർലമെന്റ് നിയോജകമണ്ഡലങ്ങളിൽ 119 എണ്ണം അവശ ജന വിഭാഗങ്ങളുടെ സംവരണ നിയോജകമണ്ഡലങ്ങളായി.

15 കോടി 23 ലക്ഷം ജനസംഖ്യയുള്ള പാകിസ്താനിൽ 92 ശതമാനവും മുസ്‌ലിംകളാണ്. ബാക്കി 8 ശതമാനത്തിൽ ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, ജൂതന്മാർ, സിക്കുകാർ, സോറോസ്ട്രിയ മതക്കാർ, ബഹായികൾ എന്നിവരാണ്. മത ന്യൂനപക്ഷങ്ങളുടെ കൂട്ടത്തിലാണ് അഹ്‌മദികളെയും അവരുടെ സമ്മതമില്ലാതെ പാകിസ്താൻ ഗവൺമെന്റ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1978 മുതൽ ദേശീയ അസംബ്ലിയിലും പ്രൊവിൻഷ്യൽ അസംബ്ലിയിലും പ്രത്യേക തിരഞ്ഞെടുപ്പ് നിയോജകമണ്ഡലങ്ങൾ രൂപീകരിക്കപ്പെട്ടു. 211 ദേശീയ അസംബ്ലി നിയോജകമണ്ഡലങ്ങളിൽ പത്തെണ്ണം മാത്രമാണ്. മതന്യൂനപക്ഷങ്ങൾക്ക് വേണ്ടി സംവരണം ചെയ്തത്. മതന്യൂനപക്ഷങ്ങൾക്ക് അവരുടെ പ്രാദേശിക ജില്ലകളിലെ ന്യൂനപക്ഷ വിഭാഗങ്ങളിലെ സ്ഥാനാർത്ഥികൾക്ക് മാത്രമേ വോട്ട് ചെയ്യാൻ അവകാശമുള്ളൂ. അതിനായി ന്യൂനപക്ഷങ്ങളുടെ പ്രത്യേക വോട്ടർ പട്ടിക തയ്യാറാക്കി. ഭൂപരമായ സാധാരണ പാർലമെന്റ് നിയോജകമണ്ഡലത്തിലെ പൊതുസ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യാൻ ന്യൂനപക്ഷ സമുദായങ്ങൾക്ക് അവകാശമില്ല. ഇതിന്റെ ഫലമായി ബഹുഭൂരിപക്ഷം പൗരന്മാരും ഭൂപരമായ നിയോജകമണ്ഡലത്തിലെ പൊതു സ്ഥാനാർത്ഥികൾക്ക് വോട്ടു ചെയ്യുമ്പോൾ മതന്യൂനപക്ഷങ്ങൾ അവരുടെ പ്രദേശത്തെ പാർലമെന്റ് മെമ്പർക്ക് വോട്ട് ചെയ്യാൻ സാധ്യമല്ലാതെ വരുന്നു. മതന്യൂനപക്ഷങ്ങൾ അവരുടെ മതത്തിൽപ്പെട്ടതും മക്കവാറും അതാതു പ്രദേശത്തെ പ്രതിനിധാനം ചെയ്യാത്തതും അവരുടെ മതത്തിൽപ്പെട്ടതുമായ സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യണം. ഇങ്ങനെ അശാസ്ത്രീയവും അധാർമ്മികവുമായ വിഭജനം മൂലം മുഖ്യധാരയിലുള്ള ദേശീയ കക്ഷികളെ തിരഞ്ഞെടുപ്പിൽ സ്വാധീനിക്കാനോ രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ മതന്യൂനപക്ഷങ്ങൾക്ക് പങ്കെടുക്കാനോ സാധ്യമല്ലാതെ വരുന്നു. ഇതിന്റെ ഫലമായി മതന്യൂനപക്ഷങ്ങളെ പരിഗണിക്കുകയോ അവരോട് അനുകമ്പയും പ്രതിബദ്ധതയും കാട്ടുകയോ ചെയ്യാത്ത മുഖ്യധാരയിലുള്ള രാഷ്ട്രിയ കക്ഷികൾക്ക് ന്യൂനപക്ഷങ്ങളുടെ അവകാശസംരക്ഷണം രാഷ്ട്രീയ വിഷയമല്ലാതെ വരുന്നു. മതാഭിമുഖ്യമുള്ള പാകിസ്താനെ പോലെയുള്ള ഒരു സമൂഹത്തിൽ മത ന്യൂനപക്ഷങ്ങളെ അരക്ഷിതാവസ്ഥയിലാക്കുന്നതാണ് ഈ സംവിധാനം.

പാകിസ്താനിൽ മതന്യൂനപക്ഷങ്ങളുടെ സെൻസസ് 8 ശതമാനമാണെന്നാണ് ഔദ്യോഗിക കണക്ക്. ഇത് സത്യസന്ധമാണെന്ന് വിശ്വസിച്ചാൽ ത്തന്നെ 1978 ൽ 211 നിയോജകമണ്ഡലങ്ങളിൽ അവർക്കനുവദിച്ച 10 സീറ്റുകൾ തികച്ചും അപര്യാപ്തമാണ്. സെൻസസ് നീതിപൂർവ്വമല്ല എന്നതിന്റെ ഒരുദാഹരണം ശ്രദ്ധിക്കുക. 1981 ലെ സെൻസസിൽ അഹ്‌മദികളുടെ എണ്ണം 104, 244 എന്നാണ് രേഖപ്പെടുത്തിയത്. വാസ്തവത്തിൽ പാകിസ്താനിലെ അഹ്‌മദിയ്യാ ജനസംഖ്യയുടെ 2.6 ശതമാനം മാത്രമാണിത്. മാത്രമല്ല അമേരിക്കൻ ഡിപ്പാർട്ടമെന്റ് ഓഫ് സ്റ്റേറ്റ്സിന്റെ മത സ്വാതന്ത്ര്യത്തെ സംബന്ധിച്ച കഴിഞ്ഞ വർഷത്തെ വാർഷിക റിപ്പോർട്ട് പ്രകാരം പാകിസ്താൻ ഫെഡറൽ കാബിനറ്റിലും, സെനറ്റിലും ജനാധിപത്യം, മനുഷ്യാവകാശം, തൊഴിൽ എന്നീ കാര്യങ്ങൾക്കായുള്ള ബ്യൂറോകളിലും മത ന്യൂനപക്ഷങ്ങളുടെ പ്രതിനിധികളില്ല.

പാകിസ്താനിൽ പ്രത്യേക നിയോജകമണ്ഡലങ്ങൾ രൂപീകരിച്ചതു മുതൽ അഹ്‌മദികൾ അവിടെ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാറില്ല. അമുസ്‌ലിം എന്ന ഗവൺമെന്റിന്റെ നിർബന്ധപൂർവ്വമുള്ള വർഗ്ഗീകരണം അംഗീകരിച്ചുകൊണ്ട് മാത്രമേ അഹ്‌മദിക്ക് അവിടെ വോട്ട് രേഖപ്പെടുത്താൻ സാധിക്കൂ. മുസ്‌ലിമാണെന്നതിൽ ജീവന്റെ ഓരോ കണികയിലും അഭിമാനം കൊള്ളുന്ന ഒരു അഹ്‌മദിക്ക് താൻ അമുസ്‌ലിമാണെന്ന് സ്വയം സമ്മതിച്ചുകൊണ്ട് എങ്ങിനെ വോട്ടിംങ്ങിൽ പങ്കെടുക്കാൻ സാധിക്കും? വിശ്വാസ സംരക്ഷണത്തിന് വേണ്ടി എന്ത് വിലകൊടുക്കാനും തയ്യാറാവുന്ന അഹ്‌മദികൾ പാകിസ്താനിൽ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാറില്ല. ലോകത്ത് ഇത്രയും നഗ്നമായ രീതിയിൽ നടക്കുന്ന ജുഗ്പസാവഹമായ ജനാധിപത്യ, മനുഷ്യാവകാശ, പൗരാവകാശ ധ്വംസനത്തിനെതിരെ അഹ്‌മദികൾ മൂകമായി നടത്തുന്ന സഹന സമരം ഐതിഹാസികമാണ്. രക്തച്ചൊരിച്ചിലും പ്രക്ഷോഭങ്ങളുമില്ലാതെ ഭരണഘടനാനുസൃതമായി ജനാധിപത്യ രീതിയിൽ അഹ്‌മദികൾ നടത്തുന്ന കുലീനവും അന്തസ്സാർന്നതുമായ ഈ പ്രതിഷേധത്തിന്റെ നിലയും വിലയും മനുഷ്യത്വത്തിൽ വിശ്വസിക്കുന്നവർക്കേ മനസ്സിലാവൂ എന്നു മാത്രം പറയട്ടെ.

ജനാധിപത്യത്തിന്റെ വിശാലാകാശത്തിൽ നിലകൊള്ളുന്ന തമോഗർത്തങ്ങളാണ് പാകിസ്താനിലെ പ്രത്യേക നിയോജകമണ്ഡലങ്ങൾ. മതന്യൂനപക്ഷങ്ങൾക്കെതിരെ ഇസ്‌ലാമിന്റെ പേരിൽ ഏപ്പെടുത്തിയ കിരാതമായ ഈ പ്രത്യേക നിയോജക മണ്ഡലങ്ങളെപ്പറ്റി ലോകമെമ്പാടുമുള്ള മനുഷ്യാവകാശ പ്രവർത്തകർ വിവാദമുയർത്തിനെ തുടർന്ന് 2002 ഫെബ്രുവരി 27-ാം തീയതി പാകിസ്താൻ പ്രസിഡണ്ട് ജനറൽ പർവേസ് മുഷ്‌റഫ് 7-ാം നമ്പർ ഓർഡർ പ്രകാരം റദ്ദാക്കി. ആ ഓർഡർ പ്രകാരം മുസ്‌ലിം അമുസ്‌ലിം ഭേദമെന്യേ വോട്ടർമാരുടെ ലിസ്റ്റ് പുതുക്കുകയുണ്ടായി. പക്ഷേ, ആ ഓർഡറിലെ സെക്ഷൻ 7- ബി യിൽ അഹ്‌മദികളുടെ സ്ഥിതിയിൽ യാതൊരു മാറ്റവുമില്ല എന്ന് പ്രത്യേകം വ്യക്തമായി പറയുന്നു. അതുകൊണ്ട് പുതിയ വോട്ടർലിസ്റ്റിൽ മുസ്‌ലിം കൾക്കൊപ്പം ഹിന്ദുക്കളും, ക്രിസ്ത്യാനികളും, യഹൂദരും സിക്കുകാരുമുണ്ട് പക്ഷേ അഹ്‌മദികൾ മാത്രമില്ല!

ഒരു രാജ്യത്തിലെ ഭൗതിക വിഭവ

ങ്ങൾ നീതി പൂർവ്വം സമാഹരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക എന്നതാണ് ഭരണകൂടത്തിന്റെ കർത്തവ്യം. നീതിയും ധാർമികതയും, വ്യവസ്ഥാപിത നിയമങ്ങളും ലംഘിക്കാതെ പൗരനെ വ്യക്തിപരമായും, സാമൂഹ്യമായും ജീവിതം നയിക്കാനനുവദിക്കുക എന്നതാണ് ഭരണകൂടങ്ങൾ ചെയ്യേണ്ടത്. ഹിന്ദു, മുസൽമാൻ, ക്രിസ്ത്യൻ മുതലായ ഏതുമത വിഭാഗത്തിൽപ്പെടുന്നവനായാലും രാജ്യത്തെ പൗരന്മാർ എന്ന നിലക്ക് അവർക്ക് ഒരു പൊതു മണ്ഡലമുണ്ട്. മനുഷ്യന്റെ രാഷ്ട്രീയവും സാമൂഹികവുമായ ബഹുഭൂരിപക്ഷം മാനുഷിക പ്രശ്നങ്ങളും ഈ പൊതു മണ്ഡലവുമായി ബന്ധപ്പെട്ടതാണ്. മനുഷ്യൻ ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, അവരുടെ മേൽ ഉദിച്ചുയരുന്ന സൂര്യൻ, അവന്റെ ഭൗതികമായ എല്ലാ വ്യവഹാരങ്ങളും, അവരുടെ വിശപ്പ്, വേദന, സന്തോഷം എന്നിവയെല്ലാം ഒന്നാണ്. എന്നിരിക്കെ മനുഷ്യനെ പൊതുവായി ബാധിക്കുന്ന കാര്യങ്ങളിൽ ഭൂരിപക്ഷത്തിന്റെ മതത്തിൽപ്പെട്ടവനല്ലാത്തതുകൊണ്ട് ഒരാളെ ആ രാജ്യത്തെ നിയമ നിർമ്മാണങ്ങളിൽ പങ്കെടുപ്പിക്കാതിരിക്കുക എന്നത് എത്രമാത്രം ജുഗുപ്സാവഹമാണ്! മനുഷ്യസമൂഹത്തിന്റെ ഈ ഏകാത്മകതയെപ്പറ്റി അല്ലാഹു ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ഉണർത്തുന്നു: "അല്ലയോ മനുഷ്യരേ, നിങ്ങളേയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ വണങ്ങുവിൻ, നിങ്ങൾ സദ്‌വൃത്തരാകാൻ വേണ്ടി. ഭൂമിയെ നിങ്ങൾക്കായി ഒരു മെത്തപോലെ ഒരുക്കിതരികയും ആകാശത്തെ ഒരു മേലാപ്പുപോലെ ആക്കുകയും മേഘങ്ങളിൽ നിന്ന് മഴ പെയ്യിച്ചുതരികയും അങ്ങനെ നിങ്ങളുടെ ജീവസന്ധാരണത്തിനുള്ള കായ്കനികൾ പുറപ്പെടുവിക്കുകയും ചെയ്തവൻ അവനത്രെ." (2:22,23) "ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം നിങ്ങളുടെ സേവനാർത്ഥം അവൻ കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു. അവയെല്ലാം അവനിൽ നിന്നുള്ളവയത്രെ. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ അടയാളങ്ങൾ അടങ്ങിയിരിക്കുന്നു." (45:41)

ഇങ്ങനെ മനുഷ്യസമൂഹം പ്രകൃതി വിഭവങ്ങൾ ഒന്നായി അനുഭവിക്കുന്നവരായിരിക്കെ എല്ലാ മനുഷ്യർക്കും നീതിബോധമുള്ള ഒരു മനസ്സാക്ഷിയെ ദൈവം പ്രദാനം ചെയ്തതായി ഖുർആൻ വ്യക്തമാക്കുന്നു. മനുഷ്യൻ ജനിച്ചു വളരുകയോ, തിരഞ്ഞെടുക്കുകയോ ചെയ്ത മതങ്ങളല്ല മനുഷ്യനിൽ നീതിബോധം ജനിപ്പിക്കുന്നത് എന്ന കാര്യം നാം പ്രത്യേകം ഓർക്കണം. ഏത് മതത്തിൽപ്പെട്ടവനായാലും ജനിച്ചു വീഴുന്ന മനുഷ്യശിശുവിന് ദൈവം അവന്റെ ആത്മാവിൽ നീതിബോധം നിക്ഷേപിച്ചിട്ടുണ്ട്. അത് വളർത്തിയെടുക്കുന്ന മറ്റൊരു ദൈവിക സംവിധാനമാണ് മതങ്ങൾ. ദൈവത്തിന്റെ ഉത്തമനായ ഒരു സൃഷ്ടി എന്ന നിലക്ക് സർവ്വ മനുഷ്യനും ഈ ധാർമ്മികത അഥവാ മനസ്സാക്ഷി ദൈവം നൽകിയിട്ടുണ്ട്. ഖുർആൻ പറയുന്നു: "വാസ്തവമിതാണ്, മനുഷ്യന് തന്റെ ആത്മാവിനു മേൽ ഒരുൾക്കാഴ്ചയുണ്ട്. അവൻ തന്റെ ഒഴികഴിവുകൾ എത്ര ബോധിപ്പിച്ചാലും ശരി" (75:15). "എന്തെന്നാൽ സ്വയം ശാസിച്ചു കൊണ്ടേയിരിക്കുന്ന, കുറ്റപ്പെടുത്താൻ കഴിവുള്ളതും തീഷ്ണവുമായ ഒരു സജീവമനസ്സാക്ഷി അവന് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു" (75:5) ദൈവം എല്ലാ മനുഷ്യർക്കും നൽകിയ ഈ മനസ്സാക്ഷിയുടെ ബലത്തിൽ ഒരു രാജ്യത്തിന്റെ നിയമ നിർമ്മാണങ്ങളിൽ എല്ലാ പൗരന്മാർക്കും പങ്കെടുക്കാവുന്നതാണ്. അത് അവന്റെ ജന്മാവകാശവുമാണ്. നീതിബോധം മുസ്‌ലിംകളുടെ മാത്രം കുത്തകയാണെന്ന വാദം ഖുർആന് വിരുദ്ധമാണ്. പാകിസ്താൻ ഭരണഘടനയെ അപേക്ഷിച്ച് പൗരന്റെ മൗലികാവകാശങ്ങളിൽ നീതി പ്രകാശിപ്പിക്കാൻ ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള ഇന്ത്യൻ ഭരണഘടനയ്ക്കാവുന്നു എന്നത് ഇതിനുദാഹരണമാണ്. അതുകൊണ്ട് ഒരു രാജ്യത്തെ പൗരന്മാരെ അവിടുത്തെ നിയമനിർമ്മാണങ്ങളിൽ മതപരമായ പക്ഷപാതിത്വമില്ലാതെ പങ്കെടുപ്പിക്കേണ്ടതാണ്. ഈ കാലഘട്ടത്തിലെ സമുന്നതരായ ഇസ്‌ലാമിക ചിന്തകന്മാരിലൊരാളും മനുഷ്യത്വത്തെ ഉയർത്തിപ്പിടിച്ച മഹാനുമായ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ) പറയുകയുണ്ടായി:

"ഭരണകൂടത്തെക്കുറിച്ചുള്ള ആധുനിക സങ്കല്പം തന്നെയാണ് മറ്റൊരു ചിന്താർഹമായ വിഷയം. ദേശീയവും സാർവ്വദേശീയവുമായ നിയമങ്ങളുമായി ബന്ധപ്പെട്ടവർ തീരുമാനിക്കേണ്ടതും അവരെ ബാധിക്കുന്നതുമായ ഒരു മൗലിക പ്രശ്നമാണത്. ഒരു സ്റ്റേറ്റിൽ ജനിച്ച ഏതൊരാൾക്കും ആ സ്റ്റേറ്റിലെ നിയമനിർമ്മാണത്തിൽ പങ്കുണ്ടായിരിക്കണം എന്നുള്ളതാണ് ആ അടിസ്ഥാന സങ്കല്പം.

"ഭരണകൂടങ്ങളും നിയമ നിർമ്മാണ സഭകളും കൊണ്ടുനടത്തുന്നതു സംബന്ധിച്ച ആധുനിക മതനിരപേക്ഷ സങ്കല്പത്തിൽ ഒരു രാജ്യത്ത് ജനിച്ച ഏതൊരാൾക്കും അയാളുടെ മതമോ സങ്കല്പമോ വിശ്വാസമോ എന്തു തന്നെയായാലും അടിസ്ഥാനപരമായ പൗരാവകാശങ്ങൾ ജന്മസിദ്ധമായിട്ടുള്ളതാണ്. ഈ അവകാശങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് കുറഞ്ഞപക്ഷം നിയമനിർമ്മാണത്തിൽ പങ്കെടുക്കാനുള്ള അവസരം ഉണ്ടാകണമെന്നതത്രെ." (സൂരിനാമിലെ ഇന്റർ റിലീജ്യൻസ് കൺസൾട്ടൻസ് കോൺഫ്രൻസിൽ 1991 ജൂലായ് 31 ന് ചെയ്ത പ്രസംഗത്തിൽ നിന്ന്. വിവ. എൻ. അബ്ദുറഹിം, സത്യദൂതൻ, ഒക്ടോബർ 1993)

(തുടരും) ■

## ദുഖിക്കേണ്ട

അവരുടെ വാക്കുകൾ നിന്നെ ദു:ഖിപ്പിക്കാതിരിക്കട്ടെ. തീർച്ചയായും പ്രതാപമത്രയും അല്ലാഹുവിനുള്ളതാണ്. അവൻ എല്ലാം കേൾക്കുന്നവനും, എല്ലാം അറിയുന്നവനുമാണ്.

**(വി:ഖുർആൻ 10:66)**

# സുലൈമാൻ നബി(അ) കെട്ടുകഥകളുടെ തടവറയിൽ

ഏ.പി. കുഞ്ഞാമു

**ഇസ്രയേൽ പ്രവാചകന്മാരിൽ രാജത്വം കൊണ്ട് അനുഗൃഹീതനായ ഹസ്റത്ത് സുലൈമാൻ നബി (അ) യെ പറ്റിയുള്ള ഗഹനമായ ഖുർആനിക പ്രതിപാദനങ്ങൾക്ക് മുസ്‌ലിം പണ്ഡിതന്മാർ എഴുതിയ വ്യാഖ്യാനങ്ങൾ കെട്ടുകഥകളെ അതിശയിപ്പിക്കുന്ന അന്ധവിശ്വാസങ്ങളാണ്.**

വിശുദ്ധ ഖുർആന്റെ സംരക്ഷണത്തെപ്പറ്റി പ്രസ്തുത ദിവ്യ ഗ്രന്ഥം തന്നെ പ്രഖ്യാപിക്കു തന്നെ പ്രഖ്യാപിക്കുന്നതു നോക്കുക: "സത്യമായും ഈ പ്രബോധനഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കും" (15:10) തുടർന്ന് 56:78, 79)ൽ ഇങ്ങനെ കാണുന്നു: "നിശ്ചയമായും ഇതു ആദരണീയമായ ഒരു ഖുർആൻ ആകുന്നു. ഭദ്രമായി അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ (അതു) സ്ഥിതിചെയ്യുന്നു." തുടർന്നു പറയുന്നതും കൂടി ശ്രദ്ധിക്കുക: "പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇതു സ്പർശിക്കുകയില്ല" (56:80).

വിശുദ്ധ ഖുർആനെക്കുറിച്ചുള്ള ബാഹ്യ വും ആന്തരികവുമായ എല്ലാ സംരക്ഷണവും അല്ലാഹു തന്നെ ഏറ്റെടുത്തതായി പ്രഖ്യാപിക്കുകയാണിവിടെ. സന്ദർഭവശാൽ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. വിശുദ്ധ ഖുർആന്റെ ലിപിയുടെ സംരക്ഷണത്തെപ്പറ്റി ഇസ്‌ലാമിന്റെയും വിശുദ്ധ ഖുർആന്റെയും വിമർശകരായ ഓറിയന്റലിസ്റ്റുകൾ അതിൽ പ്രഗത്ഭരായ ലോർഡ് വില്യം മുയിറും, ജർമ്മൻ ഓറിയന്റലിസ്റ്റായ നോൽഡെകെ (Noldeke)യെ പോലുള്ളവരും സമ്മതിച്ചതാണ്. 1400 വർഷങ്ങൾക്കു മുമ്പു മുഹമ്മദ് ലോകത്തു സമർപ്പിച്ച അതേ ഖുർആൻ തന്നെ യാതൊരു കൂട്ടിച്ചേർക്കലുകൾക്കോ, വിട്ടുകളയലുകൾക്കോ ഇടം വരാതെ യാതൊരു മാറ്റവുമില്ലാതെ ഇന്നും നിലനിൽക്കുന്നു എന്നതാണത്. ഇതിൽ നിന്നും സംരക്ഷണത്തിന്റെ ആദ്യപടിയായ ലിപിയുടെ സംരക്ഷണം ഇവിടെ പൂർണ്ണമാവുന്നു. എന്നാൽ ഇതിലും പ്രധാനം വിശുദ്ധ ഖുർആന്റെ ആന്തരികമായ സംരക്ഷണമാണ്. ഇന്നു മുസ്‌ലിംകളിൽ കാണുന്ന അവാന്തര വിഭാഗങ്ങളും അവർ തമ്മിലുള്ള സ്പർദ്ധകളും അഭിപ്രായഭിന്നതകളും അർത്ഥങ്ങളിൽ നിന്നും വ്യാഖ്യാനങ്ങളിൽ നിന്നും ഉടലെടുത്തതാണ്. "പരിശുദ്ധരല്ലാതെ ഇതിനെ സ്പർശിക്കുകയില്ല" എന്ന വചനം വളരെ പ്രാധാന്യമർഹിക്കുന്നു. വിശുദ്ധ ഖുർആനിലെ പ്രസ്തുത ആയത്തു (സൂക്തം) പോലും വ്യാ ഖ്യാനിക്കാനുള്ള അർഹത മുസ്‌ലിം വ്യാഖ്യാതാക്കൾക്ക് ഇല്ലാതെ പോയി. ഇതുവെച്ചുകൊണ്ടു ഗാന്ധിജിയുടെ പ്രാർത്ഥനാവേളയിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന പതിവിനെതിരെ മുസ്‌ലിംകൾ ജിഹാദ് വിളി നടത്തിയതായി ഞാൻ ഓർക്കുന്നു. വിശുദ്ധ ഖുർആന്റെ ഈ വചനം ബാഹ്യമായ വൃത്തിയേക്കാൾ കൂടുതൽ ആന്തരികമായ പരിശുദ്ധിയേയാണ് വിളംബരം ചെയ്യുന്നത്. 'വുളു' (ദേഹശുദ്ധി)യോടുകൂടി ഖുർആൻ പരായണം ചെയ്യലാണ് തിരുസുന്നത്ത്. പക്ഷെ അതിന്റെ ആത്മീയ വശമെന്താന്നാൽ ഹൃദയപരിശുദ്ധിയുള്ളവർ സ്പർശിക്കുമ്പോഴേ വിശുദ്ധ ഖുർആന്റെ അർത്ഥത്തിലും വ്യാഖ്യാനത്തിലുമുള്ള അന്തസ്സത്ത മനസ്സിലാവുകയുള്ളൂ എന്നതാണ്. അതിന്റെ പോരായ്മയാണ് ഗാന്ധിജിയോടു അവർ അങ്ങനെ പെരുമാറാൻ കാരണമായത്. വിശുദ്ധ ഖുർആൻ മാനവലോകത്തിന്റെതാണ്. അത് പാരാ

യണം ചെയ്യുന്നത് തടയാൻ ആർക്കും അവകാശമില്ലാത്തതാണ്.

സത്യദൂതന്റെ താളുകളിൽ എന്റെ ലേഖനങ്ങളിൽ മറ്റു മുസ്‌ലിംകക്ഷികളുടെ ദുർവ്യാഖ്യാനങ്ങൾക്കും വിശ്വാസങ്ങൾക്കും വിരുദ്ധമായ കാര്യങ്ങൾ അനാവരണം ചെയ്യാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇനിയും ധാരാളം തെളിവുകൾ എടുത്തുദ്ധരിക്കാൻ സാധിക്കും. വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങൾ അന്ത്യനാൾ വരെ കാലഘട്ടത്തിനനുസരിച്ച് നൽകേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആനെപ്പറ്റി വിശുദ്ധ ഖുർആൻ പറഞ്ഞുതരുന്നത് ആ തത്വം തന്നെയാണ്. "ഏഴുസാഗരങ്ങൾ മഷിയായലും ലോകത്തിലെ മരച്ചില്ലകളെല്ലാം തൂലികയായാലും അതിന്റെ വ്യാഖ്യാനം അവസാനിക്കില്ല. ഏഴു സാഗരങ്ങൾ പുനഃപ്രതിഷ്ഠിച്ചാലും മതിയാവുകയില്ല." അപ്പോൾ ഇനിയും വളരെയധികം വ്യാഖ്യാനങ്ങൾ പ്രതീക്ഷിക്കാം. എല്ലാ നൂറ്റാണ്ടിന്റെ തലക്കലും അല്ലാഹു മുജദ്ദിദുമാരെ അയച്ചുകൊണ്ട് വിശുദ്ധ ഖുർആന്റെ ആത്മീയത നിലനിർത്തി. എന്നാൽ പതിനാലാം നൂറ്റാണ്ടാകുമ്പോഴേക്കും മുസ്‌ലിംകളിൽത്തന്നെ ഭിന്നതകൾ ശക്തമായിത്തീരുകയും മറ്റു മതസ്ഥരും, ഓറിയന്റലിസ്റ്റുകളും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങളിൽ കയറിപ്പിടിച്ചു വിമർശിക്കാനും തുടങ്ങി. ഈ കാലഘട്ടത്തിൽ നിന്നും ശരീഅത്തിനെത്തന്നെ പുനഃസ്ഥാപിക്കാനും, സുരയ്യാ നക്ഷത്രത്തിലേക്ക് ഉയർന്നുപോയ ഈമാനെ പുനഃപ്രതിഷ്ഠിക്കാനും വിശുദ്ധ ഖുർആന്റെ 'മഅ്‌രിഫത്ത്' ലോകസമക്ഷം പ്രഘോഷിക്കാനുമായി ഇസ്‌ലാമിൽ വാഗ്ദത്ത മഹദീമസീഹ് ആഗതനാകുമെന്ന് തിരുമേനിയുടെ (സ:അ) പ്രവചനം ഹസ്രത്ത് അഹ്മദ് (അ) മിന്റെ ആഗമനത്തോടെ പൂർത്തിയായി. അദ്ദേഹവും അദ്ദേഹത്തിന്റെ വാഗ്ദത്തപുത്രനായ മുസ്‌ലിഹ് മൗഊദ് ഹസ്രത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ലോകസമക്ഷം സമർപ്പിച്ച വിശുദ്ധ ഖുർആന്റെ വ്യാഖ്യാനം ഈ കാലഘട്ടത്തിലെ മഹാത്ഭുതമാണ്. അതിലെ നുറുങ്ങുകളാണ് എന്റെ ഈ ശ്രമത്തിന്റെ പിന്നിലുള്ള പ്രചോദനം.

സുലൈമാൻ നബി(അ)യെപ്പറ്റിയുള്ള ചരിത്രത്തിന്റെ ഭാഗങ്ങൾ വിശുദ്ധ ഖുർആനിൽ കാണുന്നുണ്ട്. അതിന് മുസ്‌ലിം വ്യാഖ്യാതാക്കൾ നൽകുന്ന പല കഥകളും നമുക്ക് സുപരിചിതമാണ്. അദ്ദേഹത്തിന്റെ സാബ(പേർഷ്യ) എന്ന സ്ഥലത്തേക്കുള്ള ഒരു പടയോട്ടത്തെ സംബന്ധിച്ചു വിശുദ്ധ ഖുർആനിലെ അൽനമൽ എന്ന അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്. ആ പ്രദേശം ഭരിച്ചിരുന്ന "ബൽക്കീസ്" എന്നു പേരുള്ള രാജ്ഞിയെസ്സംബന്ധിച്ചും അതിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത സംഭവങ്ങൾക്കെല്ലാം ഒരു അമാനുഷിക പരിവേഷം നൽകിക്കൊണ്ടാണ് മുസ്‌ലിം വ്യാഖ്യാതാക്കൾ അതിനെയെല്ലാം വ്യാഖ്യാനിച്ചിട്ടുള്ളത്. സൂറ അന്നമലിൽ 17-ാം വചനം മുതൽ 45-ാം വചനം വരെ പ്രസ്തുത സംഭവം ഇങ്ങനെ വിവരിക്കുന്നു: "സുലൈമാൻ ദാവൂദിന്റെ അവകാശിയായി. അദ്ദേഹം പറഞ്ഞു: "ഓ, മനുഷ്യരേ, പക്ഷികളുടെ ഭാഷകൾ എനിക്ക് പഠിപ്പിക്കപ്പെട്ടിരിക്കുന്നു. (ആവശ്യമായ) എല്ലാ കാര്യങ്ങളും ഞങ്ങൾ ക്ക് നൽകപ്പെട്ടട്ടിണ്ട്. തീർച്ചയായും ഇതു സ്പഷ്ടമായ അനുഗ്രഹമാണ്. (ഒരിക്കൽ) സുലൈമാന്റെ മുമ്പാകെ ജിന്നുകളിൽ നിന്നും ഇൻസുകളിൽ നിന്നും പക്ഷികളിൽ നിന്നുമുള്ള അദ്ദേഹത്തിന്റെ സൈന്യങ്ങൾ ഒരുമിച്ചു കൂട്ടപ്പെട്ടു. എന്നിട്ട് അവർ പല വകുപ്പുകളായി ക്രമീകരിക്കപ്പെടുകയും ചെയ്തു. (പിന്നെ അവർ പുറപ്പെട്ടു) അങ്ങനെ അവർ വാദിന്നംലിൽ എത്തിയപ്പോൾ നംലു സമുദായത്തിലെ നംലത്ത് പറഞ്ഞു: "നമൽ സമുദായമേ, നിങ്ങൾ നിങ്ങളുടെ വീടുകളിൽ പ്രവേശിക്കുക. സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അറിയാത്ത നിലയിൽ നിങ്ങളെ തകർക്കാതിരിക്കട്ടെ''. അപ്പോൾ നംലത്തിന്റെ വാക്ക് കേട്ടു സന്തുഷ്ടനായി അദ്ദേഹം (സുലൈമാൻ) ചിരിച്ചു. അദ്ദേഹം പറഞ്ഞു: "എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്ന അനുഗ്രഹത്തിന് നന്ദി പ്രകടിപ്പിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമങ്ങൾ അനുഷ്ഠിക്കാനും എന്നെ അനുഗ്രഹിക്കുകയും നിന്റെ കാരുണ്യം കൊണ്ടു നിന്റെ സദ്‌വൃത്തരായ ദാസന്മാരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യണമേ. അദ്ദേഹം പക്ഷികളെ പരിശോധിച്ചു. അദ്ദേഹം പറഞ്ഞു: "എനിക്ക് എന്തുപറ്റി? ഞാൻ ഹുദ്ഹുദിനെ കാണുന്നില്ലല്ലോ. അഥവാ അവൻ മനഃപൂർവ്വം അപ്രത്യക്ഷമായതാണോ? തീർച്ചയായും ഞാനവനെ കഠിനമായി ശിക്ഷിക്കുന്നതാണ്. അല്ലെങ്കിൽ ഞാനവനെ കൊന്നുകളയും. അതുമല്ലെങ്കിൽ അവൻ എനിക്ക് (തന്റെ അസാന്നിദ്ധ്യത്തിന്) സ്പഷ്ടമായ വല്ല തെളിവും കൊണ്ടുവരണം. അങ്ങനെ അദ്ദേഹം അല്പം താമസിച്ചു. (അപ്പോഴേക്കും ഹുദ്ഹുദ് വന്നു) ഇങ്ങനെ പറഞ്ഞു: ''താങ്കൾ അറിഞ്ഞിട്ടില്ലാത്ത ഒരു കാര്യം ഞാൻ ശരിക്കും അറിഞ്ഞിട്ടുണ്ട്. ഞാൻ 'സബഇൽ' നിന്ന് സൂക്ഷ്മമായ ഒരു വിവരവും കൊണ്ടാണ് താങ്കളുടെ അടുക്കൽ വന്നിട്ടുള്ളത്. അവിടെ ഒരു സ്ത്രീ അവരുടെ മേൽ ആധിപത്യം വഹിക്കുന്നതായി ഞാൻ കണ്ടു. എല്ലാ വസ്തു ക്കളിൽ നിന്നും (ആവശ്യമായതു) അവൾക്കു നൽകപ്പെട്ടിരിക്കുന്നു. അവൾക്ക് ഒരു വലിയ സിംഹാസനമുണ്ട്. അവളും അവളുടെ ജനങ്ങളും അല്ലാഹുവിനെ വിട്ട് സൂര്യനെ സാഷ്ടാംഗം പ്രണമിക്കുന്നതായി) ഞാൻ കണ്ടു. പിശാച് അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങളെ അലംകൃതമായി കാണിച്ചു കൊടുത്തിരിക്കയാണ്. അങ്ങനെ പിശാച് അവരെ നേർ മാർഗ്ഗത്തിൽ നിന്നും തടഞ്ഞുനിർത്തിയിരിക്കുന്നു. അതിനാൽ അവർ നേർമാർഗ്ഗം പ്രാപിക്കുന്നില്ല. ആകാശങ്ങളിലും ഭൂമിയിലും മറഞ്ഞുകിടക്കുന്നതെല്ലാം പുറത്തുകൊണ്ടുവരുകയും നിങ്ങൾ മറച്ചുവെക്കുന്നതും വെളിവാക്കുന്നതു

മായ കാര്യങ്ങൾ അറിയുന്നവനുമായ അല്ലാഹുവിനെ സാഷ്ടാംഗം പ്രണമിക്കാതിരിക്കാൻ അല്ലാഹു, അവനല്ലാതെ ആരാധനക്കർഹൻ മറ്റാരുമില്ല. അവൻ മഹിതസിംഹാസനത്തിന്റെ അധിപനാകുന്നു.'' അദ്ദേഹം (സുലൈമാൻ) പറഞ്ഞു: "നീ സത്യമാണോ പറയുന്നത്. അല്ല, നീ കള്ളം പറയുന്നവരിൽപ്പെട്ടവനാണോ''? എന്നു ഉടനെ നമുക്ക് നോക്കാം. എന്റെ ഈ എഴുത്തു നീ കൊണ്ടു പോയി അവരിലേക്ക് ഇട്ടുകൊടുക്കുക. എന്നിട്ട് അവരിൽ നിന്ന് പിൻമാറി നിൽക്കുക. പിന്നെ അവർ എന്തു മറുപടി നൽകുന്നുവെന്ന് നോക്കുക. (ആ എഴുത്തുകിട്ടിയപ്പോൾ) അവൾ പറഞ്ഞു: "ഏ പ്രധാനികളേ, ആദരണീയമായ ഒരു ലിഖിതം എനിക്ക് ലഭിച്ചിരിക്കുന്നു. അത് സുലൈമാനിൽ നിന്നുള്ളതാണ്. പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ഉള്ളതാണ്. നിങ്ങൾ എന്റെ മേൽ മേധാവിത്വം സ്ഥാപിക്കാൻ ഒരുങ്ങേണ്ട. നിങ്ങൾ സ്വമേധയാ കീഴടങ്ങിക്കൊണ്ടു എന്റെ അടുക്കലേക്ക് വരിക'. അവൾ പറഞ്ഞു: "പ്രധാനികളേ, എന്റെ കാര്യത്തിൽ നിങ്ങൾ ഒരഭിപ്രായം എനിക്ക് പറഞ്ഞു തരിക. നിങ്ങൾ എന്റെയടുക്കൽ സന്നിഹിതരായി അഭിപ്രായം പറഞ്ഞുതരുന്നത് വരെ ഞാൻ ഒരു കാര്യത്തിനും തീരുമാനം കല്പിക്കാറില്ല". അവർ (പ്രധാനികൾ) പറഞ്ഞു: ''ഞങ്ങൾ ശക്തരാണ്. ഘോരസമരയോദ്ധാക്കളുമാണ്. പക്ഷെ തീരുമാനം ചെയ്യുവാനുള്ള അധികാരം താങ്കൾക്കാണ്. അതിനാൽ താങ്കൾ എന്തു കല്പിക്കുന്നുവെന്നും താങ്കൾതന്നെ ചിന്തിച്ചാലും. അവൾ പറഞ്ഞു: "രാജാക്കന്മാർ ഒരു സ്ഥലത്ത് പ്രവേശിച്ചാൽ അവർ അതിനെ തകർത്തുകളയുകയും ആ നാട്ടിലെ ആളുകളിൽ മാന്യന്മാരെ നിന്ദ്യരാക്കുകയും ചെയ്യും. അവർ അങ്ങനെയാണ് ചെയ്യുക. ഞാൻ അവർക്ക് ഒരു സമ്മാനം കൊടുത്തയക്കുകയാണ്. എന്നിട്ട് ദൂതന്മാർ എന്തും കൊണ്ടാണ് തിരിച്ചുവരുന്നതെന്നു പ്രതീക്ഷിക്കാം. അങ്ങനെ രാജ്ഞിയുടെ ദൂതൻ സുലൈമാന്റെ അടുക്കൽ വന്നപ്പോൾ അദ്ദേഹം ചോദിച്ചു: 'നിങ്ങൾ ധനം കൊണ്ടു എന്നെ സഹായിക്കുകയാണോ? അങ്ങനെയാണെങ്കിൽ (ഓർമ്മിക്കുക) അല്ലാഹു എനിക്ക് നൽകിയിട്ടുള്ളത് നിങ്ങൾക്ക് നൽകിയതിനേക്കാൾ ഉത്തമമാണ്. പക്ഷെ നിങ്ങൾ നിങ്ങളുടെ സമ്മാനത്തിൽ അഭിമാനം കൊള്ളുന്നു. നീ അവരുടെ അടുക്കൽ മടങ്ങിച്ചെന്നു (അവരോടു) പറയുക: അവർക്ക് എതിർക്കാൻ സാധിക്കാത്ത സൈന്യങ്ങളുമായി തീർച്ചയായും നാം അവരുടെ അടുക്കലേക്ക് ചെല്ലും. എന്നിട്ട് ആ നാട്ടിൽ നിന്നും അവരെ ഹീനരായി കീഴടക്കിയ നിലയിൽ പുറത്താക്കുകയും ചെയ്യും". അദ്ദേഹം (സുലൈമാൻ) ചോദിച്ചു: "പ്രധാനികളേ, അവർ കീഴടങ്ങിക്കൊണ്ടു എന്റെ അടുക്കൽ വരുന്നതിന് മുമ്പെ നിങ്ങളിൽ ആരാണ് അവളുടെ സിംഹാസനം എനിക്ക് കൊണ്ടുവന്നു തരിക?" ജിന്നുകളിൽ നിന്നുള്ള ഒരു നേതാവ് (ഇഫ്‌രീത്ത്) പറഞ്ഞു: "താങ്കളുടെ സ്ഥാനത്തു നിന്ന് താങ്കൾ പോകുന്നതിനുമുമ്പായി അത് ഞാൻ താങ്കൾക്ക് കൊണ്ടുവന്നു തരാം. ഞാൻ ശക്തനും വിശ്വസ്തനുമാണ്. അപ്പോൾ ഗ്രന്ഥത്തിൽ നിന്നുള്ള അറിവ് കരസ്ഥമാക്കിയ ഒരാൾ പറഞ്ഞു: 'താങ്കൾ കണ്ണു ചിമ്മിത്തുറക്കുന്നതിനുമുമ്പായി ഞാൻ അതു താങ്കൾക്ക് കൊണ്ടുവന്നുതരാം. അങ്ങനെ സുലൈമാൻ അതു തന്റെ അടുത്ത് സ്ഥിതിചെയ്യുന്നതായിക്കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ''ഇത് എന്റെ നാഥന്റെ അനുഗ്രഹങ്ങളിൽ നിന്നുള്ളതാണ്. ഞാൻ കൃതജ്ഞതയാണോ കൃതഘ്നതയാണോ കാണിക്കുന്നത് എന്ന് പരീക്ഷിക്കുവാൻ വേണ്ടി. ഏതൊരാൾ നന്ദി കാണിക്കുന്നുവോ അയാൾ തന്റെ സ്വന്തം ഗുണത്തിന് വേണ്ടി തന്നെയാണ് നന്ദി കാണിക്കുന്നത്. ആരെങ്കിലും നന്ദികേട് കാണിക്കുന്നതായാൽ നിശ്ചയമായും എന്റെ നാഥൻ സ്വാശ്രയനും ഔദാര്യവാനുമാകുന്നു." അദ്ദേഹം പറഞ്ഞു: ''നിങ്ങൾ അവളുടെ സിംഹാസനത്തെ അവൾക്ക് നിസ്സാരമാക്കികാണിക്കുക. അവൾ നേർമാർഗ്ഗം പ്രാപിക്കുമോ അല്ലെങ്കിൽ അവൾ നേർമാർഗ്ഗം പ്രാപിക്കാത്തവരിൽ ഉൾപ്പെട്ടുപോകുമോ എന്ന് നമുക്ക് നോക്കാം." പിന്നീട് അവൾ വന്നപ്പോൾ "ഇങ്ങനെ തന്നെയാണോ നിന്റെ സിംഹാസനം?" എന്നു ചോദിക്കപ്പെട്ടു. അവൾ പറഞ്ഞു: "ഇതു അതുപോലെയുണ്ട്. ഞങ്ങൾക്ക് ഇതിനുമുമ്പുതന്നെ അറിവുലഭിച്ചിട്ടുണ്ട്. ഞങ്ങൾ കീഴടങ്ങിയവരായിക്കഴിഞ്ഞിരുന്നു". അല്ലാഹുവിന് പുറമെ അവൾ ആരാധിക്കാറുണ്ടായിരുന്നതിൽ നിന്നും സുലൈമാൻ അവളെ തടഞ്ഞു. തീർച്ചയായും അവൾ അവിശ്വാസികളിൽപ്പെട്ടവളായിരുന്നു. 'കൊട്ടാരത്തിൽ പ്രവേശിക്കുക' എന്നവളോടു പറയപ്പെട്ടു. അങ്ങനെ അവളത് കണ്ടപ്പോൾ അത് ആഴമുള്ള ഒരു ജലസംഭരണിയാണെന്ന് ധരിച്ചു. അവൾ പരിഭ്രമിച്ചു. അപ്പോൾ സുലൈമാൻ പറഞ്ഞു: "ഇതു മിനുസമുള്ള സ്ഫടികം കൊണ്ടു നിർമ്മിച്ച കൊട്ടാരമാണ്.'' അവൾ പറഞ്ഞു: "എന്റെ നാഥാ, ഞാൻ സ്വയം എന്നോട് തന്നെ അധർമ്മം പ്രവർത്തിച്ചു പോയി. സുലൈമാനോടൊപ്പം സർവ്വലോക പരിപാലകനായ അല്ലാഹുവിനു ഞാൻ സ്വയം അർപ്പണം ചെയ്തിരിക്കുന്നു." ഈ വിവരണങ്ങൾക്കു പുറമെ 21:83-ൽ സുലൈമാൻ നബിക്ക് (അ) മുങ്ങൽ വിദഗ്ധരായ ശൈത്താന്മാരെ അധീനപ്പെടുത്തിക്കൊടുത്തതായി കാണുന്നു. 34:13 ൽ സുലൈമാൻ നബിക്ക് (അ) കാറ്റിനെ അധീനപ്പെടുത്തിക്കൊടുത്തതായും ജിന്നുകളിൽ ചിലരെ അധീനപ്പെടുത്തിക്കൊടുത്തതായും അവർ സുലൈമാൻ നബി(അ)ക്ക് ചെയ്തു കൊടുത്ത സേവനത്തെപറ്റിയും പരാമർശിക്കുന്നുണ്ട്. 38:37, 38 ൽ മുങ്ങൽ വിദഗ്ധരെപ്പറ്റിയും നിർമ്മാണജോലിയിൽ വിദഗ്ധരായവരെപ്പറ്റിയും ശൈത്താൻ എന്ന പരാമർശം ഉണ്ട്.

വ്യാഖ്യാതാക്കൾ സുലൈമാൻ നബി(അ)യെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ പരാമർശിക്കുന്ന ഈ

ചരിത്രത്തെ യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത വേതാള കഥ പോലെ ചിത്രീകരിച്ചിരിക്കയാണ്. അദ്ദേഹത്തിന്റെ സൈന്യത്തിൽ ശൈത്താന്മാരും, ജിന്നുകളും, പക്ഷികളുമൊക്കെ ഉണ്ടായിരുന്നെന്നും അദ്ദേഹത്തിന് പക്ഷികളുടേയും ഉറുമ്പിന്റെയും ഭാഷ അറിയാമായിരുന്നെന്നും അദ്ദേഹത്തിന് ഷേബാ രാജ്ഞിയെപ്പറ്റിയും സബാരാജ്യത്തെപ്പറ്റിയും അവരുടെ അരമനയിലെ എല്ലാ രഹസ്യങ്ങളും നിഗൂഢതകളും അദ്ദേഹത്തിന് പറഞ്ഞുകൊടുത്തത് ഒരു മരം കൊത്തി പക്ഷിയായിരുന്നെന്നും ഷേബാ രാജ്ഞി സൂര്യനെ ആരാധിക്കുന്നവളായിരുന്നെന്നും മറ്റുമുള്ള അവരുടെ ആത്മീയവശത്തെപ്പറ്റി പോലും മരം കൊത്തി പക്ഷി വിവരം നൽകിയെന്നാണ് പറയുന്നത്. പിന്നീട് അദ്ദേഹത്തിന് ഷേബാ രാജ്ഞി സ്വയം കീഴടങ്ങി. രാജ്ഞിയെ വേൾക്കാൻ മോഹിച്ച സുലൈമാൻ നബി(അ) രാജ്ഞിയുടെ കണങ്കാലിൽ രോമമുണ്ടെന്ന സംശയനിവൃത്തിക്കായി ഒരു ജലസംഭരണി ഉണ്ടാക്കി അതിന്റെ മേലെ ഗ്ലാസ്സ് വിരിച്ചുകൊണ്ടു പ്രത്യക്ഷത്തിൽ വെള്ളമാണെന്നു കരുതിയ രാജ്ഞി തന്റെ വസ്ത്രം പെട്ടെന്ന് പൊക്കുകയും അപ്പോൾ സുലൈമാൻ നബിയുടെ (അ) സംശയം അതോടെ തീരുകയും അദ്ദേഹം അവരെ ഭാര്യയാക്കി സ്വീകരിക്കുകയും ചെയ്തതായി കഥകളിൽ കാണുന്നു. എന്നാൽ ബൈബിൾ കഥ പരിശോധിച്ചാൽ ഈ രാജ്ഞിയെ സ്വീകരിച്ചതിന് ശേഷം സുലൈമാൻ നബി(അ) യും ഏകദൈവസിദ്ധാന്തത്തിൽ നിന്ന് വ്യതിചലിച്ചതായി പറഞ്ഞിട്ടുണ്ട്. ബൈബിൾ പരാമർശങ്ങളിൽ പ്രവാചകന്മാരിൽ പലരേയും നിന്ദിച്ചു എഴുതുന്നതിൽ യാതൊരു ലുബ്ധും കാണിക്കാറില്ല. ലൂത്ത് നബിയെ (അ) പ്പറ്റി, അദ്ദേഹം മദ്യപിച്ച് സ്വന്തം പെൺമക്കളുമായി ശയിച്ചതായി ബൈബിളിൽ വായിക്കാം. ഒരു സാധാരണക്കാരനുപോ ലും അറപ്പു തോന്നുന്ന ആഭാസത്തരങ്ങൾ ഒരു പ്രവാചകനിൽ ആരോപിക്കുമ്പോൾ പിന്നെ സാധാരണക്കാരന് എന്താണ് ചെയ്തുകൂടാത്തത് എന്നുള്ളിടത്തേക്കാണ് അനുവാചകരെ എത്തിക്കുക എന്ന കാര്യം വളരെ സ്പഷ്ടമാണ്.

ബനൂ ഇസ്രായീൽ, അലഞ്ഞു നടന്നിരുന്ന ഒരു ഗോത്ര ജനം മാത്രമായിരുന്നു. അവർ ഒരു രാജഭരണത്തിനുവേണ്ടി വളരെയധികം ആഗ്രഹിച്ചു. തത്ഫലമായി ശൗൽ (ബി.സി. 1028 –1013) ഇസ്രയേൽ ജനതയുടെ രാജാവായി. ഇസ്രായേൽ ജനതയുടെ രണ്ടാമത്തെ രാജാവാണ് ദാവീദ് അഥവാ ദാവൂദ് നബി(അ) (ബി.സി. 973 – 933). അദ്ദേഹത്തിന്റെ മകനായിരുന്നു സോളമൻ അഥവാ സുലൈമാൻ നബി(അ). രാജാധികാരം പിതാവിൽ നിന്നും പാരമ്പര്യമായി മകന് ലഭിച്ചേക്കാം. എന്നാൽ പ്രവാചകത്വം അങ്ങനെയല്ല. ദാവൂദ് നബി(അ) ഒരു വീരപരാക്രമിയും ഭക്തനായ ദൈവദാസനും ഒരു നയതന്ത്രവിദഗ്ധനുമായിരുന്നു. ഇവർ രണ്ടുപേരുടേയും ഭരണകാലം യഹൂദന്മാരുടെ സുവർണ്ണ കാലമായിരുന്നു. ഇസ്രായേല്യരുടെ എല്ലാ ഗോത്രങ്ങളേയും ഡാൻ മുതൽ (Dan) ബാർഷേബ (Barsheba) വരെയുള്ളവരെ ഒരു ശൃംഖലയിൽ കോർത്തിണക്കി ശക്തമായ ഒരു ജനതയാക്കിത്തീർത്തതും ദാവൂദ്നബി(അ) ആയിരുന്നു. അദ്ദേഹത്തിന്റെ ഭരണം യൂഫ്രട്ടീസ് മുതൽ നൈൽ വരെ വ്യാപിച്ചിരുന്നു. സുലൈമാൻ നബി(അ) തന്റെ രാജ്യത്തെയും സംയോജിപ്പിച്ചു ഒന്നാക്കി ശക്തമാക്കിത്തീർത്തു. യുദ്ധനിപുണനും ജ്ഞാനിയുമായ ഒരു ഭരണകർത്താവായിരുന്നു സോളമൻ. അദ്ദേഹം വ്യാപാരവും കച്ചവടവും വിദേശ രാജ്യങ്ങളുമായുള്ള വ്യാപിപ്പിച്ചു. അദ്ദേഹം ഇസ്രായേൽ രാജാക്കന്മാരിൽ പേരു കേട്ട നിർമ്മാണപ്രവർത്തകനുമായിരുന്നു. ജറുസലേമിലെ സുപ്രസിദ്ധമായ ജറുസലം ടെമ്പിൾ (ഹൈക്കൽ സുലൈമാനി), ഇദ്ദേഹമാണ് പണിതത്. ഇതാണ് ഇസ്രായേല്യരുടെ ഖിബ്‌ലയായിത്തീർന്നത്. ഇപ്പോഴും അതിന്റെ അവശിഷ്ടം യഹൂദികൾ സംരക്ഷിച്ചിട്ടുണ്ട്. ഇവർ രണ്ടുപേർക്കും അല്ലാഹു എല്ലാ അറിവുകളുടയുടേയും വാതായനങ്ങൾ തുറന്നുകൊടുത്തിരുന്നു. അവരുടെ കാലത്തു യുദ്ധമുറകളിലുള്ള ജ്ഞാനങ്ങളും, കടൽയാത്രകളെ പ്രയോജനപ്പെടുത്തിയുള്ള വ്യാപാരങ്ങളും വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. യെമൻ വരെയുള്ള അറബിരാജ്യങ്ങളുമായി വ്യാപാരബന്ധം സ്ഥാപിച്ചതും കപ്പൽ നിർമ്മാണരംഗം നവീകരിച്ചതും ചെമ്പു ഖനികൾ പ്രവർത്തനക്ഷമമാക്കിയതും സുലൈമാൻ നബിയുടെ (അ) കാലത്താണെന്ന് ചരിത്രത്തിൽ കാണാം. അദ്ദേഹത്തിന്റെ കാലത്ത് ഇങ്ങ് കേരളക്കരയിൽവരെ കപ്പലുകൾ വന്നതായി ചരിത്രകാരന്മാർ പറയുന്നു. മുകളിൽ പറയപ്പെട്ട വിശുദ്ധ ഖുർആന്റെ ആയത്തുകൾ ഇനി പരിശോധിച്ചാൽ സുലൈമാൻ നബിയുടെ (അ) ഭരണനൈപുണ്യത്തെപ്പറ്റി നമുക്ക് കൂടുതൽ മനസ്സിലാക്കാം. പക്ഷികളുടെ ഭാഷ പഠിപ്പിക്കപ്പെട്ടു എന്നു പറയുന്നുണ്ട്. അദ്ദേഹത്തിന്റെ കാലത്തു സന്ദേശങ്ങളയക്കാൻ പക്ഷികളെ പരിശീലിപ്പിച്ചതായി മനസ്സിലാകുന്നു. അദ്ദേഹത്തിന്റെ കാലാൾപ്പടയിൽ ജിന്നും, മനുഷ്യരും പക്ഷികളും ഉണ്ടായിരുന്നു എന്നും അവയെയൊക്കെ ഓരോ പ്രത്യേക വിഭാഗമായി തരംതിരിച്ചതുമായി ഇവിടെ പറഞ്ഞിരിക്കുന്നു. ഇവിടെ ജിന്ന് എന്നും മറ്റു ചില സ്ഥലങ്ങളിൽ ശൈത്താൻ എന്നും പറഞ്ഞത് മലമ്പ്രദേശനിവാസികളെ സംബന്ധിച്ചാണ്. ഇസ്രായീല്യരല്ലാത്ത ശക്തരായ മലനിവാസികൾ അദ്ദേഹത്തിന്റെ കാലാൾപ്പടയിലെ ഒരു വിഭാഗമായിരുന്നു. അതേപോലെ, ബുദ്ധി ഉപയോഗിച്ചു യുദ്ധമുറകൾ അറിയുന്ന മനുഷ്യരിൽപ്പെട്ടവരും, കുടാതെ, ഇവിടെ പക്ഷികൾ എന്ന പദം പ്രയുക്തമാകുന്നത് പടക്കുതിരകളെക്കുറിച്ചാകാനാണ് സാധ്യത. അദ്ദേഹത്തിന്റെ കാലാൾപ്പടയിൽ കുതിരപ്പട്ടാളം വളരെ ശക്തമായിരുന്നെന്ന് മനസ്സിലാകുന്നു. ഖുർആനിലെ മറ്റു സ്ഥലങ്ങളിലും അദ്ദേഹത്തിന് കുതിരകളിലുള്ള കമ്പം പ്രത്യേകം

അനുസ്മരിക്കുന്നുണ്ട്. നമ്മൾ തൂഫാൻ കുതിര എന്നൊക്കെ പറയുന്നപ്രകാരമുള്ള കുതിരകളെ 'ത്വൈർ' എന്ന പദം കൊണ്ടു വിശേഷിപ്പിക്കാറുണ്ട്. പക്ഷി പറക്കുന്നപോലെ അത്രയും വേഗതയിൽ ഓടുന്ന കുതിരയെ അറബിയിൽ 'ത്വൈർ' എന്ന പദം കൊണ്ടു വിശേഷിപ്പിക്കാറുണ്ട്. കൂടാതെ സന്ദേശങ്ങളയക്കാൻ സാക്ഷാൽ പക്ഷികളെത്തന്നെ സുലൈമാൻ നബി(അ) പരിശീലിപ്പിച്ചിരിക്കാം. ഒരു പടയോട്ടത്തിൽ അത്തരം ഒരു സംവിധാനം എടുത്തുപറയത്തക്കരൂപത്തിൽ ഉണ്ടായിരിക്കയില്ല. അതുകൊണ്ടു ത്വൈർ (പക്ഷി) എന്നപ്രയോഗം കുതിരപ്പടയെ സംബന്ധിച്ചായിരിക്കും. ഇതുകൂടാതെ ആത്മീയവീക്ഷണത്തിലും ഇതു പ്രായോഗികമാണ്. കാരണം ആത്മീയവിഹായസ്സിൽ സഞ്ചരിക്കുന്ന പരിശുദ്ധരായ ആത്മീയ ജ്ഞാനികളും പക്ഷിയെന്ന വിപുലമായ അർത്ഥത്തിൽ വരും. അപ്പോൾ അദ്ദേഹത്തിന്റെ സമൂഹത്തിൽ സാധാരണജനങ്ങളും, ആത്മീയവീക്ഷണമുള്ളവരും, മലനിവാസികളായ കാട്ടുജാതിക്കാരും ശാരീരികമായ എന്തുപ്രവൃത്തിയും ചെയ്യാൻ കരുത്തുള്ളവരും അങ്ങനെ എല്ലാവിഭാഗവും ചേർന്നുള്ള ഒരു സൈനിക വ്യൂഹമാണ് അദ്ദേഹത്തിന്റെ കൂടെ പടയോട്ടത്തിൽ പങ്കെടുത്തിരുന്നത് എന്നു മനസ്സിലാകുന്നു. ഗഹനമായ അർത്ഥ ധ്വനികളുള്ള ഇത്തരം പദപ്രയോഗം വളരെ തത്വജ്ഞാനപരവും ഗൂഢാർത്ഥങ്ങൾക്കൊള്ളുന്നതുമാണെന്ന് നമുക്ക് കണ്ടെത്താൻ സാധിക്കും. അതുതന്നെയാണ് ഒരു പ്രകാരത്തിൽ ഖുർആന്റെ അമാനുഷികത. അപ്പോൾ സുലൈമാൻ നബി (അ) "സാബാ" എന്ന സ്ഥലത്ത് വമ്പിച്ച സന്നാഹങ്ങളോടെ ഒരു പടയോട്ടം നടത്തിയിരുന്ന രംഗമാണ് നാം ഇവിടെ കാണുന്നത്. ഇതിൽ ഉന്നത സ്ഥാനീയർ അഥവാ സൈനിക ഓഫീസർമാർ (ജിന്ന്) സാധാരണ കാലാൾ (ഇൻസ്) അതിവേഗത്തിൽ ചലിക്കുന്ന സൈനിക വ്യൂഹം (പക്ഷികൾ) എന്നിങ്ങനെയുള്ള വിഭാഗക്കാരുണ്ടായിരുന്നെന്നും ആലങ്കാരികമായി നമുക്കതിനെ വ്യാഖ്യാനിക്കാവുന്നതാണ്.

അവർ വഴിമദ്ധ്യേ "വാദി നംല് " ("ഉറുമ്പിന്റെ താഴ്‌വര") എന്ന സ്ഥലത്ത് എത്തി. അപ്പോൾ അവിടെ ഉണ്ടായിരുന്ന "നമ്‌ലൈറ്റ്" എന്നു പേരുള്ള ആ താഴ്‌വരയിലെ ഒരു നേതാവ് അവരുടെ ഭാഷയിൽ ഉറക്കെ വിളിച്ചു പറഞ്ഞു: 'ഏ നമൽ വാസികളേ,' നിങ്ങളെല്ലാം നിങ്ങളുടെ വീടുകളിൽ പ്രവേശിക്കുക. സുലൈമാനും പടയും വരുന്നുണ്ട്. അവർ അറിയാതെ നിങ്ങളെ വകവരുത്തും' ഇവരുടെ ഭാഷ അറിയാവുന്ന സുലൈമാൻ നബി(അ) ഈ വാക്കുകൾ കേട്ടപ്പോൾ വളരെ സന്തുഷ്ടനായി. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പൂർവ്വികന്മാർക്കും അല്ലാഹു നൽകിയ അനുഗ്രഹം അനുസ്മരിക്കുകയും കൂടുതൽ ശക്തിയായി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്തു.

മേൽഭാഗം വ്യാഖ്യാനിക്കുന്ന കാര്യത്തിലും മുസ്‌ലിം വ്യാഖ്യാതാക്കൾക്ക് തെറ്റുപറ്റിയതായി കാണുന്നു. "വാദിനംല് " അതു ശരിക്കും ഉറുമ്പുകളുടെ ഒരു താഴ്‌വരയായും അവരോട് സുലൈമാൻ നബിയും പടയും വരുന്നുണ്ടെന്നും ഉടനെ വീടുകളിൽ പ്രവേശിക്കാനും അല്ലാത്തപക്ഷം നിരപരാധികളായ അവർ ചവിട്ടിമെതിക്കപ്പെടുമെന്നുള്ള വാർത്ത പറഞ്ഞത് അവരുടെ കൂടെയുണ്ടായിരുന്ന ഉറുമ്പായ ഒരു സ്ത്രീയായിരുന്നെന്നും സുലൈമാൻ നബിക്ക് ഉറുമ്പിന്റെ ഭാഷ അറിയാമായിരുന്നതുകൊണ്ട് അതു മനസ്സിലായെന്നും വ്യാഖ്യാനങ്ങളിൽ കാണുന്നു.

പ്രാചീനകാലങ്ങളിൽ പല താഴ്‌വരകൾക്കും, ഗോത്രങ്ങൾക്കും മൃഗങ്ങളുടേയും, മറ്റു ജീവികളുടേയും പേരുകൾ നൽകാറുണ്ട്. മാസിൻ (Mazin) 'ഉറുമ്പുകളുടെ മുട്ടകൾ' എന്ന പേരുള്ള ഒരു ഗോത്രം അറേബ്യയിൽ ഉള്ളതായി ഒരു ലിഖിതത്തിൽ ഞാൻ കണ്ടിട്ടുണ്ട്. കൂടാതെ ബിൻ അബൂദാദ്, ബനൂ തഗ്‌ലാബ്, ബനൂ കൽബ്, ബനൂ നമൽ എന്നിവയും അതിന് ഉദാഹരണങ്ങളാണ്. രാമായണത്തിലെ ശ്രീരാമചന്ദ്രന്റെ (അ) വാനരപ്പടയും ഇത്തരത്തിൽ മൃഗങ്ങളുടെ പേര് സ്വീകരിച്ച ഒരു ഗോത്രവർഗ്ഗമായിരിക്കാം. മേൽ ആയത്തിലും അങ്ങനെയുള്ള ഒരു ഗോത്രവർഗ്ഗത്തെപ്പറ്റിയാണ് പറഞ്ഞുതരുന്നത്. ഇവിടെ പ്രസ്തുത ഗോത്രനേതാവ് അവരോട് പറഞ്ഞ 'നിങ്ങളുടെ വാസസ്ഥലം' എന്ന പ്രയോഗം തന്നെ അതു മനുഷ്യരായിരുന്നെന്ന് കാണിക്കുന്നു. "മസാകീനകും" എന്ന ഖുർആനിലെ പ്രയോഗം മറ്റു സ്ഥലങ്ങളിൽ പ്രയോഗിച്ചതും മനുഷ്യർ താമസിക്കുന്ന വീടുകൾക്ക് മാത്രമാണ്. (29:39; 32:27). ഇങ്ങനെ ഒരു പേരുള്ള താഴ്‌വര ഡമാസ്കസിൽ നിന്ന് ഹിജാസിലേക്കുള്ള വഴിയിൽ കാണാം. ഏതാണ്ട് നൂറുമൈൽ ദൂരമുണ്ടാകും അതിന്റെ ദൈർഘ്യം. (പഴയമേപ്പിലും പുതിയ മേപ്പിലും ഇത് രേഖപ്പെട്ടുകിടക്കുന്നുണ്ട്). മറ്റൊരു ചരിത്രകാരൻ പ്രസ്തുത സ്ഥലം യമനിലാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സുലൈമാൻ നബിയുടെ "സാബ" യിലേക്കുള്ള പടയോട്ടത്തിൽ ഈ പ്രദേശത്തുകൂടെ കടന്നുപോയിരിക്കാം. സുലൈമാൻ നബിയെപ്പറ്റിയും അദ്ദേഹത്തിന്റെ സൈന്യത്തെസ്സംബന്ധിച്ചും നീതിയെപ്പറ്റിയും ആ പ്രദേശത്തുള്ളവർക്കെല്ലാം അറിയുമായിരിക്കാം. അതാണ് "നമ്‌ലൈറ്റി"ന്റെ ആ ഹ്വാനത്തിൽ നിന്നും മനസ്സിലാകുന്നത്.

(തുടരും) ■

## ചരിത്രം ബുദ്ധിമാന്മാർക്ക്

അവരുടെ ചരിത്ര വിവരണങ്ങളിൽ ബുദ്ധിമാൻമാർക്ക് വലിയ പാഠമുണ്ട്. ഇത് കെട്ടിച്ചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിന് മുമ്പുള്ളവയുടെ സാക്ഷാൽക്കാരവും എല്ലാ കാര്യങ്ങളുടെ വിശദീകരണവും സത്യവിശ്വാസികൾക്ക് ഒരു മാർഗ്ഗദർശനവും കാരുണ്യവുമാണ്.

**വി. ഖുർആൻ 12:112**

ലേഖനം

# ദിവ്യാത്മാക്കളെ ഇനി പ്രതീക്ഷിക്കേണ്ടേ?!!

അബ്ദുറഹ്മാൻ, കൊടിയത്തൂർ

**മടവൂർ വിഭാഗം മുജാഹിദുകളുടെ മുഖപത്രമായ 'ശബാബി'ലെ പരാമർശത്തോടുള്ള പ്രതികരണം.**

മടവൂർ വിഭാഗം മുജാഹിദുകളുടെ മുഖപത്രമായ 'ശബാബ്' വാരികയുടെ ഫിബ്രവരി 13ലെ ലക്കത്തിൽ വാഗ്ദത്ത മഹ്ദിമസീഹിന്റെ ആഗമനം സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ചോദ്യത്തിന് നൽകപ്പെട്ട മറുപടിയിൽ സത്യത്തെ അടിമേൽ മറിക്കുവാൻ ശ്രമിക്കുകയും, അഹ്മദിയ്യാ ജമാഅത്തിനു മേൽ അന്യായമായ കടന്നുകയറ്റത്തിനു മുതിരുകയുമാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത പരമാർശങ്ങൾക്ക് ഒരു മറുപടി നൽകുന്നത് സത്യാന്വേഷികൾക്ക് പ്രയോജനം ചെയ്യുമെന്ന് കരുതുന്നതുകൊണ്ടാണ് ഈ കുറിപ്പെഴുതുന്നത്. ചോദ്യം ഇപ്രകാരമാണ്. "മുസ്ലിം കൾക്ക് അധഃപതനം നേരിടുന്ന ഒരുകാലത്തെ പ്പറ്റിയും അതിൽ നിന്നുള്ള മോചനത്തെപ്പറ്റിയും വിശുദ്ധ ഖുർആനും നബി(സ)യും പ്രവചിച്ചിട്ടുണ്ട്. അതിനു പ്രതിവിധിയായി അവസാനകാലത്ത് അല്ലാഹു ഹസ്റത്ത് മഹ്ദിമസീഹിനെ നിയോഗിക്കുമെന്നും ഖുർആനിൽ അല്ലാഹു വാഗ്ദാനം ചെയ്ത (24:25) ഖിലാഫത്ത് പുനഃസ്ഥാപിക്കുമെന്നും പ്രവചനമുണ്ട്. ഇമാം മഹ്ദി ആഗതരായാൽ മഞ്ഞിൻകട്ടയുടെ മേൽ ഇഴഞ്ഞുപോയിട്ടെങ്കിലും തന്റെ സലാം എത്തിക്കണമെന്നും അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യണമെന്നും നബി(സ) ആജ്ഞാപിച്ചു. മുസ്ലിംകളുടെ ജീർണ്ണതക്ക് പ്രതിവിധി ഇതല്ലാതെ മറ്റു ഏതെങ്കിലും പ്രസ്ഥാനത്തെയോ മറ്റു വല്ല മാർഗമോ അല്ലാഹുവോ നബി(സ)യോ നിർദ്ദേശിച്ചിട്ടില്ല". അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഒരു ലഘുലേഖയിൽ നിന്ന് ഇത്രയും ഉദ്ധരിച്ച് വിശദീകരണം ആവശ്യപ്പെട്ട ചോദ്യകർത്താവിനുള്ള മറുപടിയിലാണ് 'ശബാബ്' സ്വതസ്സിദ്ധമായ സത്യവിരോധവും കൗശലവും പ്രകടിപ്പിച്ചിട്ടുള്ളത്.

മുഖാമുഖക്കാരൻ പറയുന്നു : "മുസ്ലിംകൾ ആദർശപ്രതിബദ്ധതയില്ലാത്തവരായിത്തീരുന്ന കാലഘട്ടത്തെപ്പറ്റി വിശുദ്ധഖുർആനിലും പ്രാമാണികമായ ഹദീസുകളിലും പരാമർശമുണ്ടെന്നത് ശരിയാണ്. എന്നാൽ അധഃപതനത്തിൽ നിന്ന് മുസ്ലിം സമൂഹത്തെ മോചിപ്പിക്കാൻ വേണ്ടി ഹസ്റത്ത് മഹ്ദി മസീഹ് എന്നൊരാളെ അല്ലാഹു നിയോഗിക്കുമെന്ന് യാതൊരു ആയത്തിലും ഹദീസിലും പറഞ്ഞിട്ടില്ല. മഹ്ദി എന്നാൽ സന്മാർഗ്ഗചാരി എന്നാണർത്ഥം. സന്മാർഗ്ഗചാരികളായ പലരെ സംബന്ധിച്ചും ഹദീസിൽ പരാമർശമുണ്ട്. സന്മാർഗ്ഗചാരിയായ നേതാവിനെ മുസ്ലിംകൾ പിന്തുടരണം എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല". മുസ്ലിംകളുടെ അധഃപതനത്തെക്കുറിച്ച് ഖുർആനിലും ഹദീസിലും പരാമർശമുണ്ടെന്ന് അംഗീകരിക്കുന്ന ശബാബ്കാരൻ ഉത്തമ ഉമ്മത്തിന്റെ മോചനത്തിന് ഒരു മാർഗ്ഗം ഖുർആനും തിരുനബി(സ)യും നിർദ്ദേശിക്കുന്നില്ലെന്ന് തട്ടിവിടാൻ ധൃഷ്ടനായിരിക്കുകയാണ്. ഭൂരിപക്ഷ മുസ്ലിംകൾ നൂഹ് നബിയുടെ കാലത്തെ വെല്ലുന്ന ശിർക്കിൽ അകപ്പെട്ടിരിക്കുകയാണെന്ന് ഉൽഘോഷിക്കുന്നവരാണ് ഇരുവിഭാഗം മുജാഹിദുകളും – സമുദായത്തെ ബാധിച്ചിട്ടുള്ള ധാർമ്മിക ലോപത്തിന്റെയും ആദർശശൂന്യതയുടെയും ചിത്രം ഏതൊരാളെയും ഞെട്ടിപ്പിക്കുന്നതാണ്. "ഇസ്ലാം അതിന്റെ പേരിലും ഖുർആൻ അതിന്റെ ലിപികളിലും മാത്രമായി അവശേഷിക്കു"മെന്ന തിരുനബി(സ)യുടെ പ്രവചനം പ്രത്യക്ഷരം പൂർത്തിയായതായി ആണയിടുന്ന യുവ മുജാഹിദുകൾ ജ്ഞാനപ്രബുദ്ധരായ തങ്ങളുടെ പണ്ഡിതന്മാരെപ്പോലും രോഗം പിടികൂടിയിരിക്കുന്നുവെന്ന് 'നീലപുസ്തക'മിറക്കി സമർത്ഥിക്കുമ്പോൾ, പരിഹാരമാർഗ്ഗത്തെ സംബന്ധിച്ച് ഖുർആനും ഹദീസും പറയുന്നില്ലെന്ന് ഫത്വ ചെയ്യുന്നത് കാണുമ്പോൾ ആശ്ചര്യം തോന്നുന്നു. രോഗമുണ്ട്; ഔഷധമില്ല. ദാഹമുണ്ട്; തെളിനീരില്ല എന്ന് പറയുന്നത് ഉത്തമ ഉമ്മത്തിന് ചേർന്നതാണോ? – കാരുണ്യവാനായ അല്ലാഹു അധഃപതനത്തിന്റെയും ഭിന്നതകളുടെയും തീരാദുരിതത്തിന്റെയും കരകാണാക്കയത്തിൽ

മുങ്ങിത്താഴുന്ന മുസ്‌ലിം ഉമ്മത്തിന്ന് രക്ഷയുടെ കയർ നീട്ടിക്കൊടുത്തപ്പോൾ, ധിക്കാരപൂർവ്വം തട്ടിയകറ്റുന്ന പുരോഹിതവർഗ്ഗം, യഹൂദസമുദായത്തിന്റെ ചരിത്രം ഓർക്കുന്നത് നന്ന്.

വിശുദ്ധ ഖുർആനും തിരുനബി (സ)യും ഉമ്മത്തിന്റെ അപചയങ്ങളെ സംബന്ധിച്ച് പ്രസ്താവിച്ച സന്ദർഭങ്ങളിൽതന്നെ പരിഹാരമാർഗ്ഗത്തെ സംബന്ധിച്ചും സുവിശേഷം നൽകിയിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം – വിശുദ്ധ ഖുർആൻ പറയുന്നു: "അല്ലാഹുവിന്റെ സ്മരണക്കായും അവനിൽ നിന്നിറങ്ങിയ സത്യത്തിനു വേണ്ടിയും അവരുടെ ഹൃദയങ്ങൾ അലിവുള്ളതായിത്തീരാനും മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവരെപ്പോലെ ആകാതിരിക്കാനും വിശ്വാസികൾക്ക് ഇനിയും സമയമായിട്ടില്ലേ? മുമ്പ് വേദം നൽകപ്പെട്ടവർ ദീർഘകാലം കഴിഞ്ഞപ്പോൾ അവരുടെ ഹൃദയങ്ങൾ കടുപ്പമുള്ളതായിപ്പോയി. അവരിലധികം പേരും ആജ്ഞാലംഘകരത്രേ" (57:17). പ്രസ്തുത വചനത്തിൽ മുസ്‌ലിം ഉമ്മത്ത് യഹൂദി-നസാറാക്കളെ അനുപദം പിന്തുടരുന്ന ദുർഘട കാലഘട്ടത്തെ സംബന്ധിച്ച് ദീർഘദർശനം ചെയ്യുന്നു – നബി(സ) തിരുമേനി വളരെ വ്യക്തമായ നിലയിൽ പ്രസ്തുത ആയത്തുകൾക്ക് വിശദീകരണം നൽകുകയുണ്ടായി. തിരുനബി(സ) അരുൾ ചെയ്യുന്നു: "ഒരു ജോടി ചെരിപ്പ് പരസ്പരം സദൃശമായിരിക്കുന്നതുപോലെ ഇസ്രായേല്യരിൽ സംഭവിച്ചതൊക്കെയും തീർച്ചയായും എന്റെ സമുദായത്തിലും സംഭവിക്കും. ഇസ്രായേല്യർ 72 കക്ഷികളായിപ്പിരിഞ്ഞു. എന്റെ ഉമ്മത്ത് (ഒരടി കൂടി മുമ്പോട്ട് വെച്ച് കൊണ്ട്) 73 കക്ഷികളായിപ്പിരിയും. അവരിൽ ഒരു കക്ഷി ഒഴികെ മറ്റെല്ലാവരും നരകത്തിലായിരിക്കും..." (മിശ്കാത്ത്) വീണ്ടും അരുളുന്നു: "ജനങ്ങളിൽ ഒരു കാലം വരും. അന്ന് ഇസ്‌ലാമിന്റെ നാമവും ഖുർആനിന്റെ ലിപിയും മാത്രം ശേഷിക്കും. അവരുടെ പള്ളികൾ ജനബഹുലമായിരിക്കുമെങ്കിലും സന്മാർഗ്ഗം അവിടെ ഉണ്ടായിരിക്കുന്നതല്ല. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിലെ ഏറ്റവും ശർറുകൾ ആയിരിക്കും – ഫിത്നകൾ അവരിൽ നിന്ന് പുറപ്പെടുകയും അവരിലേക്ക് തന്നെ മടങ്ങുകയും ചെയ്യും." (മിശ്കാത്ത്) ഇപ്രകാരം സമുദായത്തിന്റെ ദുർഗതിയെ സംബന്ധിച്ച് അല്ലാഹുവും റസൂലും മുന്നറിയിപ്പ് നൽകുന്നു. പ്രസ്തുത വചനങ്ങളെല്ലാം മുസ്‌ലിം പണ്ഡിതന്മാരും സംഘടനകളും തങ്ങളുടെ തഫ്സീറുകളിൽ ചർച്ച ചെയ്യുന്നു. എന്നാൽ വിശുദ്ധ ഖുർആൻ തൊട്ടടുത്ത വചനത്തിൽ നൽകുന്ന ആശ്വാസവചനം ശ്രദ്ധിക്കാൻ ഇക്കൂട്ടർ എന്തുകൊണ്ട് തയ്യാറാവുന്നില്ല? വിശുദ്ധ ഖുർആൻ തുടരുന്നു: "നിശ്ചയമായും അല്ലാഹു ഭൂമിയെ അതിന്റെ മരണത്തിന്ന് ശേഷം ജീവിപ്പിക്കുന്നതാണ് എന്ന് നിങ്ങളറിയുക". (57:18). 17-ാം വചനത്തിൽ സൂചിപ്പിച്ചപോലെ യഹൂദസദൃശരായി ആത്മീയമരണം വരിച്ച സമുദായത്തെ തന്റെ കാരുണ്യവർഷം മുഖേന പുനർജീവിപ്പിക്കുമെന്ന് അല്ലാഹു ഇവിടെ സാന്ത്വനം നൽകുന്നു. പ്രസ്തുത വചനത്തിന്റെ വിശദീകരണമെന്നനിലയിൽത്തന്നെയാണ് പ്രവാചകശ്രേഷ്ഠർ 'ഈസബ്നുമറിയ'മിന്റെയും ഇമാം മഹ്ദിയുടെയും വരവിനെ സംബന്ധിച്ചും ഇസ്‌ലാമിന്റെ ആഗോളവിജയത്തെ സംബന്ധിച്ചും സുവിശേഷമറിയിച്ചിട്ടുള്ളത്. വരുവാനുള്ള ഈസബ്നുമറിയമും ഇമാം മഹ്ദിയും തിരുനബിയുടെ ഉമ്മത്തിൽ നിന്ന് നിയോഗിതനാവുന്ന ഒരു ഉൽകൃഷ്ടവ്യക്തിയാണെന്ന കാര്യവും വിശുദ്ധ ഖുർആനും തിരുഹദീസുകളും സാക്ഷീകരിക്കുന്നു. അഹ്മദിയ്യാ സാഹിത്യങ്ങളിൽ വിശദമായ നിലയിൽ പ്രതിപാദിക്കപ്പെട്ട പ്രസ്തുത വിഷയം കൂടുതൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

'മുഅമിനു'കളുടെ ദുരവസ്ഥയെ സംബന്ധിച്ചും, പരിഹാരമാർഗ്ഗത്തെ സംബന്ധിച്ചും പരാമർശിക്കുന്ന മറ്റൊരു ഖുർആൻ സൂക്തമിതാണ്. "നല്ലതിൽ നിന്നും ചീത്തയെ (ഉത്തമന്മാരിൽ നിന്ന് അധമന്മാരെ) വേർതിരിക്കാതെ കണ്ട് നിങ്ങൾ ഇപ്പോഴുള്ള അവസ്ഥയിൽ അല്ലാഹു വിശ്വാസികളെ വിട്ടുകളയുകയില്ല തന്നെ. അദൃശ്യകാര്യങ്ങൾ അല്ലാഹു നിങ്ങൾക്ക് വെളിപ്പെടുത്തിത്തരികയുമില്ല. പക്ഷെ അല്ലാഹു തന്റെ ദൂതന്മാരിൽ നിന്ന് താൻ ഇച്ഛിക്കുന്നവരെ തിരഞ്ഞെടുക്കുന്നു......." (3:179). ഇവിടെ ഈ കാലഘട്ടത്തിന്റെ വ്യക്തമായ ചിത്രമാണ് ഖുർആൻ നൽകുന്നത്. അമീബ പോലെ പിളർന്നുകൊണ്ടിരിക്കുന്ന മുസ്‌ലിം സംഘടനകൾ സാധാരണക്കാരെ തങ്ങളുടെ പക്ഷത്തേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുമ്പോൾ ഉത്തമരേത് അധമരേത് എന്ന് തിരിച്ചറിയാൻ സാധിക്കാതെ അവർ അന്ധാളിച്ചിരിക്കുന്ന സ്ഥിതിയാണ് കാണുവാൻ കഴിയുന്നത്. ഇങ്ങനെ ഒരവസ്ഥ വന്നു ചേരുമ്പോൾ അല്ലാഹു താൻ ഇച്ഛിക്കുന്നവരെ ദൂതന്മാരായി തിരഞ്ഞെടുക്കുമെന്ന് ഇവിടെ വ്യക്തമായി പ്രസ്താവിക്കുന്നു. അങ്ങനെ സത്യവും അസത്യവും വ്യക്തമായി വേർതിരിക്കപ്പെടുന്നു. മുസ് ലിംകൾ ആദർശം കൈവെടിയുമെങ്കിലും പരിഹാരമാർഗ്ഗം നിർദ്ദേശിക്കപ്പെട്ടിട്ടില്ല എന്ന ശബാബ്കാരന്റെ വാദം പൊള്ളയാണെന്ന് ഇവിടെ വ്യക്തമാക്കുന്നു.

മഹ്ദി മസീഹിന്റെ ആഗമനം സംബന്ധിച്ച പ്രവചനത്തെ നിസ്സാരവൽക്കരിക്കുവാനുള്ള 'ശബാബി'ന്റെ നിഷ്ഫലശ്രമം കാണുക: "മഹ്ദി എന്നാൽ സന്മാർഗ്ഗചാരി എന്നാണർത്ഥം. സന്മാർഗ്ഗചാരികളായ പലരെ സംബന്ധിച്ചും ഹദീസിൽ പരാമർശമുണ്ട്. സന്മാർഗ്ഗചാരിയായ നേതാവിനെ മുസ്‌ലിംകൾ പിന്തുടരണം എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല". മുസ്‌ലിം ഉമ്മത്തിൽ അബൂബക്കർ സിദ്ദീഖ് (റ) തുടങ്ങി കോടിക്കണക്കിൽ സന്മാർഗ്ഗചാരികൾ ജന്മംകൊള്ളുകയുണ്ടായി. പിന്നെ എന്ത് ഒരു സന്മാർഗ്ഗചാരിയെ സംബന്ധിച്ച് അല്ലാഹുവിന്റെ പ്രവാചകൻ ഇത്ര ആണയിട്ടുപറയാൻ? എന്ന് ചിന്തിക്കാൻ 'ശബാബ്' പത്രത്തിലെ 'ബുദ്ധിജീവി'കൾക്ക് സമയം കിട്ടിയിട്ടുണ്ടാവില്ല. മുജാഹിദുകളുടെ

വ്യക്തമാവുന്നു. ഖുർആനിക പ്രകാശത്തിനു മുമ്പിൽ 'ശബാബി'ന്റെ ജല്പനങ്ങൾക്ക് എന്ത് വില?

നബി തിരുമേനി(സ) നിയോഗിക്കപ്പെട്ട കാലഘട്ടത്തിൽ ജീവിച്ചിരുന്ന ജൂത-ക്രൈസ്തവ പണ്ഡിതന്മാർ തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട പ്രവാചകന്റെ ആഗമനം സമീപസ്ഥമായിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും മതാനുയായികൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയുമായിരുന്നു. മാത്രമല്ല, നബി തിരുമേനി (സ)യെത്തന്നെ കുട്ടികാലത്ത് കാണുവാനിടയായ പുരോഹിതന്മാർ ഈ കുട്ടി വളർന്നുകഴിഞ്ഞാൽ പ്രവാചകനാവുമെന്ന് വേദങ്ങളിൽ രേഖപ്പെടുത്തപ്പെട്ട അടയാളങ്ങളുടെ അടിസ്ഥാനത്തിൽ അരുളുകയുണ്ടായ കാര്യം ഇസ്‌ലാമിക ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അങ്ങനെ പ്രവചിക്കപ്പെട്ട, പ്രത്യാശാപൂർവ്വം പ്രതീക്ഷിക്കപ്പെട്ട ആ പ്രവാചകൻ തങ്ങളിലേക്ക് ആഗതനായപ്പോൾ ജൂത-ക്രൈസ്ത പണ്ഡിതന്മാർ തള്ളിക്കളയുകയും, പിന്നീട് തങ്ങൾക്ക് അങ്ങനെ ഒരു പ്രവാചകനേ വരുവാനില്ല എന്ന നിഷേധവാദത്തിലേക്ക് വഴി മാറുകയും ചെയ്തു. ഇന്ന് വേദത്തിൽ അങ്ങനെ ഒരു പ്രവാചകന്റെ വരവിനെ സംബന്ധിച്ച് പ്രവചനം തന്നെ ഇല്ലെന്ന് യഹുദീ-നസാറാക്കൾ ഉൽഘോഷിക്കുന്നു. തന്റെ സമുദായം യഹൂദി-നസാറാക്കളെ അനുപാദം പിൻപറ്റുമെന്ന് തിരുനബി(സ) പ്രവചനം ചെയ്തിട്ടുണ്ടല്ലോ. അതിന്റെ പുലർച്ചയാണ് ഇവിടെ കാണുന്നത്. തിരുനബി(സ) പ്രവചനം ചെയ്ത മഹ്ദി-മസീഹിന്റെ ആഗമനം പതിനാല് നൂറ്റാണ്ട് കാലം ഇസ്‌ലാമിലെ മഹാത്മാക്കളും വലിമാരും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, ഇസ് ലാമിന്റെ ആഗോളവിജയത്തിന്റെ ആ സുവർണ്ണനാളുകളിൽ തങ്ങൾ ജീവിച്ചിരുന്നുവെങ്കിൽ എന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്യുകയുണ്ടായി. ഹ: അഹ്മദ് (അ)മിന്റെ സമകാലീനനായിരുന്ന, മുജാഹിദു

*(ശേഷം 38 -ാം പേജിൽ)*

താണ് യാഥാർത്ഥ്യം. തന്റെ സമുദായത്തിൽ ആഗതനാവുന്ന മഹാത്മാവിനെ സ്വീകരിക്കുന്ന കാര്യത്തിൽ ഒരുവിധ വിഷമവും ഉണ്ടാവരുതെന്ന് അവിടുന്ന് കരുതിക്കാണും.


വിശുദ്ധ ഖുർആൻ പരിശോധിച്ചാൽ 'മഹ്ദി,' എന്നും 'ഇമാം' എന്നും ഉള്ള വാക്കുകൾ പ്രവാചകന്മാരെ സംബന്ധിച്ചാണ് ഉപയോഗിച്ചതെന്ന് വ്യക്തമാവും വിശുദ്ധ ഖുർആൻ പറയുന്നു: "ഇബ്രാഹീമിനെ തന്റെ നാഥൻ ചില കല്പനകൾ വഴി പരീക്ഷിച്ച സന്ദർഭം - അപ്പോൾ അദ്ദേഹം അവയെ പൂർത്തിയാക്കി . അവൻ (അല്ലാഹു) പറഞ്ഞു: 'ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു.' അദ്ദേഹം പറഞ്ഞു: 'എന്റെ സന്തതികളിൽ നിന്നു (നേതാക്കന്മാരെ എഴുന്നേൽപിക്കേണമേ)' (2:125). ഇവിടെ ഇബ്രാഹിം നബിയും തുടർന്ന് അദ്ദേഹത്തിന്റെ സന്തതികളിൽ നിന്ന് ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്കൂബ്, യൂസുഫ് തുടങ്ങിയവരെല്ലാം പ്രവചാകന്മാരായിരുന്നു എന്ന കാര്യം സർവ്വർക്കും അറിവുള്ളതാണല്ലോ. കൂടാതെ സൂറഃഅമ്പിയാഅ്ൽ, ലൂത്ത്, ഇബ്രാഹിം, ഇസ്ഹാഖ്, യഅ്കൂബ് തുടങ്ങിയ പ്രവാചകന്മാരെ പേരെടുത്ത് പരാമർശിച്ച ശേഷം പറയുന്നു. "നാം അവരെ നമ്മുടെ കല്പനയനുസരിച്ച് (ജനങ്ങളെ) നയിക്കുന്ന നേതാക്കന്മാരാക്കുകയും ചെയ്തു" (21:74). സൂറഃബഖറയിൽ ആദമിനെയും ഇണയെയും ജന്നത്തിൽ നിന്ന് പുറത്താക്കിയ ശേഷം പറയുന്നത് "എന്നിൽ നിന്നുള്ള ഹിദായത്ത് നിങ്ങൾക്ക് തീർച്ചയായും വരും" എന്നാണ്. ഇവിടെ നുബുവ്വത്തിനെ സംബന്ധിച്ചാണ് ഹിദായത്ത് എന്ന് പറഞ്ഞതെന്ന കാര്യം വ്യക്തമാണല്ലോ. നുബുവ്വത്ത് ലഭിച്ച വ്യക്തിയെ നബി എന്ന് പറയുന്നത് പോലെ ഹിദായത്ത് ലഭിച്ച ആളെ മഹ്ദി എന്നും പറയുന്നു.ചുരുക്കത്തിൽ തിരുനബിയുടെ ഉമ്മത്തിൽ ആഗതരാവുന്ന 'ഇമാം മഹ്ദി' അല്ലാഹുവിന്റെ പ്രവാചകനാണെന്ന് വിശുദ്ധ ഖുർആൻ കൊണ്ട് തന്നെ

അർത്ഥകല്പനയനുസരിച്ച് നബി(സ) തിരുമേനിയെ സംബന്ധിച്ച പ്രവചനങ്ങളെ യഹൂദക്രൈസ്തവർ വ്യാഖ്യാനിച്ചാൽ അവർക്കെന്ത് പറയാനുണ്ടാവും? നബിതിരുമേനിയെ സംബന്ധിച്ച് "അദ്ദേഹത്തെ സംബന്ധിച്ച് അവരുടെ അടുക്കലുള്ള തൗറാത്തിലും ഇഞ്ചിലിലും രേഖപ്പെടുത്തപ്പെട്ടതായി അവർ കണ്ടെത്തുന്നു" (7:158) എന്ന് ഖുർആൻ പറയുന്നു തൗറാത്തിലും ഇഞ്ചീലിലും കണ്ടെത്താൻ കഴിയുന്ന പ്രവചനങ്ങൾ എന്തെല്ലാമാണ്? 'സത്യത്തിന്റെ ആത്മാവ്,' 'ആശ്വാസപ്രദൻ', 'കാര്യസ്ഥൻ,' 'പാറക്കലീത്ത്' എന്നൊക്കെയാണ്, സർവ്വലോകപ്രവാചകനും, സർവ്വകാലിക പ്രവാചകനും, സർവ്വശ്രേഷ്ഠ പ്രവാചകനും എല്ലാമായ ആ മഹാത്മാവിനെ സംബന്ധിച്ച് ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടത് എന്ന കാര്യം മുജാഹിദ് പ്രസ്ഥാനക്കാരും സമ്മതിക്കുന്നതാണല്ലോ. 'ശബാബി'ന്റെ ന്യായമനുസരിച്ച് അതൊന്നും ഒരു പ്രവാചകനെ സംബന്ധിച്ച പ്രവചനമല്ല എന്ന് ക്രിസ്ത്യാനികൾ വാദിക്കുമ്പോൾ എന്ത് മറുപടിയാണ് നിങ്ങൾക്ക് നൽകുവാനുള്ളത് എന്ന് അറിയുവാൻ കൗതുകമുണ്ട് - പ്രസ്തുത വിശേഷണങ്ങളെല്ലാം നബി(സ) തിരുമേനിയുടെ വിവിധ ഗുണങ്ങളെ സംബന്ധിച്ചും, ഉൽകൃഷ്ടതകളെ സംബന്ധിച്ചുമുള്ള വിവരണങ്ങളാണ് എന്നാണ് മറുപടിയെങ്കിൽ, പ്രവചനങ്ങളെല്ലാം തന്നെ അർത്ഥത്തിലാണ് എടുക്കേണ്ടതെന്നാണ് നിങ്ങളുടെ വാദമെങ്കിൽ, അതേ ന്യായമനുസരിച്ച് നബി(സ) തിരുമേനി തന്റെ സമുദായത്തിൽ ആഗതരാവുന്ന മഹാത്മാവിനെ സംബന്ധിച്ച് ചെയ്ത പ്രവചനങ്ങളും അപ്രകാരം തന്നെയാണെന്ന് ഞങ്ങൾ പറയുന്നു. എന്നു മാത്രമല്ല, തന്നെ സംബന്ധിച്ച് പൂർവ്വമതഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയതിലും വ്യക്തമായ നിലയിൽ മുസ്‌ലിം ഉമ്മത്തിന്റെ വിമോചകനായിരുന്ന മഹാത്മാവിനെ സംബന്ധിച്ച് നബിതിരുമേനി (സ) പ്രവചനം ചെയ്തിരിക്കുന്നു എന്നുള്ള

# ഹസ്റത്ത് മൗലവി ശേർ അലി സാഹിബ് (റ)

ദിൽദാർ അഹ്മദ്, കനഡ

**വിശുദ്ധ ഖുർആന്ന് ഏറ്റവും നല്ല ഇംഗ്ലീഷ് പരിഭാഷ നിർവ്വഹിച്ച പ്രതിഭാശാലിയായ ഹസ്റത്ത് ശേർ അലി സാഹിബ് (റ) വാഗ്ദത്ത മസീഹിന്റെ സാത്വികനായ ഒരു സഹാബിയായിരുന്നു.**



ഹസ്റത്ത് മൗലവി ശേർ അലി സാഹിബ് (റ) വാഗ്ദത്ത മസീഹി (അ) ന്റെ ഒരു പ്രമുഖ ശിഷ്യനായിരുന്നു. വാഗ്ദത്ത മസീഹ് (അ) ഒരു ദർശനത്തിൽ, തന്റെ അടുക്കൽ ഒരു മലക്ക് വന്നതായും തന്റെ പേർ ശേർ അലി എന്നാണെന്ന് വെളിപ്പെടുത്തിയതായും കണ്ടിരുന്നു. ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഇപ്രകാരം പ്രസ് താവിക്കുന്നു : "മൗലാനാ ശേർ അലിക്ക് മലക്കിന്റെ സ്വഭാവമായിരുന്നുവെന്നും ജനങ്ങൾ അദ്ദേഹത്തെ ഒരു മലക്കായി വിശേഷിപ്പിച്ചിരുന്നത് ഒരു പക്ഷേ, ദൈവിക നിർദേശമനുസരിച്ചായിരിക്കുമെന്നും എനിക്ക് ആത്മവിശ്വാസത്തോടെ പറയാൻ സാധിക്കും"

ഇപ്പോൾ പാകിസ്താനിൽ സ്ഥിതി ചെയ്യുന്ന സർഗോദ ജില്ലയിൽ ആദ്രെമ എന്ന വിദൂര ഗ്രാമത്തിൽ 1875 നവമ്പർ 24-ാം നു ഹസ്റത്ത് മൗലവി ശേർ അലി സാഹിബ് (റ) ഭൂജാതനായി. അദ്ദേഹത്തിന്റെ ബന്ധുവായ ഈ ലേഖകന്റെ ജന്മഗ്രാമവും അതു തന്നെയായിരുന്നു.

അദ്ദേഹത്തിന്റെ പിതാവ് മൗലവി നിസാമുദ്ദീൻ സാഹിബ് എല്ലാവരാലും ആദരിക്കപ്പെട്ടിരുന്ന ഒരു മതനേതാവായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഒരു മതഭക്തയും വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കിയ മഹതിയുമായിരുന്നു.

വാഗ്ദത്ത മസീഹ് (അ) തന്റെ ഗ്രന്ഥങ്ങളിൽ എടുത്തു പറഞ്ഞ 313 സഹാബാക്കളിൽ ഒരാൾ എന്നു ബഹുമതിയും ഹസ്റത്ത് മൗലവി ശേർ അലി സാഹിബി (റ) നുണ്ട്. ഈ രണ്ടു സഹോദരന്മാരും വിദ്യാർത്ഥികളായിരിക്കുമ്പോൾ തന്നെ അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നു. ഏറ്റവും വിശ്വസ്തരും അർപ്പണ മനോഭാവമുള്ളവരുമായ സഹാബാക്കളുടെ ഇടയിലാണ് അവർ വളർന്നു വന്നത്.

താങ്കളാണോ രണ്ടു സഹോദരന്മാരിൽ മൂത്ത ആൾ എന്ന് ഹസ്റത്ത് ഹാഫിസ് അബ്ദുൽ അലി സാഹിബിനോട് ആരോ ചോദിച്ചിരുന്നതായി പറയപ്പെടുന്നു.അദ്ദേഹം പറഞ്ഞു: "മൗലവി ശേർ അലിയാണ് വലിയ ആൾ. ഞാനാണ് ആദ്യം ഭൂജാതനായത്. "

22 വയസ്സുള്ളപ്പോൾ ഒരു കോളേജ് വിദ്യാർത്ഥിയായിരിക്കെ ഹസ്റത്ത് മൗലവി ശേർ അലി സാഹിബ് 1897ൽ ഖാദിയാനിൽ വരികയും വാഗ്ദത്ത മസീഹി (അ) ന്റെ കയ്യിൽ ബൈഅത്ത് ചെയ്യുകയുമുണ്ടായി. 1899 ൽ ലാഹോറിലെ ഫോർമൻ ക്രിസ്ത്യൻ

കോളേജിൽ നിന്ന് അദ്ദേഹം ബിരുദമെടുത്തു. പഞ്ചാബ് യൂനിവേഴ്സിറ്റിയിൽ അദ്ദേഹം ഏഴാം റാങ്ക് കരസ്ഥമാക്കി. പരീക്ഷാ ഫലപ്രഖ്യാപനം നടന്ന ഉടനെത്തന്നെ പഞ്ചാബ് ഗവൺമെന്റിന്റെ കീഴിൽ സിവിൽ ജഡ്ജിയായി അദ്ദേഹത്തിന് നിയമന വാഗ്ദാനം ലഭിച്ചു. എന്നാൽ അദ്ദേഹം തന്റെ ഹൃദയത്തിന്റെ ശബ്ദം ശ്രവിക്കുകയും കൂടുതൽ നല്ലതും മഹത്തരവുമായ ഒരു ജോലി സ്വീകരിക്കാൻ മനസ്സിലുറച്ചുകൊണ്ട് സിവിൽ ജഡ്ജി പദവിയിലേക്കുള്ള ഉദ്യോഗ വാഗ്ദാനം നിരാകരിക്കുയുമാണ് ചെയ്തത്. ഖാദിയാനിൽ പോയി വാഗ്ദത്ത മസീഹി (അ) ന്റെ കാൽക്കീഴിലിരുന്ന് ശിഷ്ട ജീവിതം ഇസ്‌ലാം മത സേവനത്തിനായി വിനിയോഗിക്കുവാനായിരുന്നു അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം. അതിനാൽ അദ്ദേഹം ഉടനെത്തന്നെ ഖാദിയാനിലേക്ക് യാത്രയായി. തന്റെ പിതാവ് വളരെയധികം ആഗ്രഹിച്ചിരുന്ന സിവിൽ ജഡ്ജി പദവി നിരാകരിക്കുന്നതിന് പിതാവ് തടസ്സമാകുമോ എന്ന ആശങ്ക അദ്ദേഹത്തിനുണ്ടായിരുന്നത് കാരണമായിരുന്നു എത്രയും പെട്ടെന്ന് ഖാദിയാനിലേക്ക് പോയത്.

ഖാദിയാനിൽ എത്തിയപ്പോൾ അദ്ദേഹം ഇസ്‌ലാംമത സേവനത്തിനായി സ്വയം അർപ്പണം ചെയ്തു. 1899 ൽ ആദ്യമായി ഖാദിയാനിലെ തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായി നിയമിതനായി. ആ പദവിയിൽ അദ്ദേഹം 1910 വരെ തുടർന്നു. ഹെഡ്മാസ്റ്റർ എന്ന നിലയിലുള്ള കൃത്യനിർവ്വഹണത്തിനുപുറമെ പണ്ഡിതോചിതമായ മറ്റു സേവനങ്ങളും അദ്ദേഹം നിർവ്വഹിച്ചു. അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾ അദ്ദേഹത്തെ എത്രത്തോളം സ്നേഹിച്ചുവെന്നാൽ, അദ്ദേഹത്തിന്റെ പേരു കേൾക്കുന്ന മാത്രയിൽ അവരുടെ ഹൃദയം സ്നേഹം കൊണ്ടു തുടിക്കുകയും നയനങ്ങൾ അശ്രുപൂർണ്ണങ്ങളുമായി. പാശ്ചാത്യ രാജ്യങ്ങളിൽ ഇസ്‌ലാം മത പ്രചാരണത്തിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുകയെന്നത് വാഗ്ദത്ത മസീഹി (അ) ന്റെ ഉൽക്കടമായ ആഗ്രഹമായിരുന്നു. ഈ ഉദ്ദേശ്യാർത്ഥം 'റിവ്യു ഓഫ് റിലീജ്യൻസ്' എന്ന പേരിൽ ഇംഗ്ലീഷിൽ ഒരു മാസിക ഖാദിയാനിൽ നിന്ന് പ്രസിദ്ധീകരണം ആരംഭിച്ചു. മൗലവി ശേർ അലി സാഹിബ് ഈ മാസികയിൽ പതിവായി എഴുതാറുണ്ടായിരുന്നു. ഈ മാസിക യൂറോപ്പിലും അമേരിക്കയിലും വളരെ ആധികാരികവും ഉന്നത നിലവാരം പുലർത്തുന്നതുമായി ഗണിക്കപ്പെട്ടിരുന്നു. വിശ്വപ്രശസ്തങ്ങളായ ലൈബ്രറികൾ ഇതിന്റെ വരിക്കാരായിരുന്നു. ഹസ്റത്ത് മുസ്‌ലിഹ് മൗഊദി (റ) ന്റെ ഖിലാഫത്തിന്റെ ആദ്യകാലങ്ങളിൽ ഹസ്റത്ത് മൗലവി ശേർ അലിസാഹിബായിരുന്നു അതിന്റെ പത്രാധിപർ.

ഹസ്റത്ത് മൗലവി ശേർ അലി സാഹിബ് ലളിത ജീവിതം നയിച്ച ആളായിരുന്നു. വളരെ ലളിതവും എന്നാൽ ശുചിത്വമുള്ളതുമായ വസ്ത്രങ്ങളായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. പാലിന് വേണ്ടി വളർത്തിയിരുന്ന എരുമകളെ മേച്ചിരുന്നത് അദ്ദേഹം തന്നെയായിരുന്നു. ഒരിക്കൽ അദ്ദേഹം എരുമകളെ മേച്ചിരുന്നപ്പോൾ ഒരു ഇംഗ്ലീഷുകാരൻ അദ്ദേഹത്തെ സമീപിച്ച് തനിക്ക് 'റിവ്യു ഓഫ് റിലിജ്യൻസ്' മാസികയുടെ പത്രാധിപരുടെ വീട്ടിലേക്കുള്ള വഴി കാണിച്ചുതരണമെന്നപേക്ഷിച്ചു. താൻ ഇന്ത്യയിലേക്ക് വന്നിരിക്കയാണെന്നും മാസികയുടെ സ്ഥിരം വായനക്കാരനാണെന്നും അതിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ലേഖനങ്ങൾ തന്നെ വളരെ ആകർഷിച്ചിരിക്കുന്നുവെന്നും അതിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ള ഭാഷയുടെ മനോഹാരിതയെ താൻ പ്രശംസിക്കുന്നുവെന്നും ആഗതൻ മൗലാനാ സാഹിബിനോടു പറഞ്ഞു. അതിനാൽ താൻ മാസികയുടെ പത്രാധിപരെ കാണാനാഗ്രഹിക്കുന്നുവെന്നറിയിച്ചു. പത്രാധിപരുടെ വീട് തനിക്കറിയാമെന്നും അതിനാൽ ആഗതനെ അങ്ങോട്ടേക്ക് കൊണ്ടുപോകുന്നതിൽ തനിക്കേറെ സന്തോഷമുണ്ടെന്നും മൗലാനാ സാഹിബ് പറഞ്ഞു. അങ്ങനെ മൗലവി സാഹിബ് എരുമകളെയെല്ലാം തൊട്ടടുത്ത വീട്ടിലേക്ക് തെളിച്ചുകൊണ്ടു പോയി.

ആ അതിഥി വീട്ടിലേക്കാനയിക്കപ്പെട്ടു. അനാർഭാടമായ സ്വീകരണമുറിയിൽ അല്പനേരം ഇരുന്നു. വീട്ടുകാർ അതിഥിയെ വേണ്ടവിധം സൽക്കരിച്ചു. അല്പ സമയം കഴിഞ്ഞപ്പോൾ മൗലവി സാഹിബ് ഔദ്യോഗിക വേഷത്തിൽ വന്ന് താൻ എന്ത് സേവനമാണ് ചെയ്യേണ്ടതെന്ന് ചോദിച്ചു. ആഗതൻ ഇപ്രകാരം പറഞ്ഞു: "സാർ, ഞാൻ മുമ്പേ പറഞ്ഞല്ലോ, റിവ്യൂ ഓഫ് റിലിജ്യൻസ്' മാസികയുടെ പത്രാധിപരെ കാണുകയാണെന്റെ ഉദ്ദേശ്യമെന്ന്." മൗലവി സാഹിബ് വളരെ ശാന്തസ്വരത്തിൽ ബോധിപ്പിച്ചു: "സർ, ഞാനാണ് ശേർ അലി, മാസികയുടെ പത്രാധിപർ!" പാശ്ചാത്യ രാജ്യങ്ങളിൽ ഇത്രയധികം ആദരിക്കപ്പെടുന്ന ഒരു മാസികയുടെ പത്രാധിപർ എത്രമാത്രം ലളിതമായ ജീവിതമാണ് നയിക്കുന്നതെന്നോർത്ത് ആ ഇംഗ്ലീഷുകാരൻ സ്തബ്ധനായിപ്പോയി.

'റിവ്യു ഓഫ് റിലീജ്യൻസി'ന്റെ പത്രാധിപരെന്ന നിലയിലുള്ള സേവനം നിർവ്വഹിച്ചശേഷം മൗലാനാ സാഹിബിന് ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഭരമേൽപ്പിച്ചത് വിശുദ്ധഖുർആൻ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്താനുള്ള അനുഗൃഹിത കർത്തവ്യമാണ്. മൗലാനാ സാഹിബിന്റെ ശിഷ്ട ജീവിതം ഈ പുണ്യകാര്യത്തിനായി വിനിയോഗിക്കപ്പെട്ടു. ഇംഗ്ലീഷുഭാഷയിൽ അദ്ദേഹം ഒരു ആധികാരിക പണ്ഡിതനായി അംഗീകരിക്കപ്പെട്ടു. അദ്ദേഹം പ്രയോഗിച്ചിരുന്ന ഒരു വാക്കോ ശൈലിയോ ചോദ്യം ചെയ്യപ്പെടാൻ വയ്യാത്തതായിരുന്നു. ഹസ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം. ഏ, മൗലവി അബ്ദുറഹിം ദർദ് സാഹിബ് എം. ഏ, മലിക്ക് ഗുലാം ഫരീദ് സാഹിബ് എം. ഏ. തുടങ്ങിയ പണ്ഡിതന്മാർ മൗലാനാ സാഹിബിന്റെ സഹപ്രവർത്തകരായി ഈ അനുഗൃഹിത കൃത്യത്തിൽ ഭാഗഭാക്കായി. വാർദ്ധക്യ സഹജമായ ബലഹീനതകൾ പരിഗണിക്കാതെ മൗലാനാ സാഹിബ് ഇക്കാര്യത്തിൽ ഭഗീരഥ പ്രയത്നം ചെയ്തു. തന്റെ ജീവിതകാലത്തുതന്നെ ഈ ജോലി പൂർത്തിയാക്കണമെന്നദ്ദേഹം

ആഗ്രഹിച്ചു. ഇക്കാര്യത്തിൽ കഠിനമായ ചൂടും കൊടും തണുപ്പും മഴയും മഞ്ഞും അദ്ദേഹം വകവെച്ചില്ല.

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഏറ്റവുമധികം വിശ്വാസമർപ്പിച്ചവരിൽ ഒരാളായിരുന്നു മൗലാനാ സാഹിബ്. ഹ്രസ്വമോ ദീർഘമോ ആയ കാലം തനിക്ക് ഖാദിയാനിൽ നിന്ന് പുറത്തേക്ക് പോകേണ്ടിവരുമ്പോൾ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) മൗലാനാ സഹിബിനെയായിരുന്നു ഖാദിയാനിലെ അമീറായി നിയമിച്ചിരുന്നത്. വളരെ പ്രധാനപ്പെട്ട ഒരു ചുമതലയായിരുന്നു അത്. പൂർണ്ണമായ അധികാരമുണ്ടായിട്ടും വളരെ വിനീതനായും കാരുണ്യത്തോടും കൂടിയായിരുന്നു മൗലാനാ സാഹിബ് ജനങ്ങളോട് പെരുമാറിയിരുന്നത്. അദ്ദേഹം തന്റെ അധികാര ശക്തി ഒരിക്കലും പ്രകടിപ്പിച്ചിരുന്നില്ല. മൗലാനാ സാഹിബ് ഖാദിയാനിലെ അമീറായിരിക്കുമ്പോൾ കണ്ട ഒരു ദൃശ്യം അദ്ദേഹത്തിന്റെ വിനയത്തിന്റെ ഉത്തമോദാഹരണമായി മലിക്ക് ഗുലാം ഫരീദ് സാഹിബ് വിവരിക്കുന്നു. ഒരു വെള്ളിയാഴ്ച ജുമുഅ ഖുത്ബയും നമസ്കാരവും കഴിഞ്ഞപ്പോൾ മൗലവിശേർ അലി സാഹിബ് സുന്നത്ത് നമസ്കരിക്കാൻ തുടങ്ങി. അദ്ദേഹം നമസ്കാരത്തിൽ നിമഗ്നനായിരിക്കെ എല്ലാവരും പള്ളിയിൽ നിന്നും പിരിഞ്ഞുപോയി. മലിക്ക് സാഹിബ് ഒരാളെ പ്രതീക്ഷിച്ചുകൊണ്ട് പള്ളിയിൽത്തന്നെ കുറച്ചുനേരം ഇരുന്നു. മൗലാനാ സാഹിബ് നമസ്കാരത്തിൽ നിമഗ്നനായിരിക്കെത്തന്നെ മലിക്ക് സാഹിബും പുറത്തേക്ക് പോയി. അല്പ സമയം കഴിഞ്ഞ് മലിക്ക് സാഹിബ് ചില സുഹൃത്തുക്കളോടൊപ്പം വീണ്ടും പള്ളിയിൽ വന്നു. അപ്പോൾ മൗലവി ശേർ അലി സാഹിബ് സ്വന്തം കരങ്ങൾ തലയിണയാക്കി വെച്ചുകൊണ്ട് പള്ളിയുടെ തറയിൽ ഗാഢനിദ്ര കൊള്ളുകയായിരുന്നു. അത് ഹൃദയസ്പർശിയായ ഒരു രംഗമായിരുന്നു. ഖാദിയാനിലെ അമീർ അതികഠിനമായ വേനൽക്കാലത്ത് പള്ളിയുടെ തറയിൽ ഒരു പരുക്കൻ പായയിൽ നിദ്ര കൊ ള്ളുന്നു! വികാരഭരിതനായ മലിക്ക് സാഹിബ് തന്റെ സുഹൃത്തുക്കളോട് പറഞ്ഞു: "ഇതാണ് ഞങ്ങളുടെ അമീർ. ഞങ്ങളെല്ലാം അദ്ദേഹത്തിന്റെ അനുസരണയുള്ള സേവകരാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹിനെ അനുസരിക്കുന്നതുപോലെത്തന്നെ ഞങ്ങൾ ഇദ്ദേഹത്തെയും അനുസരിക്കുന്നു. നോക്കുക, എത്ര വിനീതമായ അവസ്ഥയിലാണ് ഇദ്ദേഹം പള്ളിയുടെ തറയിൽ ശയിക്കുന്നത്!"

ഹസ്റത്ത് മൗലാനാ ശേർ അലി സാഹിബിന്റെ രണ്ട് സവിശേഷ സ്വഭാവ ഗുണങ്ങൾ ജമാഅത്തിൽ പ്രസിദ്ധമാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ അദ്ദേഹത്തിന്റെ ഈ സവിശേഷതകളെക്കുറിച്ച് പല സന്ദർഭങ്ങളിലും എടുത്തു പറയുകയുണ്ടായിട്ടുണ്ട്. അവയിലൊന്ന് ആരെങ്കിലും അദ്ദേഹത്തെക്കണ്ടാൽ "അസ്സലാമു അലൈക്കും" പറയുന്നതിന് മുമ്പ് അദ്ദേഹം "അസ്സലാമു അലൈക്കും" പറഞ്ഞിരിക്കും എന്നതാണ്. ഇക്കാര്യത്തിൽ ആർക്കും അദ്ദേഹത്തെ കവച്ചുവെക്കാൻ കഴിഞ്ഞിട്ടില്ലെന്ന് പറയപ്പെടുന്നു. ഒന്നാമനാകാൻ ശ്രമിച്ചിട്ടും തങ്ങൾക്കതിയിൽ വിജയിക്കാൻ സാധിച്ചിട്ടില്ലെന്ന് പലരും പ്രസ്താവിച്ചിട്ടുണ്ട്.

മൗലാനാ സാഹിബിൽ പ്രകടമായ സവിശേഷമായ ഈ നന്മയെക്കുറിച്ച് വ്യക്തിപരമായി എനിക്കുണ്ടായ ഒരനുഭവം ഞാൻ പറയാം. ഒരു ദിവസം ഞാൻ റബ്‌വയിൽ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് സാഹിബിനെ (അദ്ദേഹം ഖലീഫയാകുന്നതിന് മുമ്പ്) പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം മജ്‌ലിസ് അൻസാറുല്ലായുടെ സദർ ആയിരുന്നു. ഞാൻ റാവൽപിണ്ടിയിൽ നിന്നും കൂട്ടിക്കൊണ്ടുവന്ന അനഹ്‌മദികൾക്ക് വേണ്ടി ഒരു ചോദ്യോത്തര സദസ്സ് സംഘടിപ്പിക്കുകയായിരുന്നു ഞങ്ങളുടെ ഉദ്ദേശ്യം. ഹുസൂർ സൈക്കിളിൽ വരുന്നതുകണ്ട് ഞാൻ അദ്ദേഹം കേൾക്കത്തക്ക ദൂരത്തിലെത്തുമ്പോൾ 'അസ്സലാമു അലൈക്കും' പറയാൻ തയ്യാറായി നിൽക്കുകയായിരുന്നു. ഞാൻ 'അസ്സലാമു അലൈക്കും' പറയാൻ ഭാവിക്കുന്നതിന് മുമ്പെ ഹുസൂർ 'അസ്സലാമു അലൈക്കും' പറഞ്ഞു കഴിഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു. "താങ്കൾക്ക് മുമ്പെ 'അസ്സലാമു അലൈക്കും' പറയാൻ ഞാൻ ആവും വിധം ശ്രമിക്കുകയായിരുന്നു. അപ്പോഴേക്കും താങ്കൾ മുന്നിൽ ക്കടന്നുകളഞ്ഞു". അപ്പോൾ ഹുസൂർ പുഞ്ചിരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "ഈ സവിശേഷ സ്വഭാവം താങ്കളുടെ കുടുംബത്തിനവകാശപ്പെട്ടതാണെങ്കിലും." ഇതദ്ദേഹം ഹസ്റത്ത് മൗലവി ശേർ അലി സാഹിബിന് നൽകിയ ഒരു ബഹുമതിയായിരുന്നു.

ജമാഅത്തിൽ പ്രസിദ്ധമായ മൗലാനാ സാഹിബിന്റെ രണ്ടാമത്തെ സവിശേഷത നമസ്കാരത്തിൽ ഇമാമത്ത് വഹിച്ചുകൊണ്ട് സൂറ ഫാത്തിഹ ഓതുമ്പോൾ "ഇഹ്ദിനസ്സിറാത്വൽ മുസ്ത്തഖീം" എന്ന വാക്യം പല പ്രാവശ്യം ആവർത്തിക്കാറുണ്ടായിരുന്നു എന്നുള്ളതാണ്. ഈ സൂക്തം നിരവധി തവണ ആവർത്തിക്കപ്പെടുമ്പോൾ നമ്മുടെ സ്മൃതിപഥത്തിൽ വരുന്നത് ഗ്രാമഫോണിന്റെ സൂചി റിക്കോർഡിന്റെ ഒരു സ്ഥലത്ത് പിടിച്ചുപോകുമ്പോൾ ഉണ്ടാകുന്ന അനുഭവമാണ്. ജമാഅത്തായി നമസ്കരിക്കുമ്പോൾ ഇത്രയും തവണ ഈ സൂക്തം ആവർത്തിക്കുമ്പോൾ ഒറ്റക്ക് നമസ്കരിക്കുമ്പോൾ അദ്ദേഹം എത്ര പ്രാവശ്യമാണ് ഈ സൂക്തം ആവർത്തിക്കുകയെന്ന കാര്യം ചിന്താർഹമാണ്.

മൗലാനാ ശേർ അലി സാഹിബിന്റെ വിനയത്തിനുദാഹരണമായി ഒരു സംഭവം ഖാദിയാനിലെ മദ്രസ്സാ അഹ്‌മദിയ്യായിലെ അദ്ധ്യാപകനായിരുന്ന മൗലവി താജുദ്ദീൻ സാഹിബ്, ലായൽപുരി വിവരിക്കുന്നു: "മൗലവി ശേർ അലി സാഹിബ് ഖാദിയാനിൽ ദഅ്‌വത്തൊ തബ്‌ലീഗിന്റെ സിക്രട്ടരിയായിരിക്കുമ്പോൾ ജലന്ധർ ജമാഅത്ത് സംഘടിപ്പിക്കുന്ന 'സീറത്തുന്നബി' യോഗത്തിൽ പ്രസംഗിക്കാൻ ജലന്ധറിലേക്ക് പോകാൻ എനിക്ക് എഴുത്തു മുഖേന അദ്ദഹത്തിന്റെ ഉത്തരവ് കിട്ടി. അപ്പോൾ എനിക്ക് നല്ല പനിയായിരുന്നു. എന്നെ ഈ

കർത്തവ്യനിർവ്വഹണത്തിൽ നിന്നൊഴിവാക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ മറുപടിയയച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വീണ്ടും കത്ത് കിട്ടി. കത്തിൽ ഒപ്പിട്ടിരുന്നത് മൗലവി ശേർ അലി സാഹിബ്തന്നെയായിരുന്നു. ഞാൻ മെഡിക്കൽ സർട്ടിഫിക്കറ്റ് അയച്ചുകൊടുത്തു. മൂന്നാം ദിവസം, യോഗത്തിന് ഒരു ദിവസം മാത്രം ബാക്കിയുള്ളപ്പോൾ ഹസ്റത്ത് മൗലാനാ ശേർ അലി സാഹിബ് നേരിട്ട് എന്റെ വീട്ടിൽ വരികയും എന്റെ സുഖവിവരം അന്വേഷിക്കുകയും ചെയ്തു. അനന്തരം കുറച്ചു പണം എന്റെ കയ്യിൽത്തന്നുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഇത് ജലന്ധറിലേക്ക് പോകാനുള്ള വണ്ടിക്കൂലിയാണ്. ജമാഅത്ത് എന്റെ കയ്യിൽ തന്നയച്ചതാണ്. അവിടെ പ്രസംഗിക്കാൻ പോവാൻ അനുയോജ്യനായ മറ്റൊരാളെ കണ്ടെത്താൻ എനിക്ക് സാധിക്കാത്തതിനാൽ താങ്കൾ തന്നെ പോകണം എന്ന് ഞാൻ അപേക്ഷിക്കുന്നു. ഞാൻ താങ്കളുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കാം". മൗലവി സാഹിബിന്റെ വിനയാന്വിതമായ സംസാരം കേട്ടപ്പോൾ അദ്ദേഹത്തിന്റെ അപേക്ഷ നിരസിക്കാൻ എനിക്ക് കഴിഞ്ഞില്ല. പിറ്റേന്ന് പുലർച്ചെയുള്ള വണ്ടിക്ക് പുറപ്പെടാമെന്ന് ഞാൻ വാഗ്ദാനം ചെയ്തു. പിറ്റേന്ന് പ്രഭാതത്തിൽ ടിക്കറ്റെടുത്ത് ഞാൻ വണ്ടിയിൽ കയറാൻ ഭാവിക്കുമ്പോൾ മൗലവി സാഹിബ് പ്ലാറ്റ്ഫോറത്തിൽ സന്നിഹിതനായിരുന്നു. ഞാൻ അദ്ദേഹത്തിന് ഹസ്തദാനം ചെയ്തു. അപ്പോൾ ഹസ്റത്ത് മൗലവി സാഹിബ് എന്നെ ഒരു വശത്തേക്ക് മാറ്റി നിർത്തിയിട്ട് ഇപ്രകാരം പറഞ്ഞു. "ഞാൻ അറിവില്ലാത്ത ഒരു വിഡ്ഢിയാണ്. എനിക്കിഷ്ടമായിരുന്നില്ലെങ്കിലും ഗുമസ്തന്റെ ഉപദേശ പ്രകാരമാണ് ഞാൻ താങ്കളോട് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ പറഞ്ഞത്. ഞാൻ വളരെ ലജ്ജിതനാണ്. താങ്കളോട് ക്ഷമായാചന ചെയ്യാനാണ് ഞാനിവിടെ വന്നത്".

മൗലാനാ സാഹിബ് ഈ വാക്കുകൾ ആവർത്തിച്ചുകൊണ്ട് തന്നോട് നിരന്തരം ക്ഷമായാചന ചെയ്തതായി മൗലവി താജുദ്ദീൻ സാഹിബ് പറഞ്ഞിട്ടുണ്ട്. വാഗ്ദത്ത മസീഹ് (അ) തന്റെ അനുയായികളിൽ വരുത്തിയ പരിവർത്തനം എത്ര മഹത്തരമാണ്! 1899 ൽ ഇന്ത്യാ ഗവൺമെന്റിൽ നിന്ന് സിവിൽ ജഡ്ജിയുടെ ഉന്നതമായ പദവിയിലേക്ക് നിയമന വാഗ്ദാനം ലഭിച്ചിട്ട്, അത് നിരസിച്ച അതേ വ്യക്തിയാണ് മൗലാനാ സാഹിബ് എന്ന വസ്തുത ഇവിടെ നാം ഓർക്കണം.

അവസാനമായി ഞാൻ വിവരിക്കുവാൻ പോകുന്ന സംഭവം മത സേവനത്തിനായ ജീവിതം വഖഫ് ചെയ്ത സഹോദരൻ ബദർ സുൽത്താൻ സാഹിബ് നിവേദനം ചെയ്തതാണ്. അദ്ദേഹം ഹസ്റത്ത് മൗലാനാ സാഹിബിന്റെ ഒരു ബന്ധുവായിരുന്നു. ഒരിക്കൽ താൻ ഹസ്റത്ത് മൗലാനാ സാഹിബിന്റെ കൂടെ വാർഷിക സമ്മേളനത്തിന് പോയതായി സുൽത്താൻ സാഹിബ് പറയുന്നു. സമ്മേളന സ്ഥലത്തെത്തിയപ്പോൾ തലമുതിർന്ന എല്ലാവരും ഒരു സീറ്റു കിട്ടാൻ വേണ്ടി സ്റ്റേജിനടുത്തേക്ക് പോകുന്നതായിക്കണ്ടു. എന്നാൽ ഹസ്റത്ത് മൗലവി സാഹിബ് പാദരക്ഷകൾ സൂക്ഷിച്ചിടത്ത് ഒഴിവുനോക്കി ഇരുന്നു. താനത് ഇഷ്ടപ്പെടാഞ്ഞതിനാൽ ഹസ്റത്ത് മൗലവി സാഹിബിനോട് താനിപ്രകാരം ചോദിച്ചതായി സുൽത്താൻ സാഹിബ് പ്രസ്താവിക്കുന്നു: ''അമ്മാവാ, ആളുകളെല്ലാം മുന്നോട്ടു ഗമിച്ച് സ്റ്റേജിനടുക്കെ പ്രധാനപ്പെട്ട ഒരു സീറ്റു കിട്ടാൻ ശ്രമിക്കുമ്പോൾ താങ്കൾ എന്താണിവിടെ ഇരിക്കുന്നത്?'' ഹസ്റത്ത് മൗലാനാ സാഹിബ് ഇപ്രകാരം പറഞ്ഞു: "മകനേ, ഈ പാദരക്ഷകൾക്കടുത്തിരുന്നുകൊണ്ടു തന്നെ എനിക്ക് എല്ലാം കിട്ടി."

1947 ഒക്ടോബർ 20-ാം നു ഹസ്റത്ത് മൗലവി സാഹിബിനെ അസുഖം കാരണം ലാഹോറിലെ മേയോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശുക്ലഗ്രന്ഥിയിൽ ഒരു ശസ്ത്രക്രിയ നടത്തപ്പെട്ടു. അല്പ ദിവസങ്ങൾക്കു ശേഷം വീണ്ടും ഒരു ശസ്ത്രക്രിയ കൂടി നടക്കേണ്ടതായിരുന്നു. എന്നാൽ അതിനിടെ അദ്ദേഹത്തിന് അതിസാരവും ബ്രോങ്കൈറ്റിസും പിടിപെട്ടു. ഇത് അദ്ദേഹത്തിന്റെ രോഗം മൂർച്ഛിക്കാൻ കാരണമായി. അദ്ദേഹത്തിന്റെ അവസ്ഥ കൂടുതൽ മോശമായി. 1947 നവമ്പർ 3 നു വാഗ്ദത്ത മസീഹിനെ ഏറ്റവുമധികം സ്നേഹിച്ച, വിശുദ്ധ ഖുർആൻ ആദ്യമായി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ ആ മഹാ പുരുഷൻ ഈ ലോകത്തോട് വിട പറഞ്ഞു. അല്ലാഹു അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നൽകട്ടെ.

*അവലംബം: അഹ്മദിയ്യാ ഗസറ്റ്, കനഡ.*

**വിവ. കെ. വി ഹസ്സൻകോയ** ■

---

*(34 -ാം പേജിൽ നിന്ന് തുടർച്ച)*

കൾ 14-ാം നൂറ്റാണ്ടിലെ മുജദ്ദിദായിരുന്നുവെന്ന് വിശ്വസിക്കുന്ന അല്ലാമാ നവാബ് സിദ്ദീഖ് ഹസൻ ഖാൻ സാഹിബ് വരെയുള്ളവർ മഹ്ദി-മസീഹിന്റെ വരവിനെ സംബന്ധിച്ച് തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുകയുണ്ടായി. സിദ്ദീഖ് ഹസൻഖാൻ മഹ്ദി മസീഹിന്റെ ആഗമനമുണ്ടാവേണ്ടത് ഹിജ്റ 14-ാം നൂറ്റാണ്ടിലാണെന്ന കാര്യവും രേഖപ്പെടുത്തുകയുണ്ടായി. യഥാസമയം അല്ലാഹു ഹ:അഹ്മദി(അ)നെ മഹ്ദിമസീഹായി വ്യക്തമായ ദൃഷ്ടാന്തങ്ങളോടുകൂടി നിയോഗിച്ചയപ്പോൾ മുസ്‌ലിം പണ്ഡിതന്മാർ യഹൂദ പാരമ്പര്യം പിന്തുടർന്ന് നിഷേധിക്കുകയും, ഇന്നിപ്പോൾ തങ്ങൾക്ക് അങ്ങനെ ഒരു മഹ്ദിയൊന്നും വരാനില്ല, മസീഹിനെ പ്രതീക്ഷിച്ചിരിക്കേണ്ടതില്ല എന്ന അപകടകരമായ വാദം സ്വീകരിച്ചിരിക്കുകയുമാണ് 'ശബാബ്' കാരും സമാനമനസ്കരും എത്ര തന്നെ നിഷേധിച്ചാലും, എന്തെല്ലാം എതിർപ്പുകൾ സംഘടിപ്പിച്ചാലും മഹ്ദിമസീഹിന്റെ പ്രസ്ഥാനം ഇസ്‌ലാമിന്റെ ആഗോളവിജയമെന്ന പാവനലക്ഷ്യം പ്രാപിക്കുക തന്നെ ചെയ്യും, തീർച്ച. ■

ഭൂതകാലതാളുകളിൽ

# ഒരു സൃഷ്ടിയുടെ പശ്ചാത്തലവും കർമ്മനിരതനായ പത്രാധിപരും

കെ.പി. അഹ്മദ്

വർഷങ്ങൾക്ക് മുമ്പ്! ചുറ്റുമുള്ള വർണ്ണപ്രപഞ്ചത്തെ പാർശ്വവീക്ഷണം നടത്തുമ്പോൾ വീണു കിട്ടാറുള്ള ചില ഇതിവൃത്തങ്ങൾ കാല്പനികതയുടെ നിറക്കൂട്ടിൽ ചാലിച്ചെടുത്ത് ചെറുകഥകൾ രചിക്കുന്നതും, സംഗീതം പെയ്യുന്ന 'മെഹ്ഫിൽ ക്ലബ്ബുകളി'ൽ കയറിയിറങ്ങുന്നതും, വരകളും ചായങ്ങളും ജീവൻ നൽകുന്ന ചിത്രകലയോടുള്ള അഭിനിവേശവും എന്റെ പോയകാല ഹോബികളായിരുന്നു! ഗൗരവമർഹിക്കുന്ന ജീവിതവീക്ഷണമോ ലക്ഷ്യബോധമോ ഒന്നുമില്ലാതെ തൊണ്ണിടിഞ്ഞ വരമ്പിലൂടെ തെന്നിനടന്ന ആ യാത്രക്കിടയിലാണ് അഹ്മദിയ്യാ സിദ്ധാന്തങ്ങളിലേക്ക് ആകർഷിക്കപ്പെട്ടത്! എങ്കിലും, കുറഞ്ഞകാലം വിദൂരവീക്ഷകനായി മാറിനിൽക്കാനായിരുന്നു താൽപര്യം!

പിന്നീടുള്ള ഭാവനയിൽ ചിറകടിച്ചെത്തിയത് അഹ്മദികളുടെ പ്രശാന്തി മന്ദിരമായ കോഴിക്കോട് നഗരത്തിന്റെ പടിഞ്ഞാറുള്ള ദാറുസ്സലാമാണ്! ഒരു പ്രത്യേക കാഴ്ചപ്പാടിലാണ് ഞാനന്ന് ദാറുസ്സലാമിനെ കണ്ടിരുന്നത്! ചില ഇംഗ്ലീഷ് സിനിമകളിൽ പ്രത്യക്ഷപ്പെടാറുള്ള ഗുഹാവാസികളായ ആദിമ ക്രിസ്ത്യൻ വിശ്വാസികളുടെ ഒളിയറപോലെയായിരുന്നു അത്. എന്റെ ബന്ധുവും കോഴിക്കോട് ജമാഅത്തി ലെ പ്രിയങ്കരനായ അഹ്മദിയും നിസ്വാർത്ഥ സേവകനുമായിരുന്ന പരേതനായ വി.പി. മമ്മുസാഹിബുമായി പലപ്പോഴും സരസസംവാദങ്ങൾ നടത്താറുണ്ടായിരുന്നു! അന്നത്തെ പതിനഞ്ചോളം അഹ്മദിയ്യാ അനുഭാവികളുടെ കൂട്ടത്തിൽ മമ്മുക്കയും, എന്റെ ജ്യേഷ്ഠ സഹോദരൻ പരേതനായ കെ.പി. മുഹമ്മദുകോയ സാഹിബുമായിരുന്നു ദാറുസ്സലാമിൽ രഹസ്യമായി ജുമാനമസ്കാരത്തിനും നോമ്പുതുറക്കാനും പോകാറുണ്ടായിരുന്നത്. ഭയത്തിന്റേയും വെപ്രാളത്തിന്റെയും സമ്മിശ്രവികാരങ്ങളോടെയുള്ള അവരുടെ വരവും പോക്കുമാണ് ഗുഹാവാസികളുടെ ഈ സങ്കല്പത്തിന് നിമിത്തമായത്! മതവിശ്വാസകാര്യത്തിൽ വെറും 'ബ്ലാങ്ക് ചെക്ക് ലീഫായ' എന്നെ സംബന്ധിച്ചേടത്തോളം കളിയാക്കിച്ചിരിക്കാൻ വക നൽകിയ കോമഡികളായിരുന്നു അതൊക്കെ! അതുകൊണ്ടുതന്നെ ദാറുസ്സലാമിനെക്കുറിച്ച് ഒരു പറ്റം വിശ്വാസികൾ പാത്തും പതുങ്ങിയും നുഴഞ്ഞുകയറുന്ന ഒളിത്താവളത്തിന്റെ ചിത്രമായിരുന്നു മനസ്സിൽ!

ഒരു വർഷം കൊഴിഞ്ഞുവീണു! അപ്പോഴേക്കും 'പ്രശാന്തി മന്ദിരം' എനിക്കും പ്രിയങ്കരമായിത്തീർന്നു! പി ന്നീടു ആശയസംവാദങ്ങളുടെ ഗോ ദയും മുറിവേറ്റ ചിന്തയുടെ ആതുരാലയവുമാണ് ദാറുസ്സലാമെന്ന് ഞാനറിഞ്ഞു. ഒരിക്കൽ ദാറുസ്സലാമിന്റെ ശാന്തസുന്ദരമായ പശ്ചാത്തലത്തിൽ, പകച്ചുനിൽക്കുന്ന ഒരു പകലിന്റെ പതിനൊന്നുമണിനേരത്ത് അടുത്ത സുഹൃത്തും സംഗീതപ്രിയനും പ്രത്യുല്പന്നമതിയും വിവാദതൽപ്പരനുമായ 'ബാപ്പു' എന്ന കെ. കോയട്ടി സാഹിബ് എന്നെ വലിയ മൗലവി സാഹിബിന് പരിചയപ്പെടുത്തി.

"മൗലവിസാഹിബേ, ഇത് നമ്മുടെ കെ.പി. മുഹമ്മദു കോയയുടെ അനിയൻ കെ.പി. അഹ്മദ് കോയ; ഒരു കഥാകൃത്താണ് ഇദ്ദേഹം."

ചന്ദ്രിക ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരുന്ന പരേതനായ പി.എ. മുഹമ്മദുകോയയാണ് കെ.പി. അഹ്മദ് കോയ എന്ന എന്നെ കത്രിക വെച്ച് കെ.പി. അഹ്മദാക്കിയത്.

വിശ്രമിച്ചുകൊണ്ടിരുന്ന മൗലാനാ ബി. അബ്ദുല്ലാഹ്സാഹിബ് എച്ച്.എ. മെത്തയിൽ എഴുന്നേറ്റിരുന്നു. പ്രതിഭാധനനായ ആ പണ്ഡിതന്റെ പ്രതികരണമറിയാൻ ഞങ്ങൾ കാതോർത്തു! നിമിഷങ്ങൾ പിന്നിട്ടപ്പോൾ അദ്ദേഹത്തിന്റെ ശാന്ത ഗംഭീരമായ ശബ്ദം ഉയർന്നു.

"എഴുത്ത് ഒരനുഗ്രഹമാണ്. അത് ഗിഫ്റ്റായി കിട്ടുന്നതുമാണ്. എങ്കിലും അത് നല്ല രീതിയിൽ ഉപയോഗപ്പെടുത്തുമ്പോഴാണ് പ്രയോജനപ്പെടുന്നതും പുണ്യമാകുന്നതും! എന്നുവെച്ച് നിങ്ങളെഴുതുന്ന കഥകളിലൊക്കെ നമസ്കരിക്കാനും നോമ്പെടുക്കാനും എഴുതണമെന്നല്ല ഞാൻ പറയുന്നത്. കഴിയുന്നതും ലേഖനങ്ങൾ എഴുതാൻ ശ്രമിക്കുക."

മുഖസ്തുതിയോ കൃത്രിമത്വമോ ഇല്ലാത്ത അദ്ദേഹത്തിന്റെ വാക്കുകളും നിർദ്ദേശവും എനിക്ക് പുത്തൻ പ്രചോദനമായിരുന്നു! ഒരു 'സൃഷ്ടി'യുടെ പ്രേരക ശക്തിയായും പശ്ചാത്തലമായും പിന്നീടത് പരിണമിക്കുകയുണ്ടായി! മാസങ്ങൾക്ക് ശേഷമുള്ള എന്റെ തൂലികാവ്യായാമത്തിന്റെ വിയർപ്പിൽ 'ഗാഢനിദ്ര' എന്ന കൊച്ചു ലേഖനം പൊടിഞ്ഞുവന്നു! ഇടക്കിടെ കഥാശൈലി എത്തിനോക്കുന്ന ഒരു സങ്കരസന്തതിയായിരുന്നു അത്! ഏതായാലും അതൊരു വഴിത്തിരിവിന്

*(ശേഷം 41-ാം പേജിൽ)*

കുറിപ്പുകൾ
മുസാഫിർ

# യൂറോപ്പിനെയാകെ പ്രകമ്പനം കൊള്ളിച്ച സ്പെയിൻ സ്ഫോടനം

കഴിഞ്ഞ മാർച്ച് 11 ആയിരുന്നു സ്പെയിനിന്റെ സെപ്റ്റംബർ 11. അതായത് 2001 സെപ്റ്റംബർ 11 ന് അമേരിക്കയിലെ ട്രെയിഡ് സെൻറർ ഭീകരാക്രമണത്തെ അനുസ്മരിപ്പിക്കുന്ന സ്ഫോടന പരമ്പരകളായിരുന്നു മാർച്ച് 11 ന് സ്പെയിനിന്റെ തലസ്ഥാനമായ മാൻഡ്രിഡിൽ നടന്നത്. സ്ഫോടനത്തിൽ 202 പേർ മരിക്കുകയും 1500 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഈ സ്ഫോടനം സ്പെയിനിലെ ആഭ്യന്തര രാഷ്ട്രീയത്തെ മാറ്റിത്തിരുത്തി എന്നു മാത്രമല്ല ആ സ്ഫോടനത്തിന്റെ ഷോക്ക് വെയ്വ് (ആഘാത തരംഗങ്ങൾ) യൂറോപ്പിനെയും അമേരിക്കയെയും പ്രകമ്പനം കൊള്ളിക്കുകയാണ്. സ്ഫോടനം നടത്തിയത് സ്പെയിനിലെ വിഘടന വാദി സംഘടനയായ E.T.A. ആണെന്നായിരുന്നു സ്പെയിൻ പ്രധാനമന്ത്രി ജോസ് മാരിയോ അസ്നാർ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയത്. പക്ഷേ, ആ ആരോപണം അടിസ്ഥാന രഹിതമാണെന്ന് തെളിയുകയും അൽഖ്വയിദ സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തതോടെ സംശയത്തിന്റെ എല്ലാ മുനകളും അൽഖ്വയിദയുടെ നേരെയാണ്. അന്വേഷണവും ആ വഴിക്ക് നീങ്ങുന്നു. മുസ്ലിം തീവ്രവാദികളാണ് സ്ഫോടനം നടത്തിയതെന്ന് ഏറെക്കുറെ വ്യക്തമായിട്ടുണ്ട്.

സ്ഫോടനം കഴിഞ്ഞ് നാല് ദിവസത്തിന് ശേഷം മാർച്ച് 15 ന് നടത്തിയ തിരഞ്ഞെടുപ്പിൽ പോപ്പുലർ പാർട്ടിയുടെ നേതാവും അമേരിക്കയുടെ ശക്തനായ സഹയാത്രികനുമായിരുന്ന പ്രധാനമന്ത്രി ജോസ് മാരിയോ അസ്നാർ പരാജയപ്പെടുകയും സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാവും അമേരിക്കയുടെ ഇറാഖ് യുദ്ധത്തിന്റെ രൂക്ഷ വിമർശകനുമായ ജോസ് ലൂയീസ് റോഡറിഗ്വിസ് സെപാറ്ററോ വിജയിക്കുകയും ചെയ്തു. വിജയിച്ച് ഇരുപത്തിനാലു മണിക്കൂറിനകം സെപാറ്ററോയുടെ അമേരിക്കൻ വിരുദ്ധ പ്രസ്താവന വരികയുണ്ടായി. 'ഇറാഖ് യുദ്ധം ഒരു ദുരന്തമായിരുന്നു ആ ദുരന്തം ഇപ്പോഴും തുടരുകയും ചെയ്യുന്നു' എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന. തുടർന്ന് 'ഇറാഖിന്റെ ഭരണം ഐക്യരാഷ്ട്രസഭക്ക് കൈമാറണമെന്നും അടുത്ത ജൂൺ 30 നകം കൈമാറിയില്ലെങ്കിൽ സ്പെയിനിന്റെ 1300 ഭടന്മാരെ പിൻവലിക്കുമെന്നും' സെപാറ്ററോ പ്രഖ്യാപിക്കുകയുണ്ടായി. മാർച്ചിലെ തിരഞ്ഞെടുപ്പോടെ അമേരിക്കയുടെ ഭീകരവിരുദ്ധ പോരാട്ടങ്ങൾക്ക് യൂറോപ്പിൽ നിന്നുള്ള ശക്തനായ ഒരു കൂട്ടാളിയെ നഷ്ടപ്പെട്ടിരിക്കുകയാണ്. സ്പെയിനിലെ സ്ഫോടനവും തുടർന്ന് നടന്ന തിരഞ്ഞെടുപ്പു ഫലങ്ങളും അമേരിക്കയുടെ ഇറാഖ് കുറ്റകൃത്യങ്ങൾക്ക് കൂട്ടു പ്രതികളായി നിന്ന ബ്രിട്ടൺ, ഇറ്റലി, പോളണ്ട് എന്നീ രാജ്യങ്ങളെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചിരിക്കുകയാണ്. പോളണ്ട് പ്രധാനമന്ത്രി ലെസ്‌ലെക്ക് മില്ലർ സ്പെയിനിലെ ഈ ജനവിധി പോളണ്ടിൽ ഗുരുതരമായ സങ്കീർണതകൾ സൃഷ്ടിക്കുമെന്ന് തുറന്ന് പറയുകയുണ്ടായി. ഇറ്റാലിയൻ പ്രധാനമന്ത്രിയും ഉത്സാഹിയായ അമേരിക്കൻ പിണിയാളുമായ സിൽവിയോ ബെർലൂസ് കോനി സ്പെയിൻ തിരഞ്ഞെടുപ്പ് സ്ഫോടനത്തെപ്പറ്റി നിതാന്ത മൗനം ദീക്ഷിക്കുകയാണ്. അൽഖ്വയിദയുടെ അടുത്ത ലക്ഷ്യം ലണ്ടനോ, വാഴ്സയോ, റോമോ ആയിരിക്കാമെന്നും അതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടത് തങ്ങളാണെന്നും കരുതി ബ്രിട്ടൻ, ഇറ്റലി, പോളണ്ട് എന്നിവിടങ്ങളിലെ ഭൂപാലകന്മാർക്ക് മുട്ടുവിറക്കുകയാണ്. ഇറാഖ് കൂട്ട നശീകരണായുധങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്ന് യാതൊരു തെളിവുമില്ലാതെ തട്ടിവിടുകയും പിന്നീട് രക്തപുഴയൊഴുക്കി ആ രാജ്യം ആക്രമിച്ചു കീഴടക്കുകയും ചെയ്ത അമേരിക്കൻ നയങ്ങൾക്കും അതിനെ പിന്തുണച്ച തങ്ങളുടെ ഭരണകൂടത്തിനുമെതിരെയുള്ള സ്പെയിൻ ജനതയുടെ വിധിയെഴുത്തായിരുന്നു ഇത്. അങ്ങേയറ്റം അധാർമ്മികവും അനീതി പരവുമായ ഒരു പകൽക്കൊള്ളയായിരുന്നു അമേരിക്കയുടെ ഇറാഖ് യുദ്ധം. ആയുധ വ്യാപാരികളും എണ്ണക്കമ്പനികളും യഹൂദികളും ചേർന്ന് നടത്തിയ ഈ ഭ്രാന്തൻ യുദ്ധത്തെ കണ്ണും പൂട്ടി പിന്തുണച്ച് എന്തിന് സ്പെയിനിനെ തീവ്രവാദികളുടെ കുറിമാനമാക്കി മാറ്റി എന്നായിരുന്നു ജനങ്ങളുടെ ചോദ്യം. സ്ഫോടനത്തിൽ മരിച്ച ഒരു കുട്ടിയുടെ പിതാവ് അസ്നാറുടെ പോപ്പുലർ പാർട്ടിക്കാരനായിരുന്നിട്ടും മനമില്ലാമനസ്സോടെ സോഷ്യലിസ്റ്റ് പാർട്ടിക്ക് വോട്ട് ചെയ്യുകയായിരുന്നുവെന്ന് ഒരു അഭിമുഖത്തിൽ പറയുന്നു. (The Hindu. March 21) ജനമനസ്സാക്ഷിയുടെ ഈ പ്രതിഷേധം യൂറോപ്പിന്റെ അതിർത്തിയും കടന്ന് തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന അമേരിക്കയിലും അലയടിച്ചു കൂടായ്കയില്ല.

ഫ്രാൻസും ജർമ്മനിയുമായിരുന്നു യൂറോപ്യൻ യൂണിയന്റെ ചാലകശക്തി. ഈ രണ്ടു രാജ്യങ്ങളും അമേരിക്കയുടെ ആക്രമണ നയങ്ങളെ എല്ലാ വേദികളിലും വെച്ച് തുറന്നെതിർത്തിട്ടുമുണ്ട്. ഇതിന് പ്രതികാരമായി ഫ്രാൻകോ-ജർമ്മൻ അച്ചുതണ്ടിന് മേൽകയ്യുള്ള യൂറോപ്യൻ യൂണിയനെ തങ്ങളുടെ വെപ്പാട്ടിരാജ്യങ്ങളായ ബ്രിട്ടൺ, സ്പെയിൻ, ഇറ്റലി, പോളണ്ട് എന്നീ

രാജ്യങ്ങളുപയോഗിച്ച് ദുർബലമാക്കുകയായിരുന്ന അമേരിക്കൻ നയം. യൂറോപ്യൻ യൂണിയനെ 'ഓൾഡ് യൂറോപ്പ്' എന്നു പറഞ്ഞ് ഇടക്കിടെ പരിഹസിക്കാനും അമേരിക്ക മറന്നില്ല. ഈ അമേരിക്കൻ ബന്ധത്തിൽ നിന്നുമാണ് സ്പെയിൻ ഇപ്പോൾ മോചിതയായത്. സ്വാഭാവികമായും സ്പെയിൻ ഫ്രാങ്കേ ജർമ്മൻ പക്ഷത്തേക്ക് നീങ്ങാനാണ് സാദ്ധ്യത. അമേരിക്കയെ തള്ളിപ്പറഞ്ഞിട്ടും അവി ടെ സംഭവിച്ച ഈ ഭൂകമ്പങ്ങളൊന്നും അറിഞ്ഞില്ലെന്ന മട്ടിൽ വിജയിച്ച സോഷ്യലിസ്റ്റ് പ്രധാനമന്ത്രിയെ വിളിച്ച് ബുഷ് അമ്മാവൻ അഭിനന്ദനമറിയിച്ചിട്ടുണ്ട്. അമേരിക്കയും സ്പെയിനുമായുള്ള ബന്ധം പഴയതുപോലെ തുടരുമെന്നും ബുഷ് അറിയിക്കുകയുണ്ടായി.

അമേരിക്കയുടെയും ഇസ്രായിലിന്റെയും ഭ്രാന്തമായ യുദ്ധക്കൊതിയും അധിനിവേശ മനോഭാവവും ചൂഷണത്തിനുള്ള ആർത്തിയും യൂറോപ്യൻ ജനത തിരിച്ചറിഞ്ഞിട്ടുണ്ട്. ഫലസ്തീൻ ജനതയോട് ഇസ്രയേലും അമേരിക്കയും കാണിക്കുന്ന മനുഷ്യത്വരഹിതമായ അതിക്രമങ്ങൾ മനുഷ്യത്വം മരവിച്ചിട്ടില്ലാത്ത മന:സാക്ഷിയെ വേദനിപ്പിക്കുന്നതാണ്. ഫലസ്തീനികളുടെ ആത്മീയ നേതാവും 'ഹമാസ്' എന്ന വിമോചനപോരാളി സംഘടനയുടെ തലവനുമായ ശൈഖ് അഹ്മദ് യാസീനെ മിസൈൽ ആക്രമണത്തിലൂടെ കൊലപ്പെടുത്തിയത് ലോകത്തിലെ എല്ലാ സമാധാന കാംക്ഷികളെയും ഞെട്ടിച്ചിരിക്കുകയാണ്. കാറ്റ് വിതച്ചു കൊടുങ്കാറ്റ് കൊയ്യുന്ന ഈ യഹൂദ-യാങ്കി നയങ്ങൾ യുദ്ധ നിരതവും അശാന്തിനിറഞ്ഞതുമായ ഒരു ലോകത്തെയാണ് സൃഷ്ടിക്കുക. ഭീകരവാദം തനിയെ മുളച്ചുപൊങ്ങുന്നതല്ല. ഭീകരവാദം സൃഷ്ടിക്കപ്പെടുകയാണ് ചെയ്യുന്നത്. നീതി പുലരുന്ന ലോകത്ത് ഭീകരവാദത്തിന് സ്ഥാനമെവിടെ? വൻശക്തി രാഷ്ട്രങ്ങൾ അവരുടെ പ്രചാരണായുധങ്ങളും സഖ്യങ്ങളും ചേർന്ന് ശക്തിഹീനരായ രാജ്യങ്ങൾക്കെതിരെ ഭീകരാക്രമണങ്ങൾ അഴിച്ചുവിട്ട് അത് ലോകത്തെ രക്ഷിക്കാനാണെന്ന് പ്രചരിപ്പിക്കുകയാണ്. ഇത് ഭരണകൂട ഭീകരതയാണ്. ഇതിനെതിരെ ബലഹീനരും അസംഘടിതമായവരുടെ പ്രതികരണമാണ് ഭീകരത. മാധ്യമങ്ങളും സ്ഥാപിത താൽപര്യക്കാരും ഭരണകൂട ഭീകരതയെ അവഗണിച്ചുകൊണ്ട് സംഘടനകൾ നടത്തുന്ന ഭീകരതയെ മാത്രം അപലപിച്ചത് കൊണ്ട് കാര്യമായില്ല. രണ്ട് ഭീകരതകളും മനുഷ്യവംശത്തിന് അപകടകരമാണ്. യൂറോപ്യൻ ജനത അമേരിക്കയുടെ ഈ ഇരട്ടത്താപ്പിനെതിരെ സ്പെ യിനിൽ വെച്ച് പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുന്നു. സ്വന്തം ജനതയുടെ മനോവികാരം ഉൾക്കൊള്ളാൻ കഴിയാത്ത ഭരണകൂടങ്ങൾ ഒരു നാൾ ചില്ലുകൊട്ടാരം പോലെ തകർന്നടിയുമെന്നാണ് സ്പെയിൻ നൽകുന്ന പാഠം. യൂറോപ്യൻ ജനതയുടെ പുതിയ ദിശാബോധം കണ്ടറിഞ്ഞ് അമേരിക്കക്കെതിരെ ഒരു തിരുത്തൽ ശക്തിയായി മാറാൻ യൂറോപ്പിന് കഴിയുമാറാകട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം. ■

---

*(39 -ാം പേജിൽ നിന്ന് തുടർച്ച)*

തുടക്കം കുറിക്കട്ടേ എന്നു കരുതി സത്യദൂതൻ മാസികയിലേക്ക് അയച്ചു കൊടുക്കുകയും ചെയ്തു! പക്ഷെ; 'സത്യദൂതനി'ലേക്ക് പ്രസിദ്ധീകരണത്തിന്നയച്ച ആദ്യ സൃഷ്ടിയുടെ ആഗമനം വേഴാമ്പൽ മഴ കാത്തിരിക്കുന്നതുപോലെ നീണ്ടുപോയി! 'ഗാഢ നിദ്ര' എന്ന തലക്കെട്ടുപോലെ അത് എന്നെന്നേക്കുമായി പത്രാധിപരുടെ ചവറ്റുകൊട്ടയിൽ നിത്യമായ ഉറക്കത്തിന്റെ അന്ത്യവിശ്രമത്തിലാണെന്ന തോന്നൽ മനസ്സിൽ ഉടക്കിനിന്നു! മാസം നാലു കഴിഞ്ഞിട്ടും ലേഖനം വെളിച്ചം കണ്ടില്ല! മാസികയുടെ ഓരോ ലക്കവും അത്യാർത്തിയോടെ 'റാപ്പർ' പൊട്ടിക്കുമ്പോഴുണ്ടായ മനസ്സിന്റെ മദ്ദളം കൊട്ടു മാത്രം മിച്ചമായി! ഒടുവിൽ, പാളിപ്പോയ ശ്രമങ്ങളുടെ നഷ്ടത്തിന്റെ പട്ടികയിൽ ആ രചനയെ ഉൾപ്പെടുത്തി മൗനം പൂണ്ടു!

ഈ സന്ദർഭത്തിലാണ് തലശ്ശേരി – കണ്ണൂർ ഭാഗത്തേക്ക് ഒരു യാത്ര തരപ്പെട്ടത്! 'മിനാരത്ത് ഇംഗ്ലീഷ് ക്വാർട്ടർലി'യുടെ പത്രാധിപർ ജനാബ് എം. ആലിക്കോയ സാഹിബ് അഹ്മദിയ്യാ പ്രചാരണസംരംഭങ്ങൾക്ക് ഊർജ്ജം പകരാൻ പുതുമയുള്ള ഒരു പ്രദർശനത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്! ആശയങ്ങളും ചിത്രങ്ങളും കോർത്തിണക്കി കാണികളെ വിജ്ഞാനപ്രപഞ്ചത്തിലേക്ക് ആനയിക്കുകയായിരുന്നു പ്രദർശനത്തിന്റെ ലക്ഷ്യം! എന്നാൽ, അദ്ദേഹം മനസ്സിൽ സൂക്ഷിച്ച വിപുലമായ ആശയങ്ങൾ നൂറോളം ബോർഡുകളിൽ എങ്ങനെ പ്രദർശിപ്പിക്കണമെന്ന സാങ്കേതികവശത്തെക്കുറിച്ച് ഒരു പഠനം നടത്തേണ്ടതുണ്ടായിരുന്നു. ഈ ആവശ്യത്തിന് തലശ്ശേരി നഗരസഭ സംഘടിപ്പിച്ച മറ്റൊരു പ്രദർശനം കാണാനും, അഹ്മദിയ്യാ എക്സിബിഷന് രൂപം നൽകാനും ആലിക്കോയ സാഹിബ് എന്നേയും ക്ഷണിച്ചു. ഇന്നത്തെ 'അൽഖുർആൻ എക്സിബിഷ'ന്റേയും പഴയ 'അഹ്മദിയ്യാ എക്സിബിഷ'ന്റേയും ജനയിതാവായ അദ്ദേഹത്തോടൊപ്പമുള്ള യാത്രയിലാണ് കണ്ണൂർ സിറ്റിയിലെ 'ടാജ്മഹൽ' ഞാൻ ആദ്യമായി കാണുന്നത്.

അന്ന് 'ടാജ്മഹലി'ന്റെ കവാടം കടക്കുമ്പോൾ ഇരുപത്തിമൂന്നുകാരനായ ഒരു പുത്തൻ അഹ്മദിയുടെ കൗതുകമായിരുന്നു മനസ്സു നിറയെ! കേരള അഹ്മദിയ്യാ ചരിത്രത്തിന്റെ ഗർഭഗൃഹമായ കണ്ണൂരിന്റെ ചരിത്രശില്പികൾ ഇതാ കയ്യെത്താവുന്ന ദൂരത്ത്. പള്ളിയിൽ പ്രവേശിച്ചപ്പോൾ കണ്ടത് സത്യദൂതന്റെ മുഖ്യപത്രാധിപർ ജനാബ് എൻ. ഹാമിദ് സാഹിബിനെയാണ്. ഇസ്‌ലാം മതതത്വജ്ഞാനം എന്ന ഗ്രന്ഥം മലയാള ഭാഷാസാഹിത്യത്തിന്ന് സമ്മാനിച്ച പരിഭാഷകൻ! ഞാൻ ആദ്യമായി വായിച്ച അഹ്മദിയ്യാ സാഹിത്യവും അതായിരുന്നു!

ബഹുമാന ദൃഷ്ടിയോടെ സമീപിച്ചപ്പോൾ ശാന്തനും വിനയാന്വിതനുമായ അദ്ദേഹം മെല്ലെ പറഞ്ഞു:

"നിങ്ങളുടെ ലേഖനം നേരത്തെ കിട്ടിയിരുന്നു. പക്ഷെ; അതിൽ 'ആധു

വാർത്തകൾ

അനുസ്മരണം

# അഹ്മദി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ്

**ഖാദിയാൻ:** സയ്യിദ്നാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിന്റെ നിർദ്ദേശപ്രകാരം 7 ഉം 10 ഉം ക്ലാസുകളിലെ വാർഷിക പരീക്ഷകളിൽ 80 ശതമാനം മാർക്കോടെ വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് യഥാക്രമം 200 കയും 300 കയും പ്രതിമാസ സ്റ്റൈപ്പന്റ് ലഭിക്കുന്നതാണെന്ന് കേന്ദ്ര - തഅ്ലിം സെക്രട്ടറിയുടെ വിജ്ഞാപനത്തിൽ അറിയിക്കുന്നു.


2003-2004 അദ്ധ്യയന വർഷത്തിൽ 80 ശമാനം മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ അവർ പഠിക്കുന്ന സ്കൂളിലെ പ്രധാനാദ്ധ്യാപകന്റെ സാക്ഷ്യത്തോടെ അതാത് ജമാഅത്തിലെ അമീർ/പ്രസിഡന്റ് മുഖേന നാസിർ, തഅ്ലിം, ഖാദിയാനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള അപേക്ഷകൾ കേരള സുബായി അമീർ സാഹിബിന് അയച്ചുകൊടുക്കേണ്ടതാണ്.

## മലയാളി അഹ്മദിയെ തിരഞ്ഞെടുത്തു



**ലണ്ടൻ:** ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് അഹ്മദിയ്യാ ജമാഅത്ത് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ജനാബ് കെ. വി. വസിം അഹ്മദ് സാഹിബ്. കോഴിക്കോട് ജമാഅത്തിലെ ജനാബ് കെ. വി. ഹസ്സൻ കോയാ സാഹിബിന്റെ മൂത്ത പുത്രനാണ്. ■

## മഹ്മൂദ് സാഹിബ്



**പഴയങ്ങാടി:** പഴയങ്ങാടി ജമാഅത്തിലെ പഴയകാല അംഗമായിരുന്ന ജനാബ് അമ്പലത്തിൽ മഹ്മൂദ് സാഹിബ് (77) ഇക്കഴിഞ്ഞ ഫെബ്രുവരി 10-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ കണ്ണൂർ എ. കെ. ജി. ഹോസ്പിറ്റലിൽ നിര്യാതനായി. (ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ). രണ്ടാം ലോക മഹായുദ്ധത്തിൽ ഇന്ത്യൻ നേവിയിലായിരുന്ന മഹ്മൂദ് സാഹിബ് കുറച്ചുകൊല്ലം ദുബായിലും ജോലി ചെയ്തിരുന്നു. ജമാഅത്തിൽ സജീവമായി പ്രവർത്തിച്ചിരുന്ന ജ. മഹ്മൂദ് സാഹിബ് പഴയങ്ങാടി മാൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

മക്കൾ: മുഹമ്മദ് അലി, മുഹമ്മദ് അൻവർ, മുഹമ്മദ് അശ്റഫ്, താഹിർ അഹ്മദ്, ശരീഫ, ആരിഫ, ഹസീന. മരുമക്കൾ: ബശീർ അഹ്മദ്, സിയാവുദ്ദീൻ, സഫർ, റഫിഅഹ്മദ്, (നൗഷിർ) ബീന, ഹസീബ, റിഹാന. ആദ്യഭാര്യ മയിലാഞ്ചിക്കൽ കുഞ്ഞാമിനയും (മർഹൂമ) രണ്ടാമത്തെ ഭാര്യ കൂടാളിയിലെ ആമിനാബിയുമാണ്. ചൊവ്വാഴ്ച അസർ നമസ്കാരാനന്തരം പഴയങ്ങാടി അഹ്മദിയ്യാ കബർ സ്ഥാനിൽ മൃതദേഹം സംസ്ക്കരിച്ചു. അല്ലാഹു പരേതന് മഗ്ഫിറത്തും ആത്മശാന്തിയും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**എ. അലിക്കുഞ്ഞി, പഴയങ്ങാടി**

---

നിക റിപ്വാൻ വിങ്കിൾ മാർ' എന്ന ഒരു പരാമർശമുണ്ട്. ആ റിപ്വാൻ വിങ്കിളിനെ ഒന്ന് പരിശോധിക്കണമെന്ന് തോന്നി. അതാണ് വൈകിയത്. അടുത്ത ലക്കത്തിൽ അത് പ്രസിദ്ധീകരിക്കും."

ഹാമിദ് സാഹിബിന്റെ വാക്കുകളിൽ നിന്ന് ലേഖനം മരിച്ചിട്ടില്ലെന്നും, റിപ്വാൻ വിങ്കിളിന്റെ നീണ്ട ഉറക്കം പോലെ അത് ഗാഢനിദ്രയിലായിരുന്നുവെന്നും ബോദ്ധ്യമായി! എന്നാൽ എന്നെ ഏറെ അത്ഭുതപ്പെടുത്തിയത് ഇത്ര സൂക്ഷ്മമായും കണിശമായും 'മാറ്ററുകൾ' പരിശോധിക്കുന്ന പത്രാധിപരെക്കുറിച്ചാണ്! ഒരു ഉദാഹരണത്തിന്റെ സംശയം തീർക്കാനും, അതിനുള്ള ആശയപരമായ ബന്ധം ചികഞ്ഞെടുത്ത് പരിശോധിക്കാനും, ആ സിമ്പലിന്റെ ഔചിത്യമുഹൂർത്തം വിലയിരുത്താനും ദിവസങ്ങൾ കാത്തിരുന്ന് സത്യസന്ധമായ 'അക്ഷരങ്ങൾ' വായനക്കാർക്ക് നൽകണമെന്ന് നിർബന്ധമുള്ള കർമ്മനിരതനായ പത്രാധിപർ! പ്രസിദ്ധീകരത്തിന് കിട്ടുന്ന എല്ലാ സൃഷ്ടികളുടെ കാര്യത്തിലും അദ്ദേഹം കണിശക്കാരനായിരുന്നുവത്രെ! സൂക്ഷ്മദൃക്കും അഗാധജ്ഞനും അഹ്മദിയ്യാ ഉറുദുസാഹിത്യസാഗരത്തിന്റെ ആഴം കണ്ടെത്തിയ ആളുമായ അദ്ദേഹം, പിൽക്കാല തലമുറക്ക് പത്രപ്രവർത്തനം ആത്മസമർപ്പണമാണെന്ന് സ്വന്തം ജീവിതത്തിലൂടെ പാഠം നൽകിയ കർമ്മയോഗിയായിരുന്നു! അച്ചടി നിർവ്വഹിക്കുന്നതോടെ തന്റെ ദൗത്യം പൂർണ്ണമായെന്ന് അദ്ദേഹം കരുതിയിരുന്നില്ല! വായനക്കാരുടെ വിലാസങ്ങളെഴുതി 'റാപ്പർ' ഒട്ടിക്കുകയും, ഒരു മാസത്തെ 'സൃഷ്ടി'യുടെ ഭാരം ചുമന്ന് തപാലാപ്പീസിന്റെ പടിക്കൽ കാവൽ കിടക്കുകയും, ഒടുവിൽ അത് പോസ്റ്റു ചെയ്യുന്നതോടെ ആശ്വാസത്തിന്റെ നെടുവീർപ്പിടുകയും ചെയ്ത പത്രാധിപരായിരുന്നു അദ്ദേഹം!

ഹാമിദ് സാഹിബിന്റെ അനുഗൃഹീതമായ തൂലിക എഡിറ്റിങ്ങിലൂടെ നിർവ്വഹിച്ച ശസ്ത്രക്രിയകൾ 'ഗാഢനിദ്ര' എന്ന കൊച്ചുലേഖനത്തെ സംബന്ധിച്ചേടത്തോളം സ്നേഹസാന്ദ്രമായ തൂവൽസ്പർശവും, ഉണർത്തുപാട്ടിന്റെ ഉത്തേജനവും; പ്രോത്സാഹനത്തിന്റെ തലോടലുമാണെന്ന് എന്റെ മനസ്സ് ഇപ്പോഴും പറയുന്നു! ■